# സത്യദൂതൻ

2019 മെയ് | ലക്കം 05

വില ₹ 30



## വിശുദ്ധ റമദാൻ ഒരാത്മീയ വസന്തം

## ശതാബ്ദി ആഘോഷിക്കുന്ന കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

## നിലക്കാത്ത സ്ഫോടനങ്ങൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2019 മെയ്
ഹി.ശ.1399 - ഹിജറത്ത്
1440 ശഅബാൻ - റംസാൻ
പുസ്തകം 91 ലക്കം 5
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**റമളാന്റെ പ്രഭാവം**
**വർഷം മുഴുവൻ നിലനിർത്തുക**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു..) 2017 ജൂൺ 23ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

**13**
**ശരീരവും ആത്മാവും**
**രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് (അ)
ഭാഗം - 5

**18**
**ശതാബ്ദി ആഘോഷിക്കുന്ന കോഴിക്കോട് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത്**
എ.എം. മുഹമ്മദ് സലീം

**27**
**ചിറാലിറ്റി**
**അഥവാ പ്രകൃതിയിലെ പർശ്വീയത**
ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

**33**
**റമദാൻ:**
**അനുഗ്രഹവർഷത്തിന്റെ വസന്തകാലം**
മുഹമ്മദ് ഉമർ കോഴിക്കോട്

**35**
ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 3
**ഥിമ്മികളുടെ മൗലികാവകാശങ്ങൾ**
**ഭരണകൂടത്തിന്റെ ഉത്തരവാദിത്തം**
മാലിക്ക് സൈഫുർറഹ്‌മാൻ

**38**
**വിശുദ്ധ റമദാൻ –**
**ഒരാത്മീയ വസന്തം**
മഹ്‌മൂദ് കൽക്കുളം

**41**
കുറിപ്പുകൾ
**നിലക്കാത്ത സ്ഫോടനങ്ങൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി. (വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റുദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ. (2:184,185)

## നബിവചനം



അല്ലയോ ജനങ്ങളേ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസമാണിത്. ആ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു രാവുണ്ട്. ആ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. (മിശ്ക്കാത്ത്)

## വാഗ്ദത്ത മസീഹിന്റെ വചനം

‘ശഹറു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ’ എന്ന ആയത്തിൽ നിന്ന് പരിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനസംസ്ക്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയ ദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫി വര്യന്മാർ എഴുതിയിരിക്കുന്നു  നമസ്ക്കാരം ആത്മാവിന് മനസംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു.  ആത്മ സംസ്ക്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽ നിന്നുള്ള മോചനമാണ്. മനസംസ്ക്കരണമെന്നാൽ ആത്മ ദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം സാധിക്കലുമാണ്. ‘ഉൻസിലഫീഹിൽ ഖുർആൻ’ എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്വപൂർണമാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽ നിന്ന് തടഞ്ഞുനിർത്തുന്നു. എനിക്കോർമയുണ്ട് എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹലു ബൈത്തിന്റെ ചരിത്രത്തിൽ പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് ‘സൽമാനുൽ മിന്നാ അഹ്ലുൽ ബൈത്തി’എന്ന് അരുൾ  ചെയ്തിട്ടുണ്ട്. ‘സൽമാൻ’ എന്ന വാക്കിന് രണ്ടു വിധത്തിലുള്ള സമാധാനം എന്നാണർഥം അതായത് ആന്തരികവും ബാഹ്യവുമായ സമാധാനങ്ങൾ - ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവഹിക്കുക, വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്ക് തോന്നി. (മൽഫൂസാത്ത്)




എഡിറ്റോറിയൽ

# വ്രതം: ചിരപുരാതനമായ ഒരു ആത്മീയ സമ്പ്രദായം

ദൈവത്തിൽ നിന്ന് വെളിപ്പെട്ട എല്ലാ മതങ്ങളിലും വ്രതാനുഷ്ഠാനത്തിന്റെ അടയാളങ്ങൾ ദൃശ്യമാണ്. ഖുർആൻ പറയുന്നു:***'അല്ലയോ വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടത് പോലെ നിങ്ങൾക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം തഖ്‌വാ (ഭയഭക്തി)കൈ കൊള്ളുന്നതിന്ന് വേണ്ടി.'(2: 184)*** മറ്റൊരർഥത്തിൽ ഏതെങ്കിലും വിധത്തിലുള്ള വ്രതാനുഷ്ഠാനം അവശേഷിക്കുന്ന മതങ്ങളുണ്ടെങ്കിൽ ഇസ്‌ലാമിക ദൃഷ്ട്യാ അത്, ആ മതത്തിന്റെ ദൈവോത്ഭവ വാദത്തിന്നുള്ള തെളിവുകൂടിയാണ്.

ഇസ്‌ലാം വ്രതാനുഷ്ഠാനത്തെ ഒരു നിർബന്ധ കർമമാക്കി കൊണ്ട് മുസ്‌ലിംകളുടെ മതകീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റിയിരിക്കുന്നു. ദൈവഭക്തിയുടെ അളവുകോൽ ഭൗതിക മനുഷ്യന്റെ അളവു കോലല്ല. ഭൗതിക മനുഷ്യൻ കഷ്ടപ്പാടും പ്രയാസങ്ങളും ഭയപ്പെടുമ്പോൾ ദൈവസാമീപ്യം പ്രാപിച്ച സാത്വികർ അതിനെ നിസ്സംഗമായി സ്വാഗതം ചെയ്യാറാണ് പതിവെന്ന് വാഗ്ദത്ത മസീഹ് (അ) പറയുന്നു. മതങ്ങളുടെ ധാർമികവും ആത്മീയവുമായ മിക്ക മൂല്യങ്ങളും രൂപം കൊള്ളുന്നതും വളർന്നു വികസിക്കുന്നതും നിസ്വതയിലും പരിവർജനത്തിലും വിപരീത പരിതസ്ഥിതികളിലും പരീക്ഷണ വേളകളിലുമാണ്. ഖുർആൻ പറയുന്നു: ***' അൽപ്പമൊക്കെ ഭയം, വിശപ്പ്, ധന നഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ (പരിഭ്രമിക്കാതെ) നിശ്ചയമായും ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവങ്കലേക്ക് മടങ്ങുന്നവരുമാകുന്നു എന്ന് പറയുന്ന സഹന ശീലർക്ക് സുവാർത്ത അറിയിക്കുക ' (2:156-7)*** വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈയൊരു തത്ത്വം ചുരുക്കം വാക്കുകളിൽ വിശദീകരിക്കുന്നത് കാണുക: *'ദൈവ നിയുക്തന്മാരായ പ്രവാചകന്മാരും സത്യസന്ധരായ സദ്പുരുഷന്മാരും വിരോധികളുടെ കൈയ്യാലോ ദൈവവിധിയാലോ സഹിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളും ക്ലേശങ്ങളും തന്നെ. ഈ ദൃശമായ കഷ്ടാനുഭവം മൂലം മനുഷ്യ ഹൃദയത്തിൽ ജ്ഞാനരൂപമായി സ്ഥിതി ചെയ്തിരുന്ന മതനിർദേശങ്ങളും ധർമ ശാസനങ്ങളും അനുഷ്ഠാനത്തിൽ വരുകയും തദ്വാരാ അതുകൾ അനുഭവ ദശയെ അഥവാ പൂർണ്ണതയെ പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഹൃദയത്തിൽ സ്വരൂപിതമായ ഭാവനാജ്ഞാനങ്ങൾ യഥാവിധി ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നയാൾ ആ ദിവ്യമാർഗ്ഗോപദേശത്തിന്റെ മാതൃകാമൂർത്തിയായി തീരുന്നു ' (ഇസ്‌ലാം മത തത്വജ്ഞാനം.)*

വിശപ്പ് മനുഷ്യശരീരത്തെ സമൂലം ഗ്രസിക്കുന്ന ഒരു വികാരമാണ്. മനുഷ്യന്റെ സുഖാവസ്ഥയുടെ ഒരു വിപരീതാവസ്ഥ നോമ്പുകാരനിൽ സംജാതമാവുന്നു. വിശപ്പിന്റെ മൂർഛിതാവസ്ഥയിൽ വികാര വി ക്ഷോഭങ്ങളെ ആത്മസംയമനംകൊണ്ട് നോമ്പുകാരൻ നിയന്ത്രിച്ചു നിർത്തുന്നു. വ്രതനോവിനാൽ വിവശമാവുന്ന മനുഷ്യ ശരീരം ആത്മീയ ഫലങ്ങൾ വിളയിച്ചെടുക്കുന്ന കേദാരമാണ്. മഹാത്മാക്കളുടെ ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെ മൃദുലമായ കൊച്ചു മാതൃക നിസ്സാരന്മാരായ നമ്മുടെ ജീവിതത്തിലും വ്രതാനുഷ്ഠാനം കൊണ്ടുവരുന്നു. സ്രഷ്ടാവായ അല്ലാഹുവാണ് നോമ്പനുഷ്ഠിക്കാൻ മനുഷ്യനോട് പറഞ്ഞത്. അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് തന്റെ നാഥന്റെ ഈ ആജ്ഞ ശിരസാവഹിക്കുന്ന നോമ്പുകാരനോട് അല്ലാഹു സ്നേഹവായ്പോടെ നൽകിയ വാഗ്ദാനം ഇപ്രകാരമാണെന്നാണ് റസൂൽ തിരുമേനി(സ)പറഞ്ഞത്: ***'നോമ്പ് എനിക്കുള്ളതാണ് ഞാൻ തന്നെയാണ് അതിന്ന് പ്രതിഫലം നൽകുക.'***
***(ബുഖാരി)*** സമാഗതമായ പുണ്യ റമദാന്റെ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുമാറാകട്ടെ (ആമീൻ)



**ഹദ്റത്ത് അഹ്മദ് (അ)**

# മനുഷ്യാത്മാവിന്റെ മൂന്നവസ്ഥകൾ

മനുഷ്യാത്മാവിനെ മൂന്ന് വിധങ്ങളായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. ***നഫ്സുൽ അമ്മാറ*** അഥവാ ദോഷ പ്രവണമായ ആത്മാവ്, ***നഫ്സുല്ലവ്വാമാ*** അഥവാ സ്വയം ശാസകാത്മാവ്, **നഫ്സുൽ മുത്മയിന്ന** അഥവാ ശാന്തി പ്രാപിച്ച ആത്മാവ് എന്നിങ്ങനെയാണവ. ***നഫ്സെ സക്കിയ*** എന്നൊരു ആത്മാവ് കൂടിയുണ്ട്. പക്ഷേ അത് ശൈശവ കാലത്ത് പാപങ്ങളൊന്നും വന്നുഭവിക്കാത്ത അവസ്ഥയിലെ ആത്മാവാകുന്നു. അതിനാൽ അതിനെ ഒഴിവാക്കിക്കൊണ്ട് ബാല്യത്തിന് ശേഷമുള്ള മൂന്ന് ആത്മാക്കളെ സംബന്ധിച്ചാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. നഫ്സുൽ അമ്മാറയുടെ അവസ്ഥയിൽ മനുഷ്യൻ ശൈത്വാന്റെ ആത്മാവിന്റെ ദാസനായി തീരുന്നത് കൊണ്ട് ശാരീരികേച്ഛകൾക്ക് അടിമപ്പെടുന്നു. അടിമ യജമാനന്റെ കൽപ്പനകൾ ഉടനടി അനുസരിക്കാൻ സന്നദ്ധനായി നിൽക്കുന്നത് പോലെ ദുരാത്മാവിന്റെ കൽപ്പനകൾ ഉടനടി പ്രാവർത്തികമാക്കാൻ മനുഷ്യൻ തയ്യാറായി നിൽക്കുന്നു. ഈ സമയത്ത് മനുഷ്യൻ ദാസനെ പോലെ ആത്മാവ് പറയുന്നതെല്ലാം അപ്പടി അനുസരിക്കുന്നു. അത് കൊല്ലാൻ പറഞ്ഞാൽ കൊല ചെയ്യുന്നു. വ്യഭിചരിക്കാൻ പറഞ്ഞാൽ വ്യഭിചരിക്കുന്നു. മോഷണം നടത്താൻ പറഞ്ഞാൽ മോഷ്ടിക്കുന്നു. ചുരുക്കത്തിൽ ആത്മാവ് ഏതൊന്ന് കൽപ്പിക്കുന്നുവോ ആ നീചകൃത്യങ്ങളെല്ലാം അടിമയെ പോലെ ചെയ്തു കളയുന്നു. ഇതാണ് നഫ്സുൽ അമ്മാറയുടെ അവസ്ഥ.

അതിന് ശേഷം നഫ്സുല്ലവ്വാമയാകുന്നു. ഈ അവസ്ഥയിൽ പാപങ്ങൾ വന്നു ഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മനുഷ്യൻ ആത്മാവിനെ പഴിപറയുകയും പാപങ്ങളിൽ നിന്ന് മോക്ഷം ലഭിക്കാനായി പ്രയത്നിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. നഫ്സുലവ്വാമയിലെ ആളുകളുടെ അവസ്ഥ ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന വരുടേത് പോലെയാണ്. അതായത് ദുരാത്മാവുമായി സദാ പോരാടിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ ദുരാത്മാവ് ജയിക്കുന്ന കാരണത്താൽ കാലിടറി (പാപങ്ങളിലേക്ക്) വീഴുന്നു. മറ്റു ചിലപ്പോൾ സ്വയം ആത്മാവിന് മേൽ വിജയം വരിക്കുകയും (ദുഷ്പ്രവണതകളെ) അടിച്ചമർത്തുകയും ചെയ്യുന്നു. ഇവർ നഫ്സുൽ അമ്മാറയുടെ കൂട്ടരെക്കാൾ പുരോഗതി കൈവരിച്ചവരാകുന്നു.

നഫ്സുൽ അമ്മാറയുടെ കൂട്ടരും നായ, പൂച്ച പോലെയുള്ള മറ്റു മൃഗങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. വല്ല പാത്രവും കണ്ടാൽ അവറ്റകൾ അത് തനിക്കുള്ളതാണോ അല്ലേ എന്നൊന്നും ആലോചിക്കാതെ ഉടനെ അതെടുക്കാൻ തുനിയുന്നു. പക്ഷേ ലവ്വാമാക്കാരിൽ ഈ അവസ്ഥയില്ല. അവർ യുദ്ധത്തിന്റെ അവസ്ഥയിലാണ്. ചിലപ്പോൾ ദുരാത്മാവ് വിജയിക്കുകയും ചെയ്യുന്നു. പക്ഷേ പൂർണ വിജയം ഈ അവസ്ഥക്കാരിൽ ഇത് വരെ സംഭവിച്ചിട്ടില്ല.

എന്നാൽ മൂന്നാമത്തെ അവസ്ഥയായ നഫ്സുൽ മുത്മയിന്നയിൽ എല്ലാവിധ പോരാട്ടങ്ങളും അവസാനിക്കുകയും മനുഷ്യൻ ആത്മാവിന് മേൽ പൂർണ വിജയം കൈവരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെയാണ് അത് അതിന്റെ നാമം നഫ്സുൽ മുത്മയിന്ന അഥവാ ശാന്തി പ്രാപിച്ച ആത്മാവ് എന്നു വെച്ചിരിക്കുന്നത്. ഈ അവസ്ഥയിൽ അവർ അല്ലാഹുവിന്റെ അസ്തിത്വത്തിൽ യഥാർഥ വിശ്വാസം കൊള്ളുകയും ദൈവമുണ്ടെന്ന ദൃഢജ്ഞാനം കൈവരിക്കുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള വിശ്വാസം തന്നെയത്രെ നഫ്സുൽ മുത്മയിന്നയുടെ പരമസീമ. എന്തെന്നാൽ പരിപൂർണ ശാന്തിയും സമാധാനവും അല്ലാഹുവിലുള്ള പരിപൂർണ വിശ്വാസവുമുണ്ടായാൽ മാത്രമാണ് ഇത് ലഭ്യമാകുന്നത്. ***(മൽഫൂസാത്ത്. വാല്യം 6 പേ 243, 244) വിവ: അബു അയ്മൻ)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ജൂൺ 23ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# റമളാന്റെ പ്രഭാവം വർഷം മുഴുവൻ നിലനിർത്തുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

റമളാനിന്റെ അനുഗൃഹീത മാസം വരികയും വേഗം കടന്നു പോകുകയും ചെയ്തു. ഉഷ്ണാധിക്യമുള്ള ദീർഘമായ ദിനങ്ങൾ ആയിരുന്നിട്ടും ഇത്തവണ നോമ്പ് തീഷ്ണമായി അനുഭവപ്പെട്ടില്ലെന്നാണ് എന്നെ സന്ദർശിച്ചവർ പറഞ്ഞത്. ഇപ്രാവശ്യം ഇവിടേയും (ലണ്ടനിൽ) റെക്കോർഡ് ചൂടായിരുന്നു ഉണ്ടായിരുന്നത്. കഠിനമായ കാലാവസ്ഥയായിരുന്നിട്ടും വളരെ കുറച്ചാണ് അത്

അനുഭവപ്പെട്ടത്. പക്ഷേ, നോമ്പ് ഇപ്രാവശ്യം അസാധാരണമായ നിലയിൽ എളുപ്പത്തിൽ കഴിഞ്ഞു പോയിട്ടുണ്ടെങ്കിൽ അത് അല്ലാഹു നമ്മിൽ വർഷിച്ച കൃപയാണ്. നാം അല്ലാഹുവിന്റെ ഈ അനുഗൃഹീത ദിനങ്ങളിൽ എന്ത് കരസ്ഥമാക്കി എന്ന് ആത്മപരിശോധന നടത്തേണ്ട താണ്. അല്ലാഹു റമളാൻ മാസ ത്തിൽ ഏഴാമത്തെ ആകാശത്തു നിന്ന് താഴത്തെ ആകാശത്തിലേക്ക് വരുന്നു. തന്റെ ദാസരുടെ അടുത്താ യിക്കൊണ്ട് അവരുടെ ദുആകൾ കേൾക്കുന്നു. അല്ലാഹു ഈ ദിനങ്ങ ളിൽ നോമ്പ് പിടിക്കുന്നവരുടെ പ്രതിഫലമായി മാറുന്നു. അല്ലാഹു ഈ ദിനങ്ങളിൽ ശയ്ത്വാനെ ചങ്ങ ലക്കിടുന്നു. അല്ലാഹുവിന്റെ ഈ കൃപാവരങ്ങളിൽനിന്നും അവന്റെ കാരുണ്യങ്ങളിൽനിന്നും ഫലമെടു ക്കുന്നതിന് നമ്മൾ എന്താണ് ചെയ്തത്? നമ്മൾ അല്ലാഹുവിന്റെ കല്പനകളെ വിശ്വസിക്കുകയും അവന്റെ അധ്യാപനമനുസരിച്ച് ജീവിക്കുന്നതിനും കഴിഞ്ഞ കുറവു കളെല്ലാം ഉപേക്ഷിക്കുന്നതിനും എന്ത് പ്രതിജ്ഞ ചെയ്തു? എത്ര ത്തോളം മാറ്റങ്ങൾ നമ്മുടെ ഉള്ളിൽ ഉണ്ടാക്കി? നമ്മൾ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിച്ചത് കേവലം റമളാൻ കാരണത്താല ാണെങ്കിൽ, പിന്നീട് നമ്മൾ അലസ ന്മാരായാൽ അത് അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കലല്ല. നമ്മൾ ജുമുആകളിലുള്ള കൃത്യ നിഷ്ഠ റമളാൻ മാസംവരെ മാത്രം പരിമിതമാക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ കല്പനകൾക്ക് വഴങ്ങലല്ല. വിശുദ്ധ ഖുർആനിന്റെ പാരായണത്തെ റമളാൻ മാസത്തി ൽ മാത്രം നിർബന്ധമായി മനസ്സിലാ ക്കുകയും പിന്നീടതിലേക്ക് ശ്രദ്ധി ക്കാതിരിക്കുകയുമാണെങ്കിൽ അത് അല്ലാഹുവിന്റെ തൃപ്തിയനുസരിച്ചി ട്ടുള്ള നടത്തമല്ല. നമ്മൾ സ്വലാത്തും ദൈവസ്മരണയും റമ ളാൻ മാസത്തിൽ മാത്രം പരിമിതമാ ക്കുകയാണെങ്കിൽ ഇക്കാര്യം അല്ലാ ഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്ന തല്ല. നമ്മുടെ സൽസ്വഭാവങ്ങളും മറ്റു നന്മകളും റമളാൻമാസത്തിൽ മാത്രം നിർബന്ധമെന്ന് കരുതി ചെയ്യുകയാണെങ്കിൽ ഇതും അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹി ക്കുന്നതല്ല. റമളാൻ വരുന്നത് ഒരു പരിശീലനക്കളരി എന്ന നില യിലാണ്. റമളാൻ അല്ലാഹു നിർബ ന്ധമാക്കിയത് ഏതൊരു നന്മക ളാണോ നിങ്ങൾ അനുഷ്ഠിച്ചുകൊ ണ്ടിരിക്കുന്നത് അതിൽ കൂടുതൽ അഭിവൃദ്ധിപ്പെടാനാണ്. ഓരോ റമ ളാനും അവസാനിക്കുമ്പോൾ അത് നമ്മെ ആരാധനകളുടേയും നന്മക ളുടേയും പുതിയ ലക്ഷ്യസ്ഥാനങ്ങ ളിലും ഉയർച്ചകളിലും എത്തിക്കുന്ന താവണം. പിന്നീട് നമ്മൾ ആരാധ നകളുടേയും നന്മകളുടേയും പുതി യതും ഉയർന്നതുമായ നിലവാരം സ്ഥാപിക്കുന്നവരായിത്തീരേണ്ടതാ ണ്. അല്ലാഹു നമ്മോട് ഈ നന്മക ളിലൂടെ സ്ഥിരതയിൽ വർത്തിക്കാൻ ആവശ്യപ്പെടുന്നു. അല്ലാഹു **അഖീ മുസ്സ്വലാത്ത** എന്ന കല്പന തന്നിരി ക്കുന്നു. അതായത് നമസ്കാരങ്ങൾ നിലനിറുത്തുക. നമസ്കാരങ്ങൾ കൃത്യസമയത്ത് പൂർണമായ നിലയിൽ നിർവഹിക്കുക. അല്ലാഹു **ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ** അതാ യത് എല്ലാ നമസ്കാരങ്ങളും പ്രത്യേ കിച്ചും മധ്യമനമസ്കാരത്തെ പൂർണമായും ശ്രദ്ധിക്കാൻ കല്പിച്ചി രിക്കുന്നു. അഞ്ചുനേര നമസ്കാരം നിർബന്ധമാണെന്ന് എല്ലാ മുസ്‌ലിം കളും അറിയുന്നവരാണ്. അതു കൊണ്ട് അഞ്ചുനേര നമസ്കാര ങ്ങളെ സംരക്ഷിക്കാൻ കല്പനയു ണ്ട്. പ്രത്യേകിച്ചും മധ്യമ നമസ്കാ രത്തെകുറിച്ച് പറഞ്ഞു. **സ്വലാ ത്തുൽവുസ്ത്വാ** അഥവാ മധ്യമന മസ്കാരം കൊണ്ടുള്ള ഉദ്ദേശ്യം ഇട യ്ക്കുവരുന്നത് അല്ലെങ്കിൽ പ്രധാന പ്പെട്ട നമസ്കാരമാണ്. അതായത് നമസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുന്ന സമയം. എല്ലാ നമ സ്കാരവും അല്ലാഹു നിർബന്ധമാ ക്കിയിട്ടുള്ളതാണ്. പ്രധാനപ്പെട്ടതുമാ ണ്. പിന്നെന്തിനാണ് **സ്വലാത്തുൽ വുസ്ത്വാ** അഥവാ മധ്യമനമസ്കാ രത്തിന് പ്രാധാന്യം നല്കിയത്?ചില നമസ്കാരങ്ങളുടെ സമയങ്ങളിൽ മനുഷ്യൻ വ്യക്തിപരം അല്ലെങ്കിൽ ഭൗതികപരമായ ആഗ്രഹങ്ങൾക്ക് മുൻഗണന നല്കാറുണ്ട്. ചിലർക്ക് സുബ്ഹി നമസ്കാരം നിർവഹി ക്കുക ദുഷ്കരമാണ്. ആ സമയത്ത് എഴുന്നേറ്റ് സുബ്ഹി നമസ്കരി ക്കുക എന്നത് അല്ലാഹുവിനോട് കൂടുതൽ അടുപ്പിക്കുന്നതാണ്. അത് പ്രധാനപ്പെട്ട നമസ്കാരമായിത്തീരു ന്നു. ചിലർക്ക് തങ്ങളുടെ ജോലിയും കച്ചവടവും കാരണത്താൽ ളുഹ്ർ അല്ലെങ്കിൽ അസ്വ്ർ നമസ്കരി ക്കുക എന്നത് ബുദ്ധിമുട്ടായിതോ ന്നുന്നു. അപ്പോൾ അവർക്ക് ഈ നമസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുന്നു. കഠിനാധ്വാനം ചെയ്ത്, പരിശ്രമിച്ച് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് മനുഷ്യൻ വരുമ്പോൾ അല്ലാഹു ആ പരിശ്രമ ത്തേയും വിലമതിച്ചുകൊണ്ട് കടാ ക്ഷിക്കുന്നു.

അല്ലാഹു നമസ്കാരത്തെ ക്കുറിച്ച് ഒരുപാട് സ്ഥലങ്ങളിൽ വിവിധ തെളിവുദ്ധരിച്ചുകൊണ്ട് നമ്മളോട് പറഞ്ഞിട്ടുണ്ട്. വെറും റമ ളാനിൽ മാത്രം അത് ഒതുക്കി നിറുത്തിയില്ല. എന്നല്ല നബി (സ)തിരുമേനി നമസ്കാരങ്ങളേയും ജുമുആകളേയും റമളാനേയും ഉദ്ധ രിച്ചുകൊണ്ട് ഒരു മുഅ്മിന്, അല്ലാ ഹുവിനെ ഭയപ്പെടുന്ന മനസ്സുള്ള വന് സുപ്രധാനമായ ഒരു നിർദേശം നല്കുകയുണ്ടായി. നബി(സ) തിരുമേനി പറഞ്ഞു: അഞ്ച് നമസ്കാരങ്ങൾ, ജുമുഅ അടുത്ത ജുമുഅ വരെയും റമളാൻ അടുത്ത റമളാൻവരെയും അതിനി ടയിൽ വരുന്ന പാപങ്ങളുടെ പ്രായ ശ്ചിത്തമായിത്തീരുന്നതാണ്; അവൻ വൻപാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരി ക്കുവോളം! ഇവിടെ തുറന്നനിലയിൽ പറഞ്ഞത് അഞ്ച് നമസ്കാരം പ്രായ ശ്ചിത്തമായിത്തീരുന്നുവെന്നാണ്. ആ സമയത്ത് മനുഷ്യൻ പൂർണ മായും പരിശ്രമിച്ച് അഞ്ച് നമസ്കാ രവും അതിന്റേതായ കൃത്യസമ യത്ത് നിർവഹിക്കുകയും ഓരോ നമസ്കാരത്തിന്റേയും ഇടയിലുള്ള ഇടവേളകളിൽ പാപങ്ങളിൽനിന്ന്

രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഇനി ചെറിയ ചെറിയ പാപങ്ങൾ ഉണ്ടാവുകയാണെങ്കിൽ അല്ലാഹു അത് മാപ്പാക്കുന്നതാണ്. അതിന്റെ നിബന്ധന കൃത്യസമയത്ത് അവനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമസ്കാരം അനുഷ്ഠിക്കുക എന്നതാണ്. ഇപ്രകാരംതന്നെ അഞ്ച് നമസ്കാരം നിർബന്ധമാണെന്നതുപോലെ എല്ലാ ജുമുആകളുടെ പ്രാധാന്യവും വ്യക്തമാക്കുകയുണ്ടായി. ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയുള്ള ഇടവേളയിൽ ഉണ്ടാകുന്ന ചെറിയ തെറ്റുകളും ബലഹീനതകളും ചെറിയ പാപങ്ങളും അല്ലാഹു മാപ്പാക്കുന്നതാണ്. ഈ ഇടവേളയിൽ ചെറിയ പാപങ്ങൾ ചെയ്യാമെന്നും അത് അല്ലാഹു മാപ്പാക്കുമെന്നും ആരും ധരിക്കരുത്. അങ്ങനെയല്ല. മറിച്ച് ഇതിന്റെ ഉദ്ദേശ്യം മാനുഷികമായ ബലഹീനത കാരണത്താൽ എന്തെങ്കിലും തെറ്റുണ്ടായാൽത്തന്നെ നമസ്കാരങ്ങളിലും ജുമുആകളിലുമുള്ള കൃത്യനിഷ്ഠയും പാപങ്ങൾക്ക് മാപ്പ് ഇരന്നുകൊണ്ടുള്ള ദുആകളും ഇനി തെറ്റുകൾ ചെയ്യുകയില്ലെന്ന പ്രതിജ്ഞയും കാരണത്താൽ അല്ലാഹു പൊറുത്തുകൊടുക്കുന്നു.

നബി(സ) തിരുമേനി ജുമുആകളിൽ കൃത്യനിഷ്ഠ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു: 'ആരാണോ തുടർച്ചയായി മൂന്ന് ജുമുആ മനഃപൂർവം ഉപേക്ഷിച്ചത് അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്രവെക്കുന്നതാണ്.' അവന്റെ മനസ്സ് കറുത്തുപോകുന്നതാണെന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ജുമുആയേയും ജുമുആയുടെ ഈ പ്രാധാന്യത്തേയും എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ഇന്ന് റമളാനിലെ അവസാനത്തെ ജുമുആ ആണ്. റമളാനിലെ അവസാന ജുമുഅ ആയതുകൊണ്ട് ഇവിടെ വലിയ മസ്ജിദിൽ പോയി നമസ്കരിക്കാമെന്ന ഉദ്ദേശ്യത്തോടെ ചിലർ വന്നിട്ടുണ്ടാകും. അവസാന ജുമുഅ എന്തായാലും നമസ്കരിക്കണം, അതുകൊണ്ട് നമസ്കരിക്കാം എന്നുപറയുന്ന ചിലരുമുണ്ട്. റമളാനിലെ ജുമുഅ നമസ്കരിക്കുക അല്ലെങ്കിൽ റമളാനിലെ അവസാനത്തെ ജുമുഅ നമസ്കരിക്കുക എന്നാൽ പ്രതിഫലം കിട്ടുമെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മറിച്ച്, എല്ലാ ജുമുആകളുടേയും പ്രാധാന്യമാണ് പറയപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനൂ ഇദാ നൂദിയ ലിസ്സ്വലാത്തി മിൻയൗമിൽ ജുമുഅത്തി ഫസ്ഔ ഇലാ ദിക്‌രില്ലാഹി വദറുൽബയ്അ ദാലിക്കും ഖയ്റുല്ലക്കും ഇൻ കുൻതും തഅ്‌ലമൂൻ** വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ട് പോവുകയും വ്യാപാരം നിർത്തിവെക്കുകയും ചെയ്യുക. നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ് (62:10)

അതിനാൽ എല്ലാ ജുമുഅ നമസ്കാരത്തിനും പ്രത്യേകം ശ്രദ്ധചെലുത്തുക എന്നത് സത്യവിശ്വാസികൾക്കുള്ള കല്പനയാണ്. വിശ്വസിക്കുന്നു എന്ന് വാദിക്കുന്നവർക്കുള്ള കല്പനയാണ്. നിങ്ങളുടെ കച്ചവടങ്ങളും നിങ്ങളുടെ പണികളും നിങ്ങളുടെ തൊഴിലുകളും ഉപേക്ഷിക്കുക. അല്ലാഹു പറഞ്ഞു: നിങ്ങൾ അറിവുള്ളവരാണെങ്കിൽ ഇത് നിങ്ങൾക്ക് ഗുണകരമാണെന്ന് നിങ്ങൾ അറിയേണ്ടതാണ്; ഇതിലാണ് ബർക്കത്തുള്ളത്. ഇതിലൂടെ നിങ്ങളുടെ തൊഴിലുകളിൽ അനുഗ്രഹം പതിയുന്നതാണ്. യഥാർഥ ഈമാനാണെങ്കിൽ ഒരിക്കലും മനുഷ്യൻ ഭൗതികനേട്ടങ്ങൾക്കുവേണ്ടി തങ്ങളുടെ ജുമുആകളെ ഉപേക്ഷിക്കരുത്.

ജുമുആയെ സംബന്ധിച്ച് ഇതുംകൂടി പറയട്ടെ, ജുമുഅ പുരുഷന്മാർക്ക് നിർബന്ധമാണ്. ഇനി സ്ത്രീകൾ വരികയാണെങ്കിൽ അത് നല്ലകാര്യം തന്നെ. അവർ കൂടുതൽ പ്രതിഫലം സമ്പാദിക്കുകയായിരിക്കും ചെയ്യുന്നതെന്നതിൽ സംശയമില്ല. മാതാക്കൾ വരുന്നകാരണത്താൽ ചിലപ്പോൾ കുട്ടികളിലും ജുമുഅ നമസ്കരിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നു. പ്രാധാന്യമുണ്ടാകുന്നു. പക്ഷേ, എന്തായാലും ജുമുആയിൽ മസ്ജിദിൽ വരുന്നത് നിർബന്ധമാണെങ്കിൽ അത് പുരുഷന്മാർക്ക് മാത്രമാണ്. ഇതുസംബന്ധമായി നബി(സ) തിരുമേനിയുടെ നിർദേശം വളരെ വ്യക്തമാണ്. നബി(സ) തിരുമേനി പറഞ്ഞു: 'എല്ലാ ഓരോ മുസ്‌ലിമിനും ജമാഅത്തോടുകൂടി ജുമുഅ നമസ്കരിക്കുക എന്നത് നിർബന്ധമായ കടമയാണ്. അതായത് ഫർളാണ്; നാലു തരത്തിലുള്ള കൂട്ടരൊഴികെ. അടിമകൾ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, രോഗികൾ. ഈ രാജ്യങ്ങളിലെ തൊഴിലാളികൾ തങ്ങളുടെ തൊഴിലുടമകളോട് പറഞ്ഞ് ജുമുഅക്ക് വരാൻ അവധിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ചിലയാളുകൾ പരിശ്രമിക്കുകയും അവർക്ക് അനുവാദം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇനി നിർബന്ധിതാവസ്ഥയാണെങ്കിൽ അടുത്തുള്ള മൂന്നോനാലോ പേർക്ക് ചേർന്ന് ജുമുഅ നമസ്കരിക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്. എന്നാൽ, പെരുന്നാളിന് വരേണ്ടത് എല്ലാവർക്കും നിർബന്ധമാണ്. എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും കുഞ്ഞുങ്ങൾക്കും നിർബന്ധമാണ്.

ഇന്ന് വൻതോതിൽ ആളുകൾ ജുമുആയ്ക്കായി എത്തിയിട്ടുണ്ട്. അതിനാൽ ഞാൻ ആ ഭാഗത്തേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. പുരുഷന്മാർ തങ്ങളുടെ ജുമുആകളെ പ്രത്യേകമായ നിലയിൽ സംരക്ഷിക്കേണ്ടതാണ്. നബി(സ)തിരുമേനി ഒരു റമളാനും അടുത്ത റമളാനുമിടയിൽ വന്നുപോകുന്ന പാപങ്ങളേയും അല്ലാഹു പൊറുക്കുന്നുവെന്ന് പറഞ്ഞു. പക്ഷേ നബി(സ)തിരുമേനി പാപങ്ങളിൽനിന്ന് മാപ്പുകിട്ടുന്നതിനുള്ള മാർഗങ്ങൾ ക്രമമായ നിലയിലാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യവും വ്യക്തമാക്കിയിരിക്കേണ്ടതാണ്. ആദ്യം നമസ്കാരം. പിന്നീട് ജുമുഅ.

പിന്നീട് റമളാൻ. ഈ ക്രമീകരണത്തിൽനിന്ന് വർഷത്തിനുശേഷം വരുന്ന റമളാനിലെ ആരാധനകൊണ്ടുമാത്രം എല്ലാ പാപങ്ങളും മാപ്പാക്കപ്പെടുമെന്ന തെറ്റായധാരണ അകന്നുപോകേണ്ടതാണ്. മറിച്ച് ഈ ക്രമീകരണം, നിത്യവുമുള്ള അഞ്ചുനേര നമസ്കാരങ്ങളുടെ നിർവഹണം തനിക്കുള്ള നിർദിഷ്ട കൽപ്പനകളിൽ നിന്ന് എടുത്തുകൊണ്ട് ഏഴാമത്തെ ദിവസം ജുമുആയിൽ പ്രവേശിപ്പിച്ച് ജുമുആയുടെ അനുഗ്രഹങ്ങളിൽനിന്നുള്ള ഓഹരി നല്കിപ്പിക്കുന്നതാണ്. വർഷം മുഴുവനുമുള്ള ജുമുആകൾ റമളാനിൽ പ്രവേശിച്ചുകൊണ്ട് അനുഗൃഹീതമായ റമളാന്റെ കരുണകൊണ്ട് കാരുണ്യം ചൊരിയുന്നതാണ്. 'ഇത് നിന്റെ ദാസനാണ്. നിന്നോടുള്ള ഭയവും നിന്നോടുള്ള സ്നേഹവുംകൊണ്ട് വൻപാപങ്ങളിൽനിന്ന് രക്ഷപ്പെട്ട് അഞ്ചുനേരവും നിന്റെ സന്നിധിയിൽ വന്നുകൊണ്ടിരുന്നു' എന്ന് നിത്യവുമുള്ള അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ അപേക്ഷിക്കുന്നതായിരിക്കും. 'നിന്റെ ഈ ദാസൻ ഏഴ് ദിവസം എല്ലാവിധ വലിയ പാപങ്ങളിൽനിന്നും തന്നെ രക്ഷപ്പെടുത്തി ജുമുഅ ദിവസം നിന്റെ സന്നിധിയിൽ ഹാജരായിക്കൊണ്ടിരുന്നു' എന്ന് എല്ലാ ജുമുആകളും അല്ലാഹുവിനോട് പറയും. അല്ലാഹുവേ, ഈ ദാസൻ റമളാനോടുള്ള കടമ നിറവേറ്റിയതിനുശേഷം പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടും നന്മകൾ ചെയ്തുകൊണ്ടും നിന്റെ കരുണയും പൊറുക്കലും അഗ്നിയിൽനിന്ന് രക്ഷപ്പെടലും പ്രതീക്ഷിച്ച് ഈ റമളാനിൽ പ്രവേശിച്ചിരിക്കുകയാണ്, അതുകൊണ്ട് റഹ്മത്തിന്റേയും പൊറുക്കലിന്റേയും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതിന്റേയും പുണ്യമാസത്തിലെ പത്തുദിനങ്ങൾ കൊണ്ട് നീ ഇവനേയും കടാക്ഷിച്ചാലുമെന്ന് റമളാനും പറയും.

അല്ലാഹുതആല വലിയ കരുണാമയനും ഉദാരനുമാണ്. അവൻ കരുണ ചൊരിഞ്ഞുകൊണ്ട് മനുഷ്യനെ തന്റെ കാരുണ്യത്തിന്റെ പുതപ്പിൽ പൊതിഞ്ഞെടുക്കുന്നതായിരിക്കും. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് അവനെ രക്ഷിക്കുന്നതായിരിക്കും. നമ്മളിൽനിന്ന് ഈ ചിന്താഗതിയോടുകൂടി തങ്ങളുടെ നമസ്കാരങ്ങളേയും ജുമുആകളേയും തങ്ങളുടെ നോമ്പുകളോടുള്ള കടമകളേയും നിറവേറ്റിക്കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവരും റമളാന്റെ ഈ ചുറ്റുപാടിൽനിന്ന് എല്ലാവിധത്തിലും പരിശുദ്ധരായിക്കൊണ്ട് പുറത്തുവരുന്നവരും ഭാഗ്യവാന്മാരാകുന്നു. അങ്ങനെയുള്ള പരിശുദ്ധി എന്നെന്നും നിലനില്ക്കുന്നതാണ്. അത്തരം പരിശുദ്ധി എന്നെന്നും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നവനാക്കിത്തീർക്കുന്നതാണ്.

റമളാനിൽ പ്രത്യേകമായ നിലയിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും കേൾക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നു. കുറഞ്ഞപക്ഷം വിശുദ്ധഖുർആനിന്റെ ഒരു ഖത്തമെങ്കിലും തീർക്കാൻവേണ്ടി ധാരാളം ആളുകൾ പരിശ്രമിക്കാറുണ്ട്. കാരണം ഇത് സുന്നത്താണ്. പക്ഷേ, അതിനോടൊപ്പം ഈ മാസത്തിൽ ഉണ്ടാകുന്ന വിശുദ്ധഖുർആൻ പാരായണത്തിനുള്ള ശ്രദ്ധയും ഏർപ്പാടും, ഇനി നമ്മൾ നിത്യവും പതിവായി വിശുദ്ധഖുർആന്റെ കുറച്ചുഭാഗമെങ്കിലും തിലാവത്ത് ചെയ്യുമെന്ന ബോധവും ഉണ്ടാക്കേണ്ടതാണ്. അല്ലാഹു നമസ്കാരങ്ങളുടെ വിവിധ സമയങ്ങളെ കുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചും പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ഇങ്ങനേയും പറഞ്ഞിരിക്കുന്നു: **വ ഖുർആനൽ ഫജ്രി -ഇന്ന ഖുർആനൽ ഫജ്രി കാന മശ്ഹൂദ** അതായത് രാവിലെയുള്ള ഖുർആൻ പാരായണത്തിനും പ്രാധാന്യം നല്കുക. തീർച്ചയായും രാവിലെയുള്ള വിശുദ്ധഖുർആൻ പാരായണത്തിന് സാക്ഷ്യം നല്കപ്പെടുന്നതാണ്. അതുകൊണ്ട് വിശുദ്ധഖുർആനിന്റെ പാരായണം വെറും പ്രത്യേക ദിനങ്ങളിൽവരെ മാത്രം ഒതുക്കപ്പെട്ടിട്ടില്ല. മറിച്ച് നമസ്കാരങ്ങളോടൊപ്പം അത് വിവരിച്ചുകൊണ്ട് അതിന്റെ പ്രാധാന്യവും വിവരിക്കപ്പെട്ടിരിക്കുന്നു. പാരായണം ചെയ്യുന്നതിനോടൊപ്പം അത് മനസ്സിലാക്കേണ്ട ആവശ്യവും കൂടിയുണ്ട്. അല്ലാഹുവിന്റെ കല്പനകളെക്കുറിച്ചും നമ്മൾ അറിയുന്നതിനുവേണ്ടി അതിന്റെ തർജമ വായിക്കേണ്ട ആവശ്യവുമുണ്ട്. ഇക്കാലഘട്ടത്തിൽ പ്രത്യേകമായും അത് പതിവായി പാരായണം ചെയ്യേണ്ട ആവശ്യമാണുള്ളത്. മുസ്‌ലിം എന്നു പറയപ്പെടുന്നവരും അതിന്റെ അധ്യാപനം മറന്നിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദും(അ) ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധതിരിച്ചുകൊണ്ട്, 'വിശുദ്ധഖുർആനെ ആദരിക്കുന്നവൻ ആകാശത്തിൽ ആദരിക്കപ്പെടും' എന്നും പറഞ്ഞു: ദൈവസവിധത്തിലെ ആദരവ് പ്രാപിക്കാൻ ആഗ്രഹിക്കാത്തത് ആരാണ്?ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് നമ്മളോട് പറഞ്ഞു,

'നിങ്ങൾ എന്റെ ബയ്അത്തിൽ വന്നിട്ടുള്ളവരാണ്. എപ്പോഴും ആരാധനകളിലൂടെയും ഉന്നതമായ സ്വഭാവങ്ങളിലൂടെയും നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കിക്കൊണ്ട് പോകുക.' അവിടന്ന് ഒരിടത്ത് പറഞ്ഞു:മനുഷ്യൻ പരിശുദ്ധഹൃദയത്തോടും സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി അനുവദനീയമല്ലാത്ത വഴികളുടേയും പ്രതീക്ഷകളുടേയും വാതിലുകൾ അടച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കൈ നീട്ടാത്തിടത്തോളം അല്ലാഹുവിന്റെ സഹായവും തുണയും അവന് ലഭിക്കുകയില്ല. പക്ഷേ, അല്ലാഹുവിന്റെ പടിവാതിൽക്കൽതന്നെ വീഴുകയും അവനോടു ചോദിക്കുകയും ചെയ്യുന്ന അവന്റെ ഈ അവസ്ഥ സഹായം ആകർഷിച്ചെടുക്കുകയും കാരുണ്യം കൊണ്ടുവരികയും ചെയ്യുന്നു. അല്ലാഹു ആകാശത്തുനിന്ന് മനുഷ്യന്റെ ഹൃദയത്തിലെ ഓരോ കോണുകളിലും എത്തിനോ

ക്കുന്നു. ഏതെങ്കിലും കോണിൽ ഏതെങ്കിലും തരത്തിലുള്ള ഇരുട്ടോ ശിർക്കോ അനാചാരമോ അനാചാരത്തിന്റെ ഏതെങ്കിലും കണികയോ ഉണ്ടെങ്കിൽ അവന്റെ ദുആകളേയും ആരാധനകളേയും അവന്റെ മുഖത്തേക്കുതന്നെ മറിച്ചിടുന്നു. അവന്റെ ഹൃദയം എല്ലാതരത്തിലുള്ള ശരീരേച്ഛകളിൽനിന്നും ഇരുട്ടുകളിൽനിന്നും പരിശുദ്ധമാണെന്ന് കണ്ടാൽ അവനുവേണ്ടി കാരുണ്യത്തിന്റെ കവാടം തുറക്കുന്നു. അവനെ തന്റെ തണലിൽ കൊണ്ടുവന്ന് അവന്റെ പരിപാലനത്തിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നു.

അതുകൊണ്ട് നമ്മൾ സ്ഥിരമായി കരസ്ഥമാക്കിക്കൊണ്ടുപോകുന്നതിന് പരിശ്രമിക്കേണ്ട ആ നിലവാരം ഇതാണ്; നമ്മുടെ ആരാധനകൾ എപ്പോഴും അല്ലാഹുവിനുവേണ്ടി മാത്രമുള്ളതായിരിക്കുക. റമളാനുശേഷവും നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം നിലനിറുത്തുന്നവരാകുക. എല്ലാ ഓരോ നിമിഷവും അല്ലാഹുവിന്റെ തണലിൽ ഇരുന്നുകൊണ്ട് അവന്റെ പരിപാലനത്തിന്റെ അനുഗ്രഹം പ്രാപിച്ചുകൊണ്ടുപോകുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങളുടെ പുറവും അകവും ഒരുപോലെയാകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോടു കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടു കൊണ്ടിരിക്കുകയും തഖ്വ- ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതുമാത്രമായിത്തീരുകയും അവനുവേണ്ടി മാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ദൈവഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടി എന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷിപറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടി എന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ.

നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപ്പോലുള്ള ശാപവചനങ്ങളെ നിങ്ങൾ ഭയപ്പെടരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അത് അവനെ ഉന്മൂലനം ചെയ്യും. പ്രദർശനപരതകൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗം വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്ക് അവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ പ്രദർശനപരതയോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകരാർഹരാകുകയില്ല. കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്ന് നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം നിങ്ങളുടെ അസ്തിത്വത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങളുടെ പുറവും അകവും ഒരുപോലെയാകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോടുകരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടു കൊണ്ടിരിക്കുകയും തഖ്വ- ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതുമാത്രമായിത്തീരുകയും അവനുവേണ്ടി മാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ദൈവഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടി എന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷിപറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടി എന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ.

പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ, ഈ പ്രതാപ ശാലിയായ നബിയോടു നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്

സമ്പൂർണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്നൊരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങൾ എത്രയുംവേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരനുമായി ഐക്യത്തിന് ഇഷ്ടപ്പെടാത്തവൻ ദുഷ്ടനാണ്. അവൻ മുറിച്ചു നീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടേയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് കള്ളനെപോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ തടിച്ച ഒരാൾക്കു സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക. ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്ര മാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ! അതിനാൽ അവന് ഞാനുമായി ഒരു ബന്ധവുമില്ല. അവിടന്ന് പറയുന്നു:"ദുർവൃത്തൻ ദൈവസാമീപ്യം പ്രാപിക്കുകയില്ല. അഹങ്കാരി ദൈവസായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെ അടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല......നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ, ഈ പ്രതാപ ശാലിയായ നബിയോടു നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ) തിരുമേനിയെക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്-ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുവേണ്ടി. മോക്ഷം എന്നത് മരിച്ചതിനുശേഷം ലഭിക്കുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായി മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി (സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു റസൂലുമില്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നവനാണെന്നും ദൃഢമായും വിശ്വസിക്കുന്നവൻതന്നെ."(കശ്തിയെ നൂഹ്)

അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്നിട്ടുള്ളകാര്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)തുറന്നനിലയിൽ നമുക്ക് വിവരിച്ചുതന്നിട്ടുള്ള കാര്യവുമെല്ലാം നമ്മൾ എപ്പോഴും മുമ്പിൽ വെച്ചുകൊണ്ട് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മളിൽനിന്ന് ഓരോരുത്തരും റമളാനിൽനിന്ന് പുറത്തുവരേണ്ടതാണ്. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അപ്പോഴാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് റമളാൻ കഴിക്കാൻ നമ്മൾ ശ്രമിച്ചുവെന്ന് പറയാൻ കഴിയുന്നത്. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ഭാഗം - 5

# ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ

മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ഉദ്ഭവത്തെയും വളർച്ചയേയും സൂചിപ്പിക്കുന്ന വിശുദ്ധ ഖുർആനിലെ ഗഹനമായ സൂക്തങ്ങളുടെ അർഥങ്ങളും തത്ത്വങ്ങളും സാദൃശ്യങ്ങളും വാഗ്ദത്ത മസീഹ് (അ) തന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന പ്രശസ്ത ഗ്രന്ഥത്തിൽ വിവരിക്കുന്നു.

**ലേഖനത്തിന്റെ അവസാന ഭാഗം. വിവ: അബു അയ്മൻ**

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

### ആറാം ഘട്ട സാദൃശ്യം

ആത്മീയ അസ്തിത്വത്തിന്റെ അഞ്ചാംഘട്ടത്തിന് ശേഷം ആറാം ഘട്ടത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഇങ്ങനെ പ്രതിപാദിക്കുന്നു: "വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിദ്വൂൻ" അതായത്, ആറാം ഘട്ടത്തിലെ വിശ്വാസി അഞ്ചാം ഘട്ടത്തിലെ വിശ്വാസിയെ അപേക്ഷിച്ച് ഔന്നത്യം പ്രാപിച്ചിരിക്കുന്നതെങ്ങനെയെന്നാൽ, അവൻ തന്റെ നമസ്കാരങ്ങളുടെ മേൽ സ്വയം സംരക്ഷകനും സൂക്ഷിപ്പുകാരനുമാകുന്നു. അഥവാ, അവൻ അതിനായി മറ്റാരുടെയും ഉദ്ബോധനത്തെയും ഓർമ്മപ്പെടുത്തലിനെയും ആശ്രയിക്കുന്നില്ല. പ്രത്യുത, അവന്റെ ദൈവവുമായുള്ള ബന്ധത്തെ ഇങ്ങനെ വർണ്ണിക്കാം, ദൈവസ്മരണ അവനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രിയങ്കരവും തന്റെ സർവസ്വവും തന്റെ എല്ലാ സമാധാനത്തിനുമുള്ള നിദാനവും ജീവധാരണത്തിന്റെ ക്രാന്തിവൃത്തവും ആയിത്തീരുന്നു. അതിനെ സംരക്ഷിച്ചുനിർത്താൻ അവൻ സർവ്വദാ വാപൃതനായിരിക്കും. നിത്യമായി ദൈവസ്മരണയിൽ കഴിച്ചുകൂട്ടുകയും അണുനിമിഷം പോലും അതിൽനിന്ന് പിന്മാറാതിരിക്കാൻ അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

ഏതെങ്കിലും വസ്തു നഷ്ടപ്പെടുന്നതിൽ തന്റെ അന്ത്യവും അറുതിയുമാണെന്ന് മനുഷ്യൻ കാണുമ്പോഴാണ് സർവശക്തിയും പ്രയോഗിച്ച് ആ വസ്തുവിനെ സംരക്ഷിക്കാൻ അവൻ പരിശ്രമിക്കുന്നതെന്ന് സ്പഷ്ടമാണല്ലോ. എപ്രകാരമെന്നാൽ, മൈലുകളോളം അന്നപാനിയങ്ങൾ ലഭിക്കാൻ യാതൊരു നിർവാഹവുമില്ലാത്ത വിജനഭൂമിയിലൂടെ സഞ്ചരിക്കുന്ന ഒരു പഥികൻ തന്റെ കയ്യിലുള്ള വഴിച്ചോറ് നഷ്ടപ്പെടുത്താതെ ഏറെ കരുതലോടെ ജീവതുല്ല്യം കാത്തുസൂക്ഷിക്കുന്നു. അത് വ്യർഥമായാൽ വിനാശം തന്നെ വിധിയെന്ന് അവനു നന്നായിട്ടറിയാം. അപ്രകാരം യാത്രികരെപ്പോലെ ഈ (ഘട്ടക്കാരൻ) തന്റെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുന്നു. തനിക്ക് ധനനഷ്ടമുണ്ടാവുകയോ, താൻ അപമാനിതനാവുകയോ, തന്റെ നമസ്കാരം ആർക്കെങ്കിലും വിദ്വേഷത്തിനിടയാക്കുകയോ ചെയ്യുന്നുവെന്ന് വന്നാൽ പോലും, നമസ്കാരം അവൻ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. അത് നഷ്ടപ്പെടുന്ന ഭയത്താൽ അവൻ മരണവെപ്രാളം കാണിക്കുന്നവനായിരിക്കും. അണുവേള പോലും ദൈവസ്മരണയിൽനിന്ന് മാറിനില്ക്കാൻ അവൻ ആഗ്രഹിക്കില്ല. ജീവസന്ധാരണത്തിനുള്ള ആഹാരം പോലെത്തന്നെയാണ് അവൻ തന്റെ എല്ലാമെല്ലാമായ നമസ്കാരത്തെയും ദൈവസ്മരണയെയും കാണുന്നത്. ഈ അവസ്ഥ അവന് കൈവരുന്നത്, ദൈവം അവനെ സ്നേഹിക്കുകയും ആത്മീയ അസ്തിത്വത്തിനുള്ള **"റൂഹ്"** എന്ന് വിളിക്കപ്പെടാവുന്ന ദൈവത്തിന്റെ ആത്മാനുരാഗമാകുന്ന എരിയുന്ന തീനാമ്പ് അവന്റെ ഹൃദയത്തിൽ വന്നിറങ്ങുകയും ചെയ്യുമ്പോഴത്രെ. അത് അവനൊരു രണ്ടാം ജന്മം പകർന്നുനൽകുന്നു. ആ **''റൂഹ്''** അവന്റെ ആത്മീയ അസ്തിത്വമാസകലം പ്രഭാപൂരിത

മാക്കുകയും ഒരു നവജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നു. അപ്പോൾ അവൻ എന്തെങ്കിലും തരത്തിലുള്ള അഭിനയത്തോടെയോ കൃത്രിമമായോ ആയിരിക്കില്ല ദൈവസ്മരണയിൽ വ്യാപൃതനായിത്തീരുന്നത്. പ്രത്യുത, ശാരീരികമായി മനുഷ്യന്റെ ജീവിതത്തെ അന്നപാനിയങ്ങളെ ആശ്രയിക്കുന്നതാക്കിയ അതേ ദൈവം, അവനേറെ ഇഷ്ടപ്പെടുന്ന ആത്മീയജീവിതത്തെയും തന്റെ സ്മരണയാകുന്ന ആഹാരവുമായി ബന്ധപ്പെടുത്തുന്നു. അക്കാരണത്താൽ, ഈ ഘട്ടത്തിലെ വിശ്വാസികൾക്ക് ഭൗതിക അന്നപാനീയങ്ങളെക്കാളേറെ ആത്മീയാഹാരം ആവശ്യമായിവരുന്നു. അത് നഷ്ടപ്പെടുന്നതിനെ അവർ അത്യധികം ഭയപ്പെടുന്നു. തീജ്വാല കണക്കെ അവരിൽ ഇറക്കപ്പെട്ട ചൈതന്യത്തിന്റെ പ്രഭാവമത്രെ അത്. തന്മൂലം ദൈവാനുരാഗത്തിന്റെ ഉൽകൃഷ്ടമായ ഉന്മത്തത അവരിൽ ഉടലെടുക്കുമാറാകുന്നു. അതുകൊണ്ടാണ് ക്ഷണനേരത്തേക്ക് പോലും ദൈവസ്മരണയിൽനിന്ന് അവർക്ക് മാറിനിൽക്കാനാകാത്തത്. അവർ ദൈവത്തിനുവേണ്ടി ദുഃഖങ്ങൾ പേറുകയും അരിഷ്ടതകൾ അഭിമുഖീകരിക്കുകയും ചെയ്യുന്നു. എന്നാൽ, നിമിഷനേരത്തേക്ക് പോലും അവനെ വേർപിരിയാൻ അവർ ഇഷ്ടപ്പെടുന്നില്ല. അവന്റെ നിത്യസ്മരണയിൽ കഴിച്ചുകൂട്ടുകയും തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇത് ഒരു സഹജഗുണമാകുന്നു. എന്തെന്നാൽ, 'ദൈവത്തിന്റെ ആത്മസൗഹൃദത്താൽ നിറഞ്ഞൊഴുകുന്ന സ്മരണ' മറുവാക്കിൽ, ''നമസ്കാരം'' അവർക്കായി ഒരു അനിവാര്യ ഭോജനമായി നിശ്ചയിക്കപ്പെടുകയും ദൈവത്തിന്റെ സ്വന്തം ആത്മാനുരാഗം അവരെ ഉദ്ദീപ്തമാക്കിക്കൊണ്ട് ദൈവസ്മരണയുടെ അത്യന്തം ഹൃദ്യമായ ഒരാനന്ദം അവർക്ക് സമ്മാനിച്ചരുളുകയും ചെയ്തിരിക്കുന്നു.

അതുകൊണ്ട്, ദൈവസ്മരണ അവർക്ക് പ്രാണനേക്കാൻ പ്രിയങ്കരമായിത്തീർന്നു. അവരുടെ ഹൃദയത്തിൽ വന്നിറങ്ങിയ ജ്വലിക്കുന്ന സ്ഫുരണം പോലുള്ള ദൈവത്തിന്റെ ആത്മസൗഹൃദത്താലുള്ള ആ സ്നേഹം ഒരു "പുതിയ റൂഹ്" അഥവ "നവചൈതന്യമാകുന്നു." അത് അവരുടെ നമസ്കാരങ്ങളെയും ദൈവസ്മരണയെയും അവർക്കുവേണ്ടി ഒരു അനുപേക്ഷണീയ ഭോജ്യവസ്തുവാക്കി മാറ്റി. തങ്ങളുടെ ജീവിതം നിലനിൽക്കുന്നത് അന്നപാനീയങ്ങളിലൂടെയല്ല മറിച്ച് നമസ്ക്കാരത്തിലൂടെയും ദൈവസ്മരണയിലൂടെയുമാണെന്നത്രെ അവർ ഉറച്ചുവിശ്വസിക്കുന്നത്. ചുരുക്കത്തിൽ ''നമസ്കാരം'' എന്നപേരിൽ അറിയപ്പെടുന്ന "അനുരാഗനിർഭരമായ ദൈവസ്മരണ" അവരുടെ അത്യന്താപേക്ഷിത ആഹാരമായിത്തീരുന്നു. അതില്ലാതെയുള്ള ജീവിതം അവർക്ക് ഊഹിക്കാൻ പോലും വയ്യ. അതിന്റെ സംരക്ഷണം അന്നപാനീയങ്ങൾ അലഭ്യമായ മരുഭൂമിയിലൂടെ സഞ്ചരിക്കുന്ന യാത്രികൻ തന്റെ ചില്ലറ അപ്പക്കഷണങ്ങളടങ്ങിയ പാഥേയം സംരക്ഷിക്കുന്നത് പോലെത്തന്നെയാണ്. അവൻ തന്റെ തുവൽസഞ്ചിയിൽ കരുതിവെച്ച വെള്ളം പ്രാണനുതുല്യം സൂക്ഷിക്കുന്നു. ദൈവത്തിന്റെ വൈയക്തികമായ സ്നേഹാനുരാഗങ്ങളുടെയും ഔന്നത്യത്തിന്റെയും ദശാവിശേഷമായിട്ടുള്ള ഇത്തരം ഒരുഘട്ടം കൂടി സർവസമ്മാനദാതാവായ ദൈവം മനുഷ്യരുടെ ആത്മീയ വളർച്ചയ്ക്കായി ഒരുക്കിയിരിക്കുന്നു. യഥാർഥത്തിൽ, ശരീഅത്തിലെ സാങ്കേതിക പ്രയോഗത്തിൽ ''നമസ്കാരം'' എന്നറിയപ്പെടുന്ന "സ്നേഹനിർഭരമായ ദൈവസ്മരണ" ഈ ഘട്ടത്തിലെ വിശ്വാസിക്ക് ആഹാരത്തിന് പകരമുള്ളതായിത്തീരുന്നെന്ന് മാത്രമല്ല, അവന്റെ ശാരീരികാത്മാവിനെ പോലും ഈ ആഹാരത്തിനുവേണ്ടി ആവർത്തിച്ച് ബലിയർപ്പിക്കാൻ അവൻ ആഗ്രഹിക്കുന്നു. എപ്രകാരം ഒരു ജലജീവിക്ക് ജലത്തിൽനിന്നും വിരഹിതമായ ജീവിതം അസാദ്ധ്യമാണോ അപ്രകാരം അവനും ഈ ആത്മീയാഹാരം കൂടാതെയുള്ള ജീവിതം അസാദ്ധ്യം തന്നെ. ദൈവസന്നിധിയിൽ നിന്ന് അണുനിമിഷം മാറിനിൽക്കൽ അവന് മരണസമാനമാണ്. അവൻ ആ സവിധത്തിൽ സദാ സാഷ്ടാംഗപ്രണാമത്തിൽ കഴിച്ചുകൂട്ടുന്നു. അവന്റെ എല്ലാ ശാന്തിയും സമാധാനവും ദൈവത്തിൽ മാത്രമാകുന്നു. ഇമവെട്ടുന്ന നേരത്തേക്ക് പോലും ദൈവസ്മരണയിൽനിന്ന് അശ്രദ്ധനായാൽ തന്റെ നാശമായിരിക്കും ഫലമെന്ന് അവൻ ഉറച്ചുവിശ്വസിക്കുന്നു.

എപ്രകാരം ലൗകിക അന്നപാനീയങ്ങൾ വഴി മനുഷ്യന്റെ ഭൗതിക അവയവങ്ങളായ കണ്ണിലും കാതിലും മറ്റെല്ലാ അവയവങ്ങളിലും കരുത്തും ശക്തിയും കൈവരുന്നുവോ, അപ്രകാരം ഈ ഘട്ടത്തിൽ ദൈവാനുരാഗത്തിന്റെ അത്യന്തം ഔത്സുക്യത്തോടെയുള്ള ദൈവസ്മരണയാൽ അവന്റെ ആത്മീയ ശക്തികൾക്ക് കരുത്തും വളർച്ചയും കൈവരുമാറാകുന്നു. അതായത്, നയനങ്ങളിൽ അത്യന്തം സംശുദ്ധവും സൂക്ഷ്മവുമായ ദിവ്യദർശനത്തിനുള്ള ശക്തികൾ കരസ്ഥമാവുകയും കാതുകളിൽ ദൈവഭാഷണം ശ്രവിക്കപ്പെടുകയും നാവുകളിൽ ആ ദിവ്യമൊഴികൾ മധുരതരവും മനോഹരവും സുവ്യക്തവുമായ നിലയിൽ നിലനിൽക്കുകയും പ്രഭാതസൂര്യോദയം പോലെ സാക്ഷാത്കരിക്കപ്പെടുന്ന അസംഖ്യം ദിവ്യസ്വപ്നങ്ങൾ അവനുണ്ടാവുകയും ചെയ്യുമാറാകുന്നു. (അടിക്കുറിപ്പ് 1)

ഹദ്റത്തെ ഇസ്സത്തുമായുള്ള ആ സംശുദ്ധമായ സ്നേഹബന്ധത്തിന്റെ ഫലമായി സുവിശേഷങ്ങളടങ്ങിയ ദിവ്യസ്വപ്നങ്ങളുടെ വലിയൊരു ഓഹരിതന്നെ അവർക്ക്

കരഗതമായിത്തീരുന്നു. ഈയ്യൊരു ഘട്ടത്തിലെത്തുമ്പോഴത്രെ വിശ്വാസിക്ക് ദൈവസ്നേഹം അന്നപാനീയങ്ങളുടെ ഗുണം ചെയ്യുന്നുവെന്ന് അനുഭവവേദ്യമാകുന്നത്. ആദ്യം ആത്മീയ ശരീരം പരിപൂർണമായും സജ്ജമായിത്തീരുമ്പോൾ ഈ പുതിയ ജന്മം ഉണ്ടാകുന്നു. അനന്തരം ദൈവത്തിന്റെ ആത്മസൗഹൃദത്തോടെയുള്ള അനുരാഗ അഗ്നിസ്ഫുരണമാകുന്ന **"റൂഹ്"** വിശ്വാസിയുടെ ഹൃത്തടത്തിൽ വന്നുപതിക്കുന്നു. പൊടുന്നനെയത് "ബശറിയത്തിന്റെ" അഥവാ "മനുഷ്യാവസ്ഥയുടെ" ഉയർന്ന സൗധത്തിൽനിന്ന് അത്യുന്നതമായ മറ്റൊരു മഹനീയ്യ സ്ഥാനത്തേക്ക് അവനെ കൂട്ടിക്കൊണ്ടുപോകുന്നു. ഈ സ്ഥാനത്തെയാണ് ആത്മീയപരമായി **"ഖൽഖൻ ആഖർ"** എന്നു വിശേഷിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ ദൈവം തന്റെ ജ്വലിക്കുന്ന അനുരാഗ സ്ഫുരണം അഥവാ "റൂഹ്" വിശ്വാസിയുടെ ഹൃദയത്തിലിറക്കിക്കൊണ്ട് എല്ലാവിധ അന്ധകാരത്തെയും മാലിന്യങ്ങളെയും ബലഹീനതകളെയും ദൂരീകരിക്കുന്നു. ഈ "റൂഹ്" ഊതപ്പെടുന്നതോടുകൂടി താഴ്ന്ന നിലവാരത്തിലുണ്ടായിരുന്ന സൗന്ദര്യം അതിന്റെ ഏറ്റവും രമണീയമായ അവസ്ഥ കൈവരിക്കുകയും ഒരു ആത്മീയ പ്രസരിപ്പ് വ്യാപിക്കുകയും ചെയ്യുന്നു. അതോടെ ജീവിതത്തിലെ സകല ജീർണതകൾക്കും വിരാമമിടപ്പെടുന്നു. അപ്പോൾ വിശ്വാസി തന്റെ ഉള്ളിൽ മുമ്പില്ലാതിരുന്ന ഒരു ചൈതന്യം പ്രവേശിച്ചിട്ടുണ്ടെന്ന് അനുഭവിച്ചറിയുന്നു. ആ "റൂഹ്" ലഭ്യമാകുന്നതോടെ അവന് അത്ഭുതകരമായ സമാധാനാവസ്ഥയും മനഃസംതൃപ്തിയും കരഗതമാകുന്നു.

ആ ആത്മസൗഹൃദം ഒരു ജലധാരയെപോലെ ദാസ്യതയുടെ വൃക്ഷത്തിന്റെ സേചനം നടത്തുന്നു. ആദ്യം മിതമായ താപം മാത്രം വഹിച്ചിരുന്ന ആ അഗ്നി ഈ ഘട്ടത്തിൽ കത്തിജ്ജ്വലിക്കുന്നതാവുകയും മനുഷ്യ അസ്തിത്വത്തിലെ മുഴുവൻ ചപ്പുചവറുകളെയും കത്തിച്ചു ചാമ്പലാക്കി ദൈവീകതയുടെ മേൽക്കോയ്മ അതിൽ സ്ഥാപിക്കുകയും ചെയ്യുന്നു. ആ അഗ്നി മുഴുവൻ അവയവങ്ങളിലേക്കും വ്യാപിക്കുമാറാകുന്നു. തദവസരത്തിൽ, എപ്രകാരം ഇരുമ്പ് തീക്ഷ്ണമായ അഗ്നിയിലിട്ട് പഴുപ്പിക്കുകയാണെങ്കിൽ അതിന്റെ നിറംമാറി ചുവന്നു വരികയും അഗ്നിമയമായിത്തീരുകയും ചെയ്തുകൊണ്ട് അഗ്നിയുടെ ലക്ഷണങ്ങളും പ്രവൃത്തികളും അത് വെളിപ്പെടുത്തുന്നുവോ അപ്രകാരം സത്യവിശ്വാസിയിലും ദൈവിക ഗുണങ്ങളും പ്രവൃത്തികളും പ്രകടമാകുന്നു. എന്നാൽ പ്രസ്തുത വിശ്വാസി ദൈവമായി മാറുകയല്ല ചെയ്യുന്നത്. പ്രത്യുത, ദൈവാനുരാഗത്തിന് അങ്ങനെയുമൊരു സവിശേഷതയുണ്ട്. അതായത് അത് ആത്മീയ ശരീരത്തിന്റെ ബാഹ്യാസ്തിത്വത്തെ തന്റെ വർണത്തിലേക്ക് കൊണ്ടുവരുന്നു. അതേസമയം ആന്തരികമായി ദാസത്വവും അതിന്റെ ദൗർബല്യങ്ങളും ഉണ്ടായിരിക്കുകയും ചെയ്യും. ഈ പദവിയിലെത്തുമ്പോൾ സത്യവിശ്വാസിയുടെ ഭോജ്യവസ്തു ദൈവം മാത്രമായിരിക്കും. അത് ഭുജിക്കുന്നത് മുഖേനയാണ് അവന്റെ ജീവൻ നിലനിൽക്കുന്നത്. അവന്റെ ജീവജലവും ദൈവം തന്നെ. അത് പാനം ചെയ്യുന്നതുകൊണ്ടാണ് അവൻ

*അടിക്കുറിപ്പ്:1 നിരവധി അവിവേകികളായ ജനങ്ങൾ തങ്ങളുടെ തെറ്റുധാരണയാൽ ആരായുന്നു, ഞങ്ങൾക്കും ചില സന്ദർഭങ്ങളിൽ സൽസ്വപ്നങ്ങളും സദ്‌വെളിപാടുകളും ഉണ്ടാകുന്നുണ്ട്. അപ്പോൾ ഞങ്ങളും ഉന്നതസ്ഥാനീയരായ ജനവും തമ്മിൽ എന്താണ് അന്തരം; അവരിൽ മറ്റെന്ത് പ്രത്യേകതയാണ് ശേഷിക്കുന്നത്? ഇതിനുള്ള മറുപടി ഇതാണ്: സാധാരണക്കാരായ ജനങ്ങളുടെ പ്രകൃതത്തിലും സൽസ്വപ്നങ്ങൾ കാണാനും ഇൽഹാമുകൾ സ്വീകരിക്കുവാനും ശക്തി നൽകപ്പെട്ടിട്ടുള്ളത്, ഒരളവോളം ആ സൂക്ഷ്മമായ വിഷയങ്ങളുടെയും പാരത്രിക കാര്യങ്ങളുടെയും മാതൃക അവരിൽ ഉണ്ടായിത്തീരണം എന്ന ഉദ്ദേശത്തോടെയാണ്. അങ്ങനെ തങ്ങളുടെ പക്കലുള്ള മാതൃക ദർശിച്ചുകൊണ്ട് അവർക്ക് സത്യം സ്വീകരിക്കാനുള്ള സൗഭാഗ്യം സിദ്ധിക്കുകയും അവരിൽ ന്യായപൂർത്തീകരണം നടത്തപ്പെടുകയും ചെയ്യുമാറാകും. പ്രത്യുത, വഹിയുടെയും സൽസ്വപ്നങ്ങളുടെയും സത്യാവസ്ഥയെ സംബന്ധിച്ച് തികച്ചും അന്ധത ബാധിച്ച ഒരവസ്ഥയാണ് മനുഷ്യരിലെങ്കിൽ തൽഫലമായി തികഞ്ഞ സത്യനിഷേധവും നിരാകരണവുമല്ലാതെ മറ്റെന്താണ് അവർക്ക് സാധിക്കുമായിരുന്നത്. പ്രസ്തുത അവസ്ഥയിൽ അവർ ഒരളവോളം മാപ്പർഹിക്കുന്നവരുമാകുമായിരുന്നു. എന്നാൽ അതുപോലുള്ള മാതൃകകൾ ഉണ്ടായിരുന്നിട്ടും ഇക്കാലത്തെ തത്വചിന്തകർ വെളിപാടുകളെയും സൽസ്വപ്നങ്ങളെയും നിഷേധിക്കുമ്പോൾ തങ്ങളുടെ പക്കൽ അതിനുള്ള ഒരുദാഹരണം പോലുമില്ലാത്ത അവസ്ഥയിൽ സാധാരണക്കാരുടെ സ്ഥിതി എന്തായിരിക്കുമെന്ന് പറയേണ്ടതുണ്ടോ? തങ്ങൾക്കും ചിലപ്പോൾ ദിവ്യ സ്വപ്നങ്ങളും വെളിപാടുകളും ഉണ്ടാകുന്നുവെന്ന ആരുടെയെങ്കിലും വാദങ്ങൾ ദൈവദൂതരുടെയും നബിമാരുടെയും മാഹാത്മ്യത്തിന് ഒരുതരത്തിലുള്ള കോട്ടവും വരുത്തുന്നില്ല. എന്തെന്നാൽ, അത്തരക്കാരുടെ ഇൽഹാമുകളും സ്വപ്നങ്ങളും ശങ്കകളുടെയും സന്ദേഹങ്ങളുടെയും ധൂമപടലങ്ങളാൽ നിറഞ്ഞവയത്രെ. തന്നെയുമല്ല അവ എണ്ണത്തിൽ വളരെ തുച്ഛവുമാണ്. ഒരു രൂപമാത്രം കൈമുതലുള്ള ഒരു അഗതിക്ക് തന്റെ കയ്യിലും പണമുണ്ടെന്ന് പെരുമ്പറയടിച്ച് ഒരു ചക്രവർത്തിയോട് കൊമ്പുകോർക്കാനാകില്ല. അപ്രകാരം ഇതുമൊരു വ്യർഥവും ബുദ്ധിശൂന്യവുമായ നേരിടൽ തന്നെയാകുന്നു.*

മരണമടയുന്നതിൽ നിന്ന് രക്ഷ പ്രാപിക്കുന്നത്. അവന് കുളിരേകുന്ന തെന്നൽ ദൈവമാകുന്നു. അതുമുഖേനയാണ് അവന്റെ ഹൃദയത്തിന് ആശ്വാസം ലഭിക്കുന്നത്.

ഈ ഘട്ടത്തെ പ്രാപിക്കുന്ന വിശ്വാസിയുടെ അകത്തളങ്ങളിൽ ദൈവം സന്നിവേശിക്കുന്നുവെന്നും അവന്റെ ഹൃത്തടം തന്റെ സിംഹാസനമായി സ്വീകരിക്കുന്നുവെന്നും അവന്റെ നാഡീവ്യൂഹങ്ങളിൽ ദൈവം വ്യാപിക്കുന്നുവെന്നും അവൻ ദൈവത്തിന്റെ സത്തയാൽ കാണുകയും ദൈവാത്മാവിനാൽ ഭാഷണം നടത്തുകയും ദൈവചേതനയാൽ കേൾക്കുകയും ദിവ്യചൈതന്യത്താൽ നടക്കുകയും ദിവ്യാത്മാവിനാൽ വിഭൂഷിതനായി ശത്രുസംഹാരം നടത്തുകയും ചെയ്യുന്നതാണെന്ന് ആലങ്കാരികമായി പറയുകയാണെങ്കിൽ അത് അന്യായമാകില്ല. എന്തുകൊണ്ടെന്നാൽ അവൻ ഈ ഘട്ടത്തിലെത്തുമ്പോൾ സ്വന്തമെന്ന നിലയിൽ അസ്തിത്വരഹിതനും സ്വയം സംഹരിക്കപ്പെട്ടവനുമായിത്തീരുന്ന ഒരു പദവിയിൽ എത്തിച്ചേരുന്നു. ദൈവത്തിന്റെ ചേതന തന്റെ വൈയക്തികാനുരാഗത്താൽ അവനിൽ തന്റെ പ്രഭാവം ചെലുത്തിക്കൊണ്ട് ദ്വിതീയ ജീവിതം അവനു പ്രദാനം ചെയ്യുന്നു. അതിനാൽ വിശുദ്ധവചനമായ **"സുമ്മ അൻശഅ്നാഹു ഖൽഖൻ ആഖിർ; ഫതബാറകല്ലാഹു അഹ്സനുൽ ഖാലിഖീൻ''** അവനിൽ ആത്മീയമായ നിലയിൽ സാർത്ഥകമായിത്തീരുന്നു.

ആറാം ആത്മീയ അസ്തിത്വഘട്ടത്തിന്റെ വിവരണങ്ങളായിരുന്നു മുകളിൽ പ്രതിപാദിച്ചു കഴിഞ്ഞത്. അതിനോട് താദാത്മ്യമുള്ള ശാരീരിക ജനനത്തിന്റെ ആറാം ഘട്ടത്തിനുവേണ്ടിയും **"സുമ്മ അൻശഅ്നാഹു ഖൽഖൻ ആഖിർ; ഫതബാറകല്ലാഹു അഹ്സനുൽ ഖാലിഖീൻ"** എന്ന സൂക്തം തന്നെയാണുള്ളത്. ഇതിന്റെ വിവർത്തനമിപ്രകാരമാണ്, 'നാം ഒരു ജനനത്തിനായി മനുഷ്യനെ സജ്ജമാക്കിക്കഴിഞ്ഞപ്പോൾ മറ്റൊരു ജനനം മുഖേന അവനെ സൃഷ്ടിച്ചിരിക്കുന്നു' മനുഷ്യന് ദുർഗ്രഹവും അവന്റെ ഗ്രാഹ്യശക്തിക്കതീതവുമായ ഒരു ജനനമാണതെന്ന് ബോധ്യപ്പെടുത്തലാണ് **''മറ്റൊരു''** എന്ന പദപ്രയോഗം കൊണ്ടുള്ള ഉദ്ദേശ്യം. അതായത്, 'നാം ശരീരം തയ്യാറാക്കിക്കഴിഞ്ഞപ്പോൾ ആത്മീയപരമായും ശാരീരികപരമായും അതിൽ നിക്ഷേപിക്കുകയുണ്ടായ റൂഹിനെ സംബന്ധിച്ച ജ്ഞാനം മനുഷ്യന്റെ ബുദ്ധിശക്തിക്ക് എത്തിപ്പിടിക്കാനാകാത്തതാണ്. അതെന്താണെന്നുള്ളതിൽ സകല തത്ത്വചിന്തകരും ഭൗതികവാദികളും അത്ഭുതപ്പെടുന്നു. അതിന്റെ സത്യാവസ്ഥയെ സംബന്ധിച്ച് ഒരു തുമ്പും അവർക്ക് ലഭിക്കാതിരുന്നപ്പോൾ ഓരോരുത്തരും താന്താങ്ങളുടെ ഊഹങ്ങളും സങ്കൽപ്പങ്ങളും വിളമ്പുകയുണ്ടായി. ചിലർ റൂഹിന്റെ അസ്തിത്വത്തെ അടിമുടി നിഷേധിച്ചു. മറ്റുചിലർ അതിനെ അനാദിയും 'ഗൈർ മഖ്ലൂഖ്' (അഥവാ ദൈവത്താൽ സൃഷ്ടിക്കപ്പെടാത്ത സ്വയംഭൂ ആയ ഒന്ന്) ആണെന്നും ഗണിച്ചു. എന്നാൽ, ഇവിടെ ദൈവം "റൂഹും" തന്റെതന്നെ ഒരു സൃഷ്ടിയാണെന്നും, എന്നാൽ, അത് മനുഷ്യന്റെ അവബോധത്തിനപ്പുറമുള്ള ഒന്നാണെന്നും അരുൾ ചെയ്യുകയുണ്ടായി. എപ്രകാരം ലൗകിക തത്ത്വചിന്തകർ ശാരീരിക അസ്തിത്വത്തിന്റെ ആറാം ഘട്ടത്തിൽ ദൈവത്താൽ മനുഷ്യശരീരത്തിൽ നിക്ഷിപ്തമാക്കപ്പെടുന്ന റൂഹിനെ സംബന്ധിച്ച് അജ്ഞരാണോ അപ്രകാരം അവർ ആത്മീയ അസ്തിത്വത്തിന്റെ ആറാം ഘട്ടത്തിൽ സത്യവിശ്വാസിക്ക് ദൈവത്തിൽനിന്ന് കരഗതമാകുന്ന റൂഹിനെ സംബന്ധിച്ചും അജ്ഞർ തന്നെയാണ്. അക്കാര്യത്തിലും വിവിധ സങ്കൽപ്പരീതികളാണ് അവർ അവലംബിച്ചത്. നിരവധി പേർ അവ്വിധം റൂഹ് പ്രദാനം ചെയ്യപ്പെട്ടവരെ പൂജിക്കുകയും അവരെ അനാദിയും, സ്വയംഭൂവും, ദൈവവുമായി ഗണിക്കുകയും ചെയ്തു. മറ്റനേകംപേർ അത്തരം ഒരു ഘട്ടക്കാരായ ആളുകളുണ്ടെന്നുള്ളതിനെയും അവർക്ക് ദൈവ

സൃഷ്ടികളിൽ ഉത്തമനായ മനുഷ്യന് ദൈവം പക്ഷിമൃഗാദികളടക്കമുള്ള മറ്റെല്ലാ സൃഷ്ടികൾക്കും മേൽ മേന്മയും മേധാവിത്വവും നൽകുകയും ബുദ്ധിയും ക്രാന്തദർശിത്വവും സമ്മാനിക്കുകയും ചെയ്തുകൊണ്ട് ദൈവത്തെ തിരിച്ചറിയാനുള്ള ഒരു ദാഹം അവനിൽ നിക്ഷേപിച്ചിരിക്കുന്നു. ആകയാൽ, ഈ എല്ലാ പ്രവൃത്തികളിലൂടെയും അവൻ നമ്മെ ബോധ്യപ്പെടുത്തിയിരിക്കു ന്നത്, അവന്റെ സ്നേഹവും അനുരക്തിയും കരസ്ഥമാക്കാനാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചിരിക്കുന്നതെന്ന സത്യമാണ്. അപ്പോൾ മനുഷ്യൻ ദൈവവുമായുള്ള വൈയക്തികമായ ഒരു ആത്മ സൗഹൃദത്തിന്റെ ഘട്ടം വരെ എത്തിച്ചേരുകയും അവന്റെ പ്രേമത്തിനുമേൽ ദൈവാനുരാഗം ഒരു ചൈതന്യം പോലെ വന്നിറങ്ങിക്കൊണ്ട് സർവവിധ ദൗർബല്യങ്ങളും ദൂരീകരിക്കുകയും ചെയ്യുന്നതാണെ ന്ന വസ്തുത എന്തിന് നിഷേധിക്കണം?

ത്തിൽനിന്ന് ''റൂഹ്'' ലഭിക്കുന്നുവെന്നതിനെയും പാടെ നിഷേധിച്ചു.

എന്നാൽ, ഒരു വിവേകജ്ഞാനിക്ക് ഇക്കാര്യം സുഗ്രഹമാകുന്നു, അതായത്, സൃഷ്ടികളിൽ ഉത്തമനായ മനുഷ്യന് ദൈവം പക്ഷിമൃഗാദികളടക്കമുള്ള മറ്റെല്ലാ സൃഷ്ടികൾക്കും മേൽ മേന്മയും മേധാവിത്വവും നൽകുകയും ബുദ്ധിയും ക്രാന്തദർശിത്വവും സമ്മാനിക്കുകയും ചെയ്തുകൊണ്ട് ദൈവത്തെ തിരിച്ചറിയാനുള്ള ഒരു ദാഹം അവനിൽ നിക്ഷേപിച്ചിരിക്കുന്നു. ആകയാൽ, ഈ എല്ലാ പ്രവൃത്തികളിലൂടെയും അവൻ നമ്മെ ബോധ്യപ്പെടുത്തിയിരിക്കുന്നത്, അവന്റെ സ്നേഹവും അനുരക്തിയും കരസ്ഥമാക്കാനാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചിരിക്കുന്നതെന്ന സത്യമാണ്. അപ്പോൾ മനുഷ്യൻ ദൈവവുമായുള്ള വൈയക്തികമായ ഒരു ആത്മസൗഹൃദത്തിന്റെ ഘട്ടം വരെ എത്തിച്ചേരുകയും അവന്റെ പ്രേമത്തിനുമേൽ ദൈവാനുരാഗം ഒരു ചൈതന്യം പോലെ വന്നിറങ്ങിക്കൊണ്ട് സർവവിധ ദൗർബല്യങ്ങളും ദൂരീകരിക്കുകയും ചെയ്യുന്നതാണെന്ന വസ്തുത എന്തിന് നിഷേധിക്കണം?

ആറാം ആത്മീയ ഘട്ടത്തെ സംബന്ധിച്ച് അരുൾ ചെയ്യപ്പെട്ട ''വല്ലദീന അലാ സ്വലവാത്തിഹിം യുഹാഫിദ്വൂൻ'' എന്ന സൂക്ത പ്രകാരം ദൈവസ്മരണയിൽ സ്ഥായിയായ സാന്നിദ്ധ്യവും വിനയാർദ്രഭാവങ്ങളും പരിപൂർണ ദാസത്വവും സ്വീകരിച്ചുകൊണ്ട് വിശ്വാസി തന്റെ നിലനിൽപ്പിന്റെ പരമലക്ഷ്യം പൂർത്തിയാക്കേണ്ടതുണ്ട്. അത് **''വമാ ഖലഖ്തുൽ ജിന്ന വൽഇൻസ ഇല്ലാലിയഅ്ബുദൂൻ''** അതായത്, ''ഞാൻ ജിന്നിനെയും മനുഷ്യരെയും എന്റെ ആരാധനക്ക് വേണ്ടിയല്ലാതെ സൃഷ്ടിച്ചിട്ടില്ല'' എന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാകുന്നു. ഈ ആരാധനയും അവന്റെ നിത്യസായൂജ്യവും വൈയക്തികമായ സ്നേഹത്തോടെയല്ലാതെ ഒരിക്കലും സാദ്ധ്യമല്ല. ഇവിടെ സ്നേഹമെന്നാൽ ഏകപക്ഷീയമല്ല. മറിച്ച് സൃഷ്ടിയുടെയും സ്രഷ്ടാവിന്റെയും സംയുക്തമായ സ്നേഹമാണ് ഉദ്ദേശ്യം. ഇടിമിന്നലേറ്റ് വീഴുന്ന മനഷ്യന്റെ ദേഹത്ത് പതിക്കുന്ന വിദ്യുച്ഛക്തി അവന്റെ അകതാരിലൂടെ പ്രവഹിക്കുന്നതുപോലെ ദൈവസ്നേഹത്തിന്റെ അഗ്നിസ്ഫുരണം മനുഷ്യന്റെയുള്ളിലെ ''ബശറീയത്തിന്റെ'' അഥവാ ''മനുഷ്യസഹജമായ'' എല്ലാ ദൗർബല്യങ്ങളെയും കരിച്ചുകളയുകയും ആ അനുരാഗസംഗമം ആത്മീയ അസ്തിത്വത്തെ പരിപൂർണമായും പിടിച്ചടക്കുകയും ചെയ്യുന്നു.

ഈയ്യൊരു അവസ്ഥയിലാണ് അഞ്ചാം ഘട്ടത്തിൽ വിവരിച്ച അമാനത്തുകളുടെയും സത്യപ്രതിജ്ഞകളുടെയും തികവാർന്നതും സന്ദർഭൗചിത്യപൂർണവുമായ നിർവഹണം സത്യവിശ്വാസിക്കു സാധ്യമായിത്തീരുന്നത്. ഇത്രമാത്രമാണ് അന്തരം, അഞ്ചാം ഘട്ടത്തിൽ വിശ്വാസി കേവലം തഖ്‌വയെ മുൻനിർത്തി ദൈവത്തിന്റെയും സൃഷ്ടികളുടെയും അമാനത്തുകളും പ്രതിജ്ഞകളും നിഷ്കർഷയോടെ പരിഗണിക്കുന്നു. എന്നാൽ ഈ ഘട്ടത്തിൽ ദൈവവുമായുണ്ടായ വൈയക്തികമായ അനുരാഗത്തിന്റെ ദിവ്യപ്രേരണയാലത്രെ സത്യവിശ്വാസി അവയെല്ലാം അനുഷ്ഠിക്കുന്നത്. അതുമൂലം അവനിൽ ദൈവസൃഷ്ടികളോടുള്ള അനുരക്തിയും അതിയായ നിലയിൽ അലതല്ലുമാറാകുന്നു. ദൈവത്തിൽനിന്നിറങ്ങിയ ആ റൂഹിന്റെ പ്രഭാവത്താൽ സർവവിധ കടമകളും ഒരു സഹജഗുണം പോലെ ഏറ്റവും തനിമയാർന്ന നിലയിൽ അവൻ നിർവഹിക്കുന്നു. ആ അവസ്ഥയിൽ സമാനമായ ബാഹ്യസൗന്ദര്യത്തേക്കാൾ ആന്തരിക സൗന്ദര്യം മികച്ചനിലയിൽ അവനു കരഗതമാകുന്നു. എന്തെന്നാൽ, അഞ്ചാം ഘട്ടത്തിൽ വൈയക്തികമായ അനുരാഗത്താൽ സൃഷ്ടിക്കപ്പെടുന്ന റൂഹ് മനുഷ്യനിൽ ഇറങ്ങാത്ത കാരണത്താൽ സൗന്ദര്യസാക്ഷാൽക്കാരം അതിന്റെ പരിപൂർത്തിയിൽ എത്തിയിട്ടില്ലായിരുന്നു. എന്നാൽ, റൂഹിന്റെ പ്രവേശത്തോടെ സൗന്ദര്യം അതിന്റെ ഏറ്റവും ഹൃദ്യവും മനോഹരവുമായ ഘട്ടം പ്രാപിക്കുമാറാകുന്നു. സുന്ദരനായ ഒരുവന്റെ ചേതനയുള്ള ശരീരത്തിലും ചേതനയറ്റ ശരീരത്തിലും ഒരേവിധം പ്രസരിപ്പും തരുണിമയും പ്രത്യക്ഷമാകുന്നില്ലെന്ന വസ്തുതയും സ്പഷ്ടമാണല്ലോ. (ബറാഹിനെ അഹ്മദിയ്യാ വാള്യം അഞ്ച്)

## ദുആയുടെ നിയമം

ദുആക്ക് വേണ്ടി നിയമമുണ്ട്. ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞതാണിത്. അല്ലാഹു ചിലപ്പോൾ അവനുദ്ദേശിച്ച കാര്യം സത്യവിശ്വാസിയെകൊണ്ട് അനുസരിപ്പിക്കുന്നു. ഇടയ്ക്ക് സത്യവിശ്വാസി പറയുന്ന കാര്യം അവൻ സ്വീകരിക്കുന്നു. അതുകൂടാതെ, നാമാണെങ്കിൽ എല്ലാം അറിയുന്നവരല്ല. നാം ആവശ്യപ്പെടുന്ന കാര്യങ്ങളുടെ അനന്തരഫലങ്ങളെ കുറിച്ചും നമുക്കറിയില്ല. അതുകൊണ്ട് ചില സമയങ്ങളിൽ മനുഷ്യൻ ആവശ്യപ്പെടുന്ന കാര്യം അവനുതന്നെ ഹാനികരമായതായിരിക്കാം. എന്നാലും ദൈവം ദുആകൾ സ്വീകരിക്കുന്നു. എന്നിട്ട് ദുആ ചെയ്യുന്നവനു ഏതൊന്നാണോ ഗുണകരമായത് അതവനു നൽകുന്നു. ഏതുപോലെയെന്നാൽ, ഒരു കൃഷിക്കാരൻ രാജാവിനോട് ഒരു മുന്തിയയിനം കുതിരയെ ആവശ്യപ്പെടുന്നു. രാജാവ് അവന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അവനു മുന്തിയ തരം കാളയെ നൽകുന്നു. അവനുവേണ്ടി ഉചിതമായിട്ടുള്ളത് അതുതന്നെയാണ്.

**– ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# ശതാബ്ദി ആഘോഷിക്കുന്ന കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 1919 – 2019

സംഭവബഹുലവും ത്യാഗനിർഭരവുമായ നൂറു സംവത്സരങ്ങൾ പിന്നിട്ട ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, കോഴിക്കോട് ശാഖ അതിന്റെ ശതാബ്ദി ആഘോഷിക്കുകയാണ്. കോഴിക്കോട് ജില്ലയിൽ അഹ്മദിയ്യാ ജമാഅത്ത് രൂപീകൃതമായതിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ കോഴിക്കോട്ടെ മുസ്‌ലിം സാമൂഹിക ചരിത്ര പശ്ചാത്തലത്തെ പറ്റി ഒരു വിവരണം.

എ. എം. മുഹമ്മദ് സലീം

ചരിത്ര നിയോഗങ്ങളുടെ കേദാര ഭൂമിയായ കോഴിക്കോട്ട്, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രൂപീകൃതമായിട്ട് നൂറ് വർഷം പിന്നിടുകയാണ്. വാഗ്ദത്ത മസീഹിന്റെ കാലത്ത് തന്നെ ആ ആത്മീയ സത്യത്തിന്റെ പരാഗ രേണുക്കൾ സത്യത്തിന്റെ പട്ടണം എന്ന് ചരിത്രത്തിൽ ഖ്യാതിയുള്ള കോഴിക്കോട്ടെ മനുഷ്യ ഹൃദയങ്ങളിലും വന്നു പതിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ തൃക്കരങ്ങൾ കൊണ്ട് 1889 മാർച്ച് 23 ന് തുടക്കം കുറിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഒരു ശാഖ കേവലം 30 വർഷത്തിന്നുള്ളിൽ കോഴിക്കോട്ടും സ്ഥാപിതമായി. സ്വാതിക വിശുദ്ധിയുടെ ഈ ജീവൽ സമൂഹം സംഭവബഹുലമായ നൂറു സംവത്സരങ്ങളിലൂടെ വളർച്ചയുടെ പടവുകൾ കയറി ഒരു ചരിത്ര സന്ധിയിൽ എത്തിനിൽക്കുകയാണ്. ഈ ചരിത്ര സന്ദർഭം സർവശക്തനും പ്രപഞ്ചപരിപാലക



നുമായ അല്ലാഹുവിനോടുള്ള നന്ദി പ്രകടനമായി നാം ഇവിടെ ആഘോഷിക്കുകയാണ്. ഒരു പ്രസ്ഥാനത്തിന്റെ പ്രത്യേകിച്ചും ഒരു ദൈവിക പ്രസ്ഥാനത്തിന്റെ നാൾവഴിയിൽ നൂറ് വർഷം എന്ന സുദീർഘമായ കാലഖണ്ഡത്തിന്ന് സുപ്രധാനമായ ചില സവിശേഷത കളുണ്ട്. അത് ആ പ്രസ്ഥാനത്തി ന്റെ സത്യത സംശോധന ചെയ്യാനു ള്ള കാലത്തിന്റെ ഉരക്കല്ലാണ്. അതായത് അല്ലാഹുവിന്റെ വാഗ്ദാനങ്ങളും ദൈവിക നിയമങ്ങ ളും ഒരു ദൈവ നിയോഗിതൻ സ്ഥാപിച്ച ഈ പ്രസ്ഥാനത്തിൽ ഏത് വിധം പ്രവർത്തിച്ചു എന്നറിയാൻ സത്യാന്വേഷികൾക്ക് ഒരു അവസരം ഈ കാലപൂർത്തി നൽകുന്നു. ഈ സത്യസാക്ഷ്യം സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ നടത്തിയ ഒരു ഉദ്ബോധനം ഇപ്രകാരമാണ്.

***'അദ്ദേഹം നമ്മുടെ മേൽ ചില വാക്കുകൾ കെട്ടിചുമത്തി യിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലത് കൈകൊണ്ട് പിടിക്കുമായി രുന്നു. എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയു മായിരുന്നു. അപ്പോൾ അവയെ തടയുന്നവരാരും നിങ്ങളിലുണ്ടാ വുകയില്ല. തീർച്ചയായും ഇത് (ഖുർആൻ) ദോഷബാധയെ സൂക്ഷിക്കുന്നവർക്കൊരു ഉദ്ബോ ധനമാകുന്നു.' (69: 45)***

ഖുർആനിക മാനദണ്ഡമനു സരിച്ച് ദൈവത്തിൽ നിന്നും വെളിപാടുകൾ ലഭിക്കുന്നുവെന്ന് വ്യാജമായി വാദിക്കുന്ന ഒരാളുടെ ജീവനാഡി അറുത്തുകളയുമെന്ന് അല്ലാഹു ഖണ്ഡിതമായി പ്രഖ്യാപ നം നടത്തിയിരിക്കെ ദൈവിക വെളിപാടുകളുടെ സ്വീകർത്താവാ ണ് താൻ എന്ന് ആധികാരികമായി നിരന്തരം ആണയിട്ട് പറഞ്ഞ ഒരു മഹാത്മാവിന്റെ പ്രസ്ഥാനം നൂറുകൊല്ലം അതിജീവിച്ചു എന്നത് തന്നെ ഒരു ദിവ്യദൃഷ്ടാന്തമാണ്. എതിർപ്പിന്റെ കൊടുങ്കാറ്റ് ആഞ്ഞടി ക്കുമ്പോഴും വളർച്ചയുടെ പടവു കളിലേക്ക് ഒരു ശതാബ്ദക്കാലമായി ആഗോളതലത്തിൽ ആവേഗം കൊള്ളുന്ന ഒരു പ്രസ്ഥാനത്തിന്റെ സത്യ സാക്ഷ്യത്തിന്ന് വാസ്തവ ത്തിൽ മറ്റൊരു പ്രമാണത്തിന്റേയും ആവശ്യമില്ല.

പ്രവാചക കേന്ദ്രിതവും ദൈവിക വെളിപാടുകളുടെ പോഷ ണം കൊണ്ട് അനുഗൃഹീതവുമായ ഒരു മത സമൂഹത്തിന്റെ ഭാഗമെന്ന നിലക്ക് കോഴിക്കോട്ടെ അഹ്മദിയ്യാ സമൂഹം തീക്ഷ്ണ പരീക്ഷണങ്ങളു ടെയും നിശിതമായ വിമർശനങ്ങളു ടെയും ക്രൂരമായ സാമൂഹിക ബഹിഷ്ക്കരണങ്ങളുടെയും അപ്രതിരോധ്യമായ എതിർപ്പുകളു ടേയും കനൽ പഥങ്ങളിലൂടെ യായിരുന്നു സഞ്ചരിച്ചത്. കോഴി ക്കോട്ടെ മുസ്ലിം പൗരാവലിയും ഇസ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന്റെ പ്രസ്ഥാനത്തോട് അഥവാ അഹ്മദിയ്യാ ഖിലാഫത്തി നോട് മയപ്പെട്ട സമീപനം സ്വീകരി ച്ചില്ല. പ്രവാചക പ്രസ്ഥാനങ്ങൾക്ക് എവിടെയുമുള്ള ചരിത്രപൈതൃകം അതായിരുന്നുവല്ലോ.

## മുസ്ലിംകൾ പഠിക്കാത്ത ഒരു മഹാ ചരിത്ര പാഠം

ഒരുപാട് നല്ല ഗുണങ്ങളു ണ്ടായിരുന്നിട്ടും കോഴിക്കോട്ടെ മുസ്ലിം സമൂഹവും പ്രവാചക ചരിത്രങ്ങളുടെ ഗുണപാഠം ഉൾക്കൊണ്ടില്ല. ഈ സന്ദർഭത്തിൽ മുസ്ലിംകൾക്ക് മുമ്പിൽ ആവർത്തി ച്ചാവർത്തിച്ച് പഠിപ്പിക്കപ്പെട്ട ഒരു മഹാ ചരിത്രസത്യത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുക യാണ്. ബനീ ഇസ്റയേൽ സമൂഹ ത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മസീഹ്, ചെങ്കോലും സിംഹാസനവും തങ്ങൾക്ക് കൊണ്ട് വരുമെന്ന് ഇസ്റയേൽ ജനത വിശ്വസിച്ചു. പ്രവചനങ്ങളുടെ അക്ഷരപൂജകരായിരുന്നു അവർ. ബാബിലോണിയ പേർഷ്യ ഗ്രീക്ക് റോമൻ അടിമത്ത്വത്തിന്ന് കീഴിൽ നൂറ്റാണ്ടുകളോളം യഹൂദ ജനത നിറം പിടിപ്പിച്ച ഈ രാജകീയ സ്വപ്നങ്ങളുടെ പൂർത്തീകരണത്തി ന്ന് വേണ്ടി കാത്തിരുന്നു. മിശി ഹായുടെ അവരോഹണത്തിന്നായി കണ്ണീർ പൊഴിച്ച് യഹോവയോട് പ്രാർഥിക്കുകയും ജറുസലേമിലെ വിലപിക്കുന്ന ഭിത്തിയിൽ തലയിട്ട ടിക്കുകയും ചെയ്തു. അങ്ങനെ ഇസ്റയേലികൾക്ക് വാഗ്ദാനം ചെയ്ത മിശിഹാ കന്യാപുത്രനായി ജനിക്കുകയും നിസ്വനിൽ നിസ്വനാ യി യഹൂദ ജനതയുടെ മുമ്പിൽ സുവിശേഷവുമായി വന്നു നിൽക്കുകയും ചെയ്തു. അധികാര വിഭൂഷിതനും രാജാഭിഷിക്തനു മായി വരുമെന്ന് പ്രതീക്ഷിച്ച യേശു മിശിഹാ ദാരിദ്ര്യത്തിന്റെ കീറിപ്പറി ഞ്ഞ അംഗവസ്ത്രവുമായി അവർ ക്ക് മുമ്പിൽ സമാഗതനായപ്പോൾ ഇസ്റയേൽ മസീഹ് ക്രൂരമായി നിരാകരിക്കപ്പെടുകയുണ്ടായി. അവർ മസീഹിനോട് ചോദിച്ചത് അധികാരവും ഭരണവുമായിരുന്നു.

ക്രൂരരായ യഹൂദർ ചാട്ടവാർ കൊണ്ട് ദേഹമാസകലം ആ പരിശുദ്ധാത്മാവിനെ പ്രഹരിച്ചു. മുഖത്ത് കാർക്കിച്ചു തുപ്പി. ഞാണങ്ങാക്കോൽ കൊണ്ട് തലക്കടിച്ചു. തലയിൽ മുൾക്കിരീട മണിയിച്ചു യഹൂദരുടെ രാജാവേ സ്വസ്തി എന്ന് പരിഹസിച്ചു. അവസാനം കുരിശിൽക്കയറ്റി ക്കൊല്ലാനും അവർ ധൃഷ്ടരായി. തങ്ങളുടെ ഭൗതിക കാമനകളുടെ പൂരണത്തിന്നായി രാജകീയ പ്രതാപത്തിന്റെ ഹാവഭാവങ്ങളോ ടെ മസീഹ് ആഗതനാകുമെന്ന് കാത്തിരുന്ന അവർ നിസ്വനും ദരിദ്രനുമായി ദൈവത്തിന്റെ സ്നേ ഹം പ്രഘോഷണം ചെയ്തുകൊണ്ട് മഹാനായ യേശു പ്രേഷിതനായ പ്പോൾ അദ്ദേഹം നിഷ്ക്കരുണം നിരാകരിക്കപ്പെട്ട ചരിത്രം വേദ പുസ്തകങ്ങളായ ഖുർആനും ബൈബിളും കൃത്യമായും വ്യക്ത മായും നമുക്ക് പറഞ്ഞു തന്നു. നാം കരുതിയിരിക്കേണ്ട മതപാഠമെന്ന നിലക്ക് ആ ചരിത്ര പാഠം വിശ്വാസി സമൂഹത്തിന്റെ ഹൃദയത്തിൽ കോറിയിട്ടു. ചിരകാലമായി

പ്രമാണിക ഗ്രന്ഥങ്ങളിലൂടെ മുസ്‌ലിംകൾ പഠനം ചെയ്ത ഈ മഹാചരിത്രം നമ്മുടെ മുമ്പിലുണ്ട്. ആര് ആ ചരിത്രം മറന്നാലും മുസ്‌ലികൾ ആ ചരിത്രം വിസ്മരിക്കാൻ പാടില്ലായിരുന്നു. നൂറ്റാണ്ടുകളായി മുസ്‌ലിംകൾക്ക് ഹൃദിസ്ഥമായ മുഹമ്മദ് നബി(സ) യുടെ മസീഹിന്റെ അവതരണ ഘട്ടം വന്നപ്പോൾ രണ്ടായിരം വർഷം മുമ്പ് യഹൂദർ അനുവർത്തിച്ച അതേ പ്രതികരണം തന്നെയാണ് ബഹുഭൂരിപക്ഷം മുസ്‌ലിംകളും കാഴ്ച്ചവെച്ചത്. ചരിത്രത്തിന്റെ ഈ ആവർത്തനത്തെപറ്റി ഖുർആൻ പറയുന്നു: *'നിനക്ക് മുമ്പുള്ള പ്രവാചകന്മാരെക്കുറിച്ച് ആക്ഷേപിക്കപ്പെട്ടത് പോലെയല്ലാതെ നിന്നെ കുറിച്ചും ആക്ഷേപിക്കപ്പെട്ടിട്ടില്ല.' (ഹാ മീം സ ജ ദ 41 : 42)*

യേശുവിനോട് ചോദിക്കപ്പെട്ടത് പോലെ നിരർത്ഥകമായ ചോദ്യങ്ങൾ റസൂൽ തിരുമേനി(സ) യുടെ വാഗ്ദത്ത മസീഹിനോടും ചോദിക്കപ്പെട്ടു. ഭൗതികവും ലൗകികവുമായ തങ്ങളുടെ നിറം പിടിപ്പിച്ച ആഗ്രഹങ്ങളുടെ സാഫല്യമായിരുന്നു യഹൂദരെപ്പോലെ അവരും ആഗ്രഹിച്ചത്. ദൈവപ്രേഷിതർ വരുമ്പോഴുണ്ടാകുന്ന ആത്മസംസ്‌ക്കരണാത്മകവും സംവാദാത്മകവും ത്യാഗപൂർണമായ സ്വാഭാവികമായ ആത്മീയ പരിവർത്തനങ്ങളുടെ ചരിത്ര പാഠം അവർ മറന്നു പോയി. വരുന്ന മസീഹ് ദജ്ജാലിനോട് ആഗോള യുദ്ധം നടത്തി തോൽപ്പിച്ച് ലോകഭരണം മുസ്‌ലിംകളുടെ കൈയ്യിൽ വെച്ചുകൊടുക്കണം. മസീഹിന്റെ അവതരണം ഇതിഹാസ വത്ക്കരിക്കപ്പെടുകയായിരുന്നു. അയുക്തികമായ യക്ഷിക്കഥകൾ പോലെ അവരതിനെ താലോലിച്ചു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞത് പോലെ മസീഹിലൂടെ അവർ പ്രതീക്ഷിച്ചത് സർവ കാര്യങ്ങളും സാദ്ധ്യമാവുന്ന അറബിക്കഥയിലെ അലാവുദ്ദീന്റെ അത്ഭുതവിളക്കിലെ ജിന്നിനെപ്പോലെ ആഗ്രഹിക്കുന്നതെന്തും നിവർത്തിയാക്കുന്ന ഒരു അത്ഭുത മസീഹിനെയായിരുന്നു. യഹൂദരുടെ വാഗ്ദത്ത മസീഹായ യേശുവിനോട് താങ്കൾ യഹൂദരുടെ രാജാവാണോ? എന്ന് ചോദിക്കപ്പെട്ടപ്പോൾ 'എന്റെ രാജ്യം ഐഹികമല്ല' എന്ന് ബൈബിൾ രേഖപ്പെടുത്തിയ മറുപടി ലോകം ശ്രവിച്ചതാണ്. റസൂൽ തിരുമേനി (സ)യുടെ മസീഹിനോട് അതേ ചോദ്യം തന്നെയാണ് യഹൂദരെപ്പോലെ മുസ്‌ലിംകളും ചോദിച്ചത്. താങ്കൾ മസീഹാണെങ്കിൽ 40 വർഷത്തെ ആഗോള ഭരണമെവിടെ എന്ന്? പ്രതീകാത്മകമായി സംസാരിക്കുന്ന പ്രവാചകന്മാരുടെ വചനങ്ങളിലെ ആത്മീയമായ അർഥധ്വനി ഗ്രഹിക്കാൻ കഴിയാത്ത വിധം യഹൂദിയത്ത് ഗ്രസിച്ച ഒരു ജനതയായി മുസ്‌ലിംകൾ അധഃപതിച്ചിരിക്കുന്നു. അവരുടെ ജീവിതസാഫല്യത്തിന്റെ പരമലക്ഷ്യം അധികാരവും ദുനിയാവുമായി മാറിക്കഴിഞ്ഞിരിക്കുന്നു.

## ഗൗതമ ബുദ്ധനെപ്പോലെ ഒരു കേരള രാജാവ്

ഗൗതമ ബുദ്ധനെപ്പോലെ ചെങ്കോലും സിംഹാസനവും ഉപേക്ഷിച്ച് മക്കത്ത് പ്രത്യക്ഷപ്പെട്ട ആത്മീയ കുലപതിയെ തേടിപ്പോയ മഹാനായ നമ്മുടെ കേരളിയ രാജാവ് ഹദ്റത്ത് ചേരമാൻ പെരുമാളിന്റെ അത്യപൂർവമായ പാരമ്പര്യമുള്ള നാടാണിത്. മഹോദയ പുരം (കൊടുംങ്ങല്ലൂർ) ആസ്ഥാനമാക്കി കേരളം ഭരിച്ചിരുന്ന അവസാനത്തെ കേരള ചക്രവർത്തിയായിരുന്നു ചേരമാൻ പെരുമാൾ. ചന്ദ്രനിലുണ്ടായ ഒരു ഖഗോള പ്രതിഭാസം കൊടുങ്ങല്ലൂരിൽ നിന്ന് നോക്കി കണ്ട ഹദ്റത്ത് പെരുമാൾ മക്കത്ത് പോയി റസൂൽ തിരുമേനി (സ)യുടെ തിരുമുഖം ദർശിച്ചു. അദ്ദേഹം അബ്ദുറഹ്മാൻ സാമിരി എന്നാണ് പിന്നീട് അറിയപ്പെട്ടത്. അതിന്ന് ശേഷം പെരുമാളിന്റെ നേതൃത്വത്തിൽ മാലിക് ദീനാർ എന്ന മിഷണറിയും സംഘവും മലബാർ തീരത്തേക്ക് പരിശുദ്ധ ദീൻ പ്രചരിപ്പിക്കാൻ പുറപ്പെടുകയും ചേരമാൻ പെരുമാൾ വഴിക്കുവെച്ച് ദിവംഗതനാവുകയുമാണുണ്ടായത്. മസ്ക്കറ്റിലെ സലാലയിൽ മഹാനായ ആ കേരളീയ രാജാവിന്റെ മഖ്ബറ ഇന്നും സ്ഥിതിചെയ്യുന്നു. ഖേദകരമെന്ന് പറയട്ടെ ആത്മീയ മോക്ഷത്തിന്നായി സകലതും പരിത്യജിച്ച് കൊട്ടാരം വിട്ടിറങ്ങിയ ഇതിഹാസ തുല്യമായ അധികാര ത്യാഗം ചെയ്ത ഈ അവസാനത്തെ കേരളീയ രാജാവിന്റെ മഖ്ബറ സലാലയിൽ ഉണ്ടായിട്ടും കേരള ചരിത്ര രചനയുടെ ഔദ്യോഗിക അധികാരികൾ ഈ കേരള രാജാവിനെക്കുറിച്ച് കാര്യമായ യാതൊരു ഗവേഷണവും നടത്താത്തത് അത്ഭുകരമാണ്. കേരളത്തിന്റെ അവസാനത്തെ ഈ രാജാവിനെ കുറിച്ച് ആധികാരിക ചരിത്രപണ്ഡിതന്മാരോ അക്കാദമിക സ്ഥാപനങ്ങളോ ഗവേഷണം നടത്താനോ അന്വേഷിക്കാനോ മുതിരാതെ ഐതീഹ്യങ്ങളുടെ തടവറയിൽ കഴിയാനാണ് വിധിച്ചിട്ടുള്ളത്. മതപക്ഷപാതിത്വം മൂലം സ്വന്തം പൈതൃകത്തോട് കാണിക്കുന്ന ഈ അവഗണന തികച്ചും അപലപനീയമാണെന്ന് സാന്ദർഭികമായി പറയട്ടെ.

ചേരമാൻ പെരുമാളിന്റെ മതാശ്ലേഷണവുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട കേരളോൽപ്പത്തിയിലും 20-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഐഹിത്യ മാലയിലും ചേരമാൻ പെരുമാൾ കഥ പ്രതിപാതിക്കുന്നുണ്ട്. ചേരമാൻ പെരുമാളിനെ പറ്റി പറയപ്പെട്ട എല്ലാ ഐതിഹ്യങ്ങളിലും പുരാവൃത്തങ്ങളിലും വാമൊഴി പാരമ്പര്യത്തിലും അറബിയിലും മലയാളത്തിലും അറബി-മലയാളത്തിലുമുള്ള പഴയ പാട്ട് പാരമ്പര്യത്തിലും പുരാതനമായ പഴന്തമിഴിലും ചേരന്മാരുടെ

നാടിനെ പറ്റി പറയുന്നു. ഈ കഥകളിലെല്ലാം പെരുമാൾ മക്കത്ത് പോയ കഥയും അതോടൊപ്പം ചന്ദ്രൻ പിളർന്ന ഖഗോള പ്രതിഭാസവും പ്രതിപാദിച്ചിട്ടുണ്ട്. ഈ ചാന്ദ്ര പ്രതിഭാസം വിശുദ്ധ ഖുർആനിലും രേഖപ്പെടുത്തിയിട്ടുണ്ട്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഒരു ഇന്ത്യൻ രാജാവ് ചന്ദ്രന്റെ ഈ പ്രതിഭാസം ദർശിച്ച് ഇസ്‌ലാംമതം സ്വീകരിച്ചതിനെ പറ്റി വിവരിക്കുന്നുണ്ട്. ലോകം മുഴുക്കെ സാർവ ജനീന ദൗത്യവുമായി വന്ന റസൂൽ തിരുമേനി (സ) ക്കായി ലോകത്തുള്ള എല്ലാവർക്കും ദർശിക്കാൻ കഴിയത്തക്ക വിധം ഭൂമിയുടെ സ്വാഭാവിക ഉപഗ്രഹമായ ചന്ദ്രനുമേൽ തന്നെ അല്ലാഹു ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുകയാണുണ്ടായത്. ഇത്തരമൊരു പ്രതിഭാസവും ഒരു മഹാത്മാവിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ട് സംഭവിക്കുമെന്ന് അതാത് ദേശത്തുള്ള മതഗ്രന്ഥങ്ങളിൽ ഏതെങ്കിലും രീതിയിലുള്ള പ്രവചനങ്ങളുമുണ്ടാകാം. സർവ ജനതകൾക്കുമുള്ള ആ പ്രവാചകൻ ആഗതനായി എന്നുള്ള വിളംബരം ലോകത്തെ അറിയിക്കാൻ അല്ലാഹു തിരഞ്ഞെടുത്ത മനുഷ്യകരങ്ങൾക്കതീതമായതും വിദൂര ദേശത്ത് പോലും കാണാൻ കഴിയുന്നതുമായ ചന്ദ്രൻ പിളർന്ന ഈ സംഭവം വാഗ്ദത്ത മസീഹിന്റെ അടയാളമായി ഭൂമിയുടെ രണ്ട് അർദ്ധഗോളങ്ങളിലുമുണ്ടായ സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ പ്രവചനവും അതിന്റെ പുലർച്ചയും ഇതുപോലെയുള്ള ഒരു ഖഗോള പ്രതിഭാസമാണെന്നോർക്കുക. റസൂൽ തിരുമേനി (സ) യുടെ കാലത്ത് ചന്ദ്രൻ പിളർന്ന സംഭവവും അതോടനുബന്ധിച്ച് ഒരു ഇന്ത്യൻ രാജാവിന്റെ മതപരിവർത്തനവും ഹദ്റത്ത് അഹ്മദ് (അ) വിവരിക്കുന്നുണ്ട്. അതിപ്രകാരമാണ്.

***'ഈ സംഭവത്തിനു (ചന്ദ്രൻ പിളർന്നത്) താരീഖെ ഫരിശ്ത എന്ന ഗ്രന്ഥം അതിന്റെ കർത്താവിന്റെ കാലത്ത് തന്നെ ഹിന്ദുക്കളിൽ പ്രചുരപ്രചാരം സിദ്ധിച്ചിരുന്നുവെന്നാണ് മനസ്സിലാവുന്നത്. എന്തെന്നാൽ അദ്ദേഹം തന്റെ പ്രബന്ധത്തിന്റെ പത്താം ഭാഗത്ത് ഹിന്ദുക്കളിൽ പ്രസിദ്ധമായ ഒരു സംഭവം ഉദ്ധരിക്കുന്നുണ്ട്. മാൾവ സംസ്ഥാനത്തെ ചമ്പൽ നദിയോട് ചേർന്ന ശഹർദാർ എന്നൊരു ദേശമുണ്ട് . ഇപ്പോൾ അതിനെ ധാരാനഗരി എന്നാണ് വിളിക്കാറുള്ളത് എന്ന് തോന്നുന്നു. അവിടുത്തെ രാജാവ് തന്റെ രമ്യഹർമ്യത്തിലെ മട്ടുപ്പാവിലിരിക്കവെ ചന്ദ്രൻ പെട്ടെന്ന് രണ്ടായി പിളരുകയും പിന്നെ അത് ഒന്നായി തീരുകയും ചെയ്യുന്നത് കാണുകയുണ്ടായി അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്ന് മനസ്സിലായത് അത് അറേബ്യയിലെ നബി (സ) യുടെ ദൃഷ്ടാന്തമാണെന്നാണ്. അങ്ങനെ അദ്ദേഹം മുസ്‌ലിമാവുകയുണ്ടായി.' (റൂഹാനി ഖസായിൻ, വോ 1, 2 പേ 79)***

വാഗ്ദത്ത മസീഹ് ഇവിടെ പരാമർശിച്ച പേരിൽ വ്യത്യാസം വന്നതാകാമെന്ന് (മലബാർ എന്നതിന്ന് പകരം മൾവ) ഖലീഫത്തുൽ മസീഹ് ഖാമിസ് 2008 നവംബറിൽ കേരളത്തിൽ വന്നതിന്ന് ശേഷമുള്ള ഖുത്ബയിൽ പരാമർശിച്ചിട്ടുണ്ട് എന്ന കാര്യം ഓർക്കുക.

റസൂൽ തിരുമേനി(സ)യുടെ കാലത്തുണ്ടായ ചന്ദ്രൻ പിളർന്ന ഈ സംഭവം പെരുമാൾ തന്നെ നേരിട്ട് ദർശിച്ചിട്ടുണ്ട് എന്നത് ഇവിടുത്തെ പ്രബലമായ പാരമ്പര്യ വിശ്വാസമാണ്. ഈ സംഭവമാണ് റസൂൽ തിരുമേനി (സ) യും ചേരമാൻ പെരുമാളിനെയും സമകാലികനാക്കി മാറ്റുന്ന സുപ്രധാന ഘടകം. ചേരമാൻ പെരുമാൾ മക്കത്തേക്ക് പോയത് റസൂൽ തിരുമേനി (സ)യുടെ കാലത്താണെന്നും അദ്ദേഹം നബി(സ)യെ കണ്ട് താജുദ്ദീൻ എന്ന പേരു സ്വീകരിച്ചുവെന്നും കേരളോൽപ്പത്തിയിൽ പറയുന്നു. എന്നാൽ ശൈഖ് സൈനുദ്ദീന്റെ അഭിപ്രായം ഇരുനൂറ് വർഷത്തിന്ന് ശേഷമാണ് പെരുമാൾ ഇസ്‌ലാം സ്വീകരിച്ചത് എന്നാണ്. കേരളം മൊത്തം ഭരിച്ചിരുന്ന ചേരമാൻ പെരുമാളിന്റെ ആശ്രിതനായിരുന്നു കോഴിക്കോട്ടെ സാമൂതിരി രാജാവ്.

വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ് (അ) ഉദ്ധരിച്ച **'താരിഖെ ഫരിശ്ത'** എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഫരിശ്ത എന്ന ഗ്രന്ഥകാരൻ പതിനാറാം നൂറ്റാണ്ടിലെ പേർഷ്യക്കാരനായ സുപ്രസിദ്ധ ചരിത്രകാരനാണ്. അദ്ദേത്തിന്റെ നാമം മുഹമ്മദ് ഖാസിം ഹിന്ദുഷാ (1560 –1620) എന്നാണ്. തുഹ്ഫത്തുൽ മുജാഹിദിന്റെ കർത്താവ് ശൈഖ് സൈനുദ്ദീൻ മഖ്ദൂം (1465–1522) തൊട്ട് മുമ്പാണ് ജീവിച്ചത്. ഫരിശ്തയുടെ പ്രസ്തുത പുസ്തകത്തിൽ ഒരിടത്ത് മലബാറിലെ രാജാവിന്റെ മതപ്രവേശനം നടന്നത് റസൂൽ തിരുമേനി(സ) യുടെ കാലത്ത് തന്നെയായിരുന്നു എന്ന് പറയുന്നതായി കേരത്തിലെ പ്രശസ്ത ചരിത്രകാരനായ പി എ സൈയ്ദ് മുഹമ്മദിന്റെ ***'കേരള മുസ്‌ലിം ചരിത്രത്തിൽ പറയുന്നു ഹിജ്റയുടെ ആരംഭത്തിൽ തന്നെ ഹളർമൗത്തിലേയും യമനിലേയും ഇതര പ്രദേശങ്ങളുമായി കേരളത്തിന് കച്ചവട ബന്ധമുണ്ടായിരുന്നെന്നാണ് റോമൻ ചരിത്രകാരന്മാർ പല സ്ഥലങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവാചകന്റെ കാലത്ത് തന്നെയാണ് മലബാർ രാജാവിന്റെ മതപ്രവേശനം നടന്നതെന്ന് സുപ്രസിദ്ധ ചരിത്രകാരനായ ഫരിശ്ത പറയുന്നു. (താരീഖെ ഫരിശ്ത, വാല്യം 2 ഭാഗം 370) ഇത് സംബന്ധിച്ച് മറ്റൊരു പ്രധാന രേഖ ലണ്ടൻ ലൈബ്രേറിയിലും ഉണ്ട്. അതിനെ കുറിച്ച് കൂടുതൽ ഗവേഷണം നടത്തിയ ഡോ. ബർണ്ണാലു വിന്റെ നിഗമന പ്രകാരം ചേരമാൻ പ്രവാചകന്റെ സമകാലികനാണെന്ന് തെളിയുന്നു. (പി. എ. സെയ്ദ് മുഹമ്മദ്, കേരള മുസ്‌ലിം ചരിത്രം) .***

അറയ്ക്കൽ രാജസ്വരൂപത്തിലെ രേഖകളിൽ ചേരമാൻ പെരുമാൾ മതം മാറി മക്കത്ത് പോയി താജുദ്ദീൻ എന്ന പേര് സ്വീകരിച്ചതായി കാണുന്നു. ഹിജ്റ 122, 163 എന്നീ വർഷങ്ങളിൽ അറയ്ക്കൽ രാജസ്വരൂപത്തിൽ നിന്നും അടിച്ചിറക്കിയ നാണയങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ചേരമാൻ പെരുമാളുടെ തന്നെ സ്വന്തം മരുമകനാണ് അറയ്ക്കൽ രാജസ്വരൂപമെന്നതിനാൽ അതിന്ന് മുമ്പ് തന്നെ ചേരമാൻ പെരുമാളിന്റെ ഇസ്ലാം മതാശ്ലേഷണം ഉണ്ടാവുകയും അറയ്ക്കൽ രാജവംശം നിലവിൽ വന്നിട്ടുണ്ടായിരിക്കുകയും വേണം എന്നതിന്ന് പ്രബലമായ തെളിവാണ് ഈ നാണയങ്ങൾ.

സി എൻ അഹ്മദ് മൗലവി തന്റെ മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം എന്ന ഗ്രന്ഥത്തിൽ താബൂറിന്റെ **'ഫിർദൗസുൽ ഹിക്മത്തിൽ'** പെരുമാൾ നബി (സ) യേടൊപ്പം 17 ദിവസം താമസിച്ചിട്ടുണ്ടെന്ന് എഴുതിയിട്ടുണ്ട്.

**'ഒരു ഇന്ത്യൻ രാജാവ് ഒരു ഭരണി ഇഞ്ചി അച്ചാർ (ഇഞ്ചി മുറബി) നബിക്ക് സമ്മാനി ച്ചെന്നും നബി (സ) അത് അനുയായികളുമായി പങ്ക് വെച്ചുവെന്നും അപ്പോൾ ഹദ്റത്ത് *അബൂബക്കർ (റ) കൂടെ ഉണ്ടായിരുന്നുവെന്നും രാജാവ് അവിടെ വെച്ച് മതം മാറിയെന്നും ഹാക്കിം തന്റെ 'അൽമുസ്തദ്റക്' എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ' (സി. എൻ അഹ്മദ് മൗലവി , മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം).***

## കോഴിക്കോട് ചരിത്രത്തിൽ

ലോകരാജ്യങ്ങളുടെ അതിർത്തികൾ സ്പർശിച്ച് പ്രവിശാലമായ ജല വിസ്തൃതിയിലേക്ക് വിവൃതമായി നിൽക്കുന്ന അറബിക്കടലിന്റെ തീരത്ത് ലോകത്തെ മുഴുവൻ സ്വാഗതം ചെയ്ത് നിന്ന ചരിത്ര പ്രസിദ്ധമായ കൊച്ചു നാടായി കോഴിക്കോട് നിലകൊണ്ടു. കുടിയേറ്റക്കാരും വിദേശ വ്യാപാരികളും മതപ്രചാരകരും സഞ്ചാരികളും കോളണി വാഴ്ച്ചക്കാരും അങ്ങനെ പലവിധ ജീവിത ദൗത്യങ്ങളുമായി ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും വിദേശികളും സ്വദേശികളും പുരാതനകാലം മുതൽ അതിഥികളും അധിനിവേശക്കാരുമായി കരവഴിയും കടൽ വഴിയും കോഴിക്കോട്ടെത്തി.

മഹാശിലായുഗ കാലത്ത് തന്നെ കോഴിക്കോട്ട് ജനവാസമുണ്ടായിരുന്നു. ഈ പ്രാചീന സംസ്ക്കാരത്തിന്റെ ചിഹ്നങ്ങളെന്ന് കരുതപ്പെടുന്ന കന്മഴുവും മൺപാത്രങ്ങളും കുടക്കല്ലുകളും തൊപ്പിക്കല്ലുകളും കോഴിക്കോട്ടും പരിസരത്ത്നിന്നും ലഭിച്ചിട്ടുണ്ട്. ഇത് മഹാശിലായുഗ സംസ്ക്കാരത്തിന്ന് മുമ്പും പിമ്പുമായി കോഴിക്കോട്ടും പരിസരത്തും മനുഷ്യ വാസം ആരംഭിച്ചിരുന്നു എന്ന് തെളിയിക്കുന്നു. വടക്കേ ഇന്ത്യയിൽ നിന്നും കോഴിക്കോട്ടേക്ക് വന്ന യാദവന്മാർ മായനാട് എന്ന സ്ഥലത്താണ് ആദ്യമായി കുടിയേറിയത് എന്ന് കരുതപ്പെടുന്നു. പരിസരമായ കോവൂർ, വെള്ളിപറമ്പ്, വെള്ളിമാട് കുന്ന് എന്നി വിടങ്ങളിലും യാദവ കുടിയേറ്റങ്ങളുണ്ടായി.

ചരിത്ര കാലഘട്ടത്തിൽ അതിപുരാതന കാലം മുതൽ കോഴിക്കോടിനെപറ്റിയുള്ള പരാമർശം കാണാം. സോളമൻ ചക്രവർത്തിക്ക് (സുലൈമാൻ നബി) സ്വർണ്ണവും വെള്ളിയും കൊണ്ടുവന്ന ബൈബിൾ പരാമർശിച്ച ഓഫീർ തുറമുഖം കോഴിക്കോട്ടെ ബേപ്പൂർ ആണെന്ന് നിരവധി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പെരിപ്ലസിന്റെ കർത്താവ് ബേപ്പൂരിന്റെ പുരാതന നാമം തിണ്ടിസ് ആണെന്ന് രേഖപ്പെടുത്തുന്നു. പുരാതനകാലം മുതലെയുള്ള പ്രസിദ്ധി കാരണം കോഴിക്കോട് സഞ്ചാരികളുടെ പറുദീസയായി മാറി. അതുകൊണ്ട് പല സഞ്ചാരക്കുറിപ്പുകളിലും കോഴിക്കോട് സ്ഥാനം പിടിക്കുകയുണ്ടായി. അബുൽ ഫിദാ (1272) ഇബ്നു ബത്തൂത്ത (14-ാംനൂറ്റാണ്ട്) ചൈനീസ് മുസ്ലിമായ മഹ്വാൻ (ക്രി. വ 1403) അബ്ദുർ റസ്സാഖ് (ക്രി. 1442) നിക്കോളോ കോണ്ടി (15-ാം നൂറ്റാണ്ട്) അൽബിറൂണി, റശീദുദ്ദീൻ, അൽ ഇദ്രീസി മുതലായ നിരവധി സഞ്ചാരികൾ കോഴിക്കോട് സന്ദർശിക്കുകയും സഞ്ചാരക്കുറിപ്പുകളിൽ രേഖപ്പെടുത്തുകയും ചെയ്യുകയുമുണ്ടായി.

30 വർഷം നീണ്ടുനിന്ന യാത്രയിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം കിലോമീറ്റർ സഞ്ചരിച്ച 14-ാം നൂറ്റാണ്ടിലെ വിശ്വപ്രശസ്തനായ മോറോക്കൻ ലോക സഞ്ചാരി ഇബ്നു ബത്തൂത്തയുടെ (1304-1378) സഞ്ചാരക്കുറിപ്പുകൾ കോഴിക്കോടിനെ ഏറെ പ്രശസ്തമാക്കി. ആറ് തവണയാണ് അദ്ദേഹം കോഴിക്കോട് സന്ദർശിച്ചത്. ഡൽഹിയിലെത്തിയ ബത്തൂത്വ അക്കാലത്ത് ഡൽഹി ഭരിച്ചിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്ക് ചൈനയിലേക്കുള്ള പ്രതിനിധിയായി ഒരു കപ്പൽ നിറയെ പാരിതോഷികങ്ങളുമായി അയച്ചു. കൊങ്കൺ വഴി കടലിലൂടെയാണ് അദ്ദേഹം ചൈനയിലേക്ക് യാത്ര ചെയ്തത്. കോഴിക്കോട്ട് നങ്കൂരമിട്ട കപ്പൽ കാറ്റിലും കോളിലും പെട്ട് തകർന്നുപോയി. അത് കാരണം മാസങ്ങളോളം അദ്ദേഹത്തിന് കോഴിക്കോട്ട് തങ്ങേണ്ടി വന്നു. ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച കഥയോ മാലിക് ദീനാർ കേരളത്തിൽ വന്ന വിവരമോ ബത്തൂത്ത വിവരിച്ചുകാണുന്നില്ല. ഏഴിമല, ശ്രീകണ്ഡാപുരം, ധർമടം, വളപട്ടണം മുതലായ സ്ഥലങ്ങൾ സന്ദർശിച്ചെങ്കിലും അറക്കൽ രാജവംശത്തെ പറ്റി ബത്തൂത്ത ഒന്നുംതന്നെ പരാമർശിച്ചിട്ടില്ല.

## കോഴിക്കോട്ടെ മതസൗഹാർദ്ദത്തിന്റെ അടിവേരുകൾ

ചേരമാൻ പെരുമാൾ മക്കത്ത് പോകുമ്പോൾ രാജ്യം ആശ്രിത

സത്യത്തിന്റെ പട്ടണം എന്ന് പുരാതന കാലം മുതൽ വിഖ്യാത മായ കോഴിക്കോട് സാമൂതിരിമാരുടെ പുകൾപെറ്റ നാടായിരുന്നു. 900 വർഷം കോഴിക്കോട് ഭരിച്ച സാമൂതിരി മാർ ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ കാലം ഒരു പ്രദേശം ഭരിച്ച രാജഭരണ പരമ്പരയായിരുന്നു. ഇസ്‌ലാം മതത്തെ പോഷിപ്പിക്കുകയും സ്നേഹിക്കുകയും ചെയ്ത മഹനീയ പാരമ്പര്യം കോഴിക്കോട്ടെ ഈ രാജവംശത്തിന്നുണ്ടായിരുന്നു. ഹിന്ദു രാജാവായ സാമൂതിരിക്കു വേണ്ടി നൂറ്റാണ്ടുകാലം യുദ്ധം നടത്തിയ മുസ്‌ലിം നാവിക കുടുംബമായിരുന്നു മരക്കാർ കുടുംബം.

രാജാക്കന്മാർക്ക് പകുത്തു നൽകുകയുണ്ടായി. അങ്ങിനെയാണ് കോഴിക്കോട് സാമൂതിരിമാർക്ക് രാജ്യം ലഭിച്ചത്. ചേരമാൻ പെരുമാളിൽ നിന്നും ചത്തും കൊന്നും നാട് ഭരിക്കാനുള്ള അവകാശം ലഭിച്ച രാജാവായിരുന്നു കോഴിക്കോട്ടെ സാമൂതിരി എന്നാണ് അറിയപ്പെടുന്നത്.

സത്യത്തിന്റെ പട്ടണം എന്ന് പുരാതന കാലം മുതൽ വിഖ്യാതമായ കോഴിക്കോട് സാമൂതിരിമാരുടെ പുകൾപെറ്റ നാടായിരുന്നു. 900 വർഷം കോഴിക്കോട് ഭരിച്ച സാമൂതിരിമാർ ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ കാലം ഒരു പ്രദേശം ഭരിച്ച രാജഭരണ പരമ്പരയായിരുന്നു. ഇസ്‌ലാം മതത്തെ പോഷിപ്പിക്കുകയും സ്നേഹിക്കുകയും ചെയ്ത മഹനീയ പാരമ്പര്യം കോഴിക്കോട്ടെ ഈ രാജവംശത്തിന്നുണ്ടായിരുന്നു. ഹിന്ദു രാജാവായ സാമൂതിരിക്കു വേണ്ടി നൂറ്റാണ്ടുകാലം യുദ്ധം നടത്തിയ മുസ്‌ലിം നാവിക കുടുംബമായിരുന്നു മരക്കാർ കുടുംബം. 500 വർഷങ്ങൾക്ക് മുമ്പ് 15-ാം നൂറ്റാണ്ടിൽ സ്പെയിനിൽ നിന്ന് മുസ്‌ലിംകളെ ആട്ടിയോടിച്ച് പോപ്പിന്റെ ആശീർവാദത്തോടെ ഈ രാജ്യത്ത് കോളനി സ്ഥാപിക്കാനെത്തിയ മുസ്‌ലിം വിരോധികളും ക്രൂരരുമായ പോർട്ടുഗീസുകാരെ ഈ നാട്ടിന്ന് വേണ്ടി ജീവത്യാഗം ചെയ്ത് പ്രതിരോധിച്ചത് ശഹീദ് കുഞ്ഞാലി മരക്കാരും മരക്കാരുടെ നാവിക പടയാളികളുമായിരുന്നു. ദജ്ജാലിയത്ത് എന്ന് മതസാങ്കേതിക ഭാഷയിൽ വിശേഷിപ്പിക്കപ്പെട്ട പാശ്ചാത്യ നാഗരികതയുടെ ഏഷ്യയിലേക്ക് വന്ന ആദ്യ പ്രതിനിധിയായിരുന്നു വാസ്കോഡ ഗാമ. ഗാമയെ കുഞ്ഞാലി മരക്കാറും കോഴിക്കോട്ടെ മുസ്‌ലിംകളും പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ കോഴിക്കോട് മറ്റൊരു ഗോവയായി മാറുമായിരുന്നു.

അവസാനത്തെ പെരുമാൾ മക്കത്ത് പോയതോടെ ക്രിസ്തു വർഷം 8-ാം നൂറ്റാണ്ടോടെ പെരുമാക്കന്മാരുടെ ഭരണം അവസാനിച്ചു. പെരുമാക്കന്മാരുടെ സാമന്തന്മാരായിരുന്ന ഏറനാട് ഉടവർ എന്നറിയപ്പെട്ട നെടിയിരുപ്പ് സ്വരൂപം സ്വതന്ത്രമായി സാമൂതിരിയെന്ന സ്ഥാനപ്പേര് സ്വീകരിച്ച് തങ്ങളുടെ പൂർവികരിൽ നിന്ന് ഭാഗം വെച്ചുകിട്ടിയ സ്ഥലത്തേക്ക് മാറി. അതാണ് പിന്നീട് വളർന്ന് വികസിച്ച് തുറമുഖപട്ടണമായ കോഴിക്കോട് ആയി മാറിയത്. പൊതുവേ മത സൗഹാർദത്തിന്റെയും മാനവ ഐക്യത്തിന്റെയും സമുന്നത പാരമ്പര്യമുള്ള ഒരു സമൂഹമാണ് കോഴിക്കോട്ടെ പൗരാവലി. മുസ്‌ലിംകൾക്ക് കോഴിക്കോട്ട് എപ്പോഴും ഒരു സമുന്നത സ്ഥാനം ലഭിച്ചിരുന്നു. പുരാതന കാലം മുതൽ കച്ചവടത്തിൽ അധീശത്വം പുലർത്തിയിരുന്ന അറബികളുടെ ഉറ്റതോഴനായിരുന്നു സാമൂതിരി. ആ വാണിജ്യബന്ധമാണ് കോഴിക്കോടിന്റെ സർവ്വ ശ്രേയസ്സിന്നും നിദാനമായി വർത്തിച്ചത്. മതപ്രചരണത്തിന്നും മതപരിവർത്തനത്തിന്നും അറബികൾക്ക് നാട്ടു സ്ത്രീകളെ വിവാഹം ചെയ്യാൻ സാമൂതിരി നിർബാധം സ്വാതന്ത്ര്യവും പ്രോത്സാഹനവും നൽകി. കോഴിക്കോട്ടെ ഉന്നതരും താഴേക്കിടയിലുള്ളവരും പല സാഹചര്യങ്ങൾക്കൊണ്ടും ഇസ്‌ലാമിലേക്ക് വളരെയധികം പരിവർത്തനം ചെയ്തു. അമ്പാടി കോവിലകം, വലിയ കോവിലകം, ചെറിയ കോവിലകം, കിഴക്കെ കോവിലകം, അയമ്പടി കോവിലകം കുറ്റിച്ചി കോവിലകം മുതലായ എട്ടോളം കോവിലകങ്ങളിൽ നിന്നും നാനൂറോളം കുലസ്ത്രീകളെ മുസ്‌ലിംകളുടെ ഭാര്യമാരാകാൻ സാമൂതിരി അനുവദിച്ചുവത്രെ. ചരിത്രകാരനായ പ്രൊഫ. സർ തോമസ് ആൾനോൾഡ് അദ്ദേഹത്തിന്റെ പ്രീച്ചിംങ്ങ് ഓഫ് ഇസ്‌ലാം എന്ന കൃതിയിൽ എഴുതുന്നു:

***'കോഴിക്കോട്ടെ സാമൂതിരി ഇസ്‌ലാമിലേക്കുള്ള മതം മാറ്റത്തിന്ന് നല്ല പ്രോത്സാഹനം നൽകിയിരുന്നുവത്രെ. സാമൂതിരിയുടെ വളർച്ചക്ക് ആക്കം കൂട്ടിയിരുന്നത് അറബ് ചരക്കു കപ്പലുകളിൽ ജോലിക്കാരാവുന്നതിന്ന് മുസ്‌ലിംകൾ വേണ്ടി വന്നതിനാലാണ്. തന്റെ രാജ്യാതിർത്തിയിലുള്ള മുക്കുവ കുടുംബങ്ങളിലെ ഒന്നോ രണ്ടോ പേരെ മുസ്‌ലിംകളായി വളർത്തണമെന്ന് സാമൂതിരി കൽപ്പിച്ചിരുന്നു സാമൂതിരിയുടെ രാജ്യത്തെ മീൻ പിടുത്തക്കാരുടെ കുടുംബത്തിലെ ഓരോ ആൺ സന്തതിയേയും മുഹമ്മദീയനായി വളർത്തിക്കൊണ്ടു വരേണ്ടതാണെന്ന് സാമൂതിരി കൽപ്പന പുറപ്പെടുവിക്കുകയുണ്ടായി.' (പ്രീച്ചിംങ്ങ് ഓഫ് ഇസ്‌ലാം- സർ തോമസ് ആൾനോൾഡ് )***

കോഴിക്കോട്ടെ മഹനീയമായ മതസഹിഷ്ണുതയുടേയും മതേതരത്വത്തിന്റേയും പാരമ്പര്യം ലോകത്ത് മറ്റെങ്ങും കാണാത്ത

താണ്. ചരിത്രകാരനായ എം ജി എസ് നാരാണയൻ എഴുതുന്നു:

***'കോഴിക്കോട് നഗരത്തിൽ ഹിന്ദുക്കളായി നായന്മാരും നമ്പൂതിരിമാരും പുറത്ത് നിന്നും വന്ന ഇസ്ലാം മത വിശ്വാസികളായ അറബികളും അവരുടെ സന്തതികളും അടങ്ങുന്ന മാപ്പിള സമുദായവും തമ്മിലൊരു സഖ്യം സ്ഥാപിച്ചു. കുറേ നൂറ്റാണ്ടുകളോളം നീണ്ടു നിന്ന ഹിന്ദു മുസ്ലിം സഖ്യം ഏതാണ്ട് 12-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 21-ാം നൂറ്റാണ്ട് വരെ 900 വർഷത്തോളം പല പ്രതിസന്ധികളേയും കടന്നു പോന്ന സഖ്യം പല പരീക്ഷണങ്ങളേയും അതിജീവിച്ചു. ഏതാണ്ട് 12 ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നും നിലനിൽക്കുന്നു. അതാണ് രാജ്യത്തിന്റെ മുഖ്യധാരാ നയമായി പിന്നീട് മാറിയത്............ ലോക ചരിത്രം ചികഞ്ഞുനോക്കിയാൽ ഇതാണ് സെക്കുലരിസത്തിന്റെ ഒരേയൊരു മാതൃകയെന്നു പറയാം ഇത്തരമൊന്ന് യൂറോപ്പിലുണ്ടായിരുന്നില്ല.' (തുഹ്ഫത്തുൽ മുജാഹിദീൻ: വഴിയും വായനയും - രചനാത്മക മതേതരത്വം പാശ്ചാത്യമല്ല കേരളീയമാണ്. ഡോ. എം. ജി. എസ്. നാരായണൻ പേ . 17 )***

മുസ്ലിംകളോട് ഇത്രയും ഉദാരമായ സമീപനം സ്വീകരിച്ച മറ്റൊരു അമുസ്ലിം രാജാവിനേയും ചരിത്രത്തിൽ കാണാൻ സാദ്ധ്യമല്ല. മുസ്ലിംകളായ അറബ് കച്ചവടക്കാർ മുഖേനയാണ് സാമൂതിരിയുടെയും കോഴിക്കോടിന്റേയും പ്രതാപം പശ്ചിമേഷ്യയിലും ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും, പ്രചരിച്ചത്. സാമൂതിരിയുടെ ഗോവധ നിരോധന നിയമം മുസ്ലികളും കർശനമായി പാലിച്ചിരുന്നു. ഹൈന്ദവചാരങ്ങളെ മുസ്ലിംകൾ ബഹുമാനിക്കുകയും ചെയ്തിരുന്നു. ക്ഷേത്രങ്ങളും പള്ളികളും സാമൂതിരി ഒരു പോലെ സംരക്ഷിച്ചു. സാമുദായിക സ്പർദയും ലഹളകളും കോഴിക്കോട്ട് കേട്ടു കേൾവിപോലുമില്ലായിരുന്നു. മാത്രമല്ല പല സാമൂതിരിമാരും അന്നത്തെ അന്തർ ദേശീയ ഭാഷയായ അറബി ഭാഷ അനായാസം സംസാരിച്ചിരുന്നു. അവർക്ക് ഇടയാളില്ലാതെ അറബികളുമായി ആശയ വിനിമയത്തിന്ന് കഴിഞ്ഞിരുന്നു.

സ്പെയിനിൽ നിന്നും മുസ്ലിംകളെ നിഷ്ക്കാസനം ചെയ്ത ക്രൂരരായ പറങ്കികൾ പോപ്പിന്റെ ആശീർവാദത്തോടെ കിഴക്കൻ ദിക്കുകളെ കീഴ്പ്പെടുത്താനായിരുന്നു വാസ്ക്കോഡഗാമ കോഴിക്കോട്ടെ കാപ്പാട് എത്തിയത്. ശാന്തമായിരുന്ന കോഴിക്കോടിന്റെ തീരം പറങ്കികളുടെ വരവോടെ കലാപ കലുഷിതവും രക്തപങ്കിലവുമായി. അറബികളുടെ കച്ചവട പ്രാമുഖ്യം തകർക്കുകയായിരുന്നു പറങ്കികളുടെ ലക്ഷ്യം. കുഞ്ഞാലി മരക്കാന്മാരും കോഴിക്കോട്ടെ മുസ്ലിംകളും നായർ പടയാളികളും ചേർന്ന് സാമൂതിരിക്കും ഈ നാടിന്റെ രക്ഷക്കും വേണ്ടി പറങ്കികൾക്കെതിരെ ഒത്തൊരുമിച്ച് പോരാടി. പറങ്കികൾക്കെതിരെയുള്ള യുദ്ധം ഒരു വിശുദ്ധ യുദ്ധമാണെന്ന(ജിഹാദ്) സങ്കൽപ്പത്തിൽ ഹിന്ദു രാജാവായ സാമൂതിരിക്ക് വേണ്ടി യുദ്ധം ചെയ്ത കോഴിക്കോട്ടെ മുസ്ലിം പോരാളികളുടെ പോരാട്ട വീര്യം വർദ്ധിപ്പിക്കാൻ മഹാ പണ്ഡിതനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം (1531-1583) എഴുതിയ ചരിത്ര ഗ്രന്ഥമാണ് 'തുഹ്ഫത്തുൽ മുജാഹിദീൻ' (പോരാളികൾക്ക് ഒരു ഉപഹാരം) എന്നാണ് ആ ഗ്രന്ഥത്തിന്റെ പേര്. കേരളത്തെ പറ്റി എഴുതപ്പെട്ട ആദ്യത്തെ ആധികാരിക ചരിത്ര ഗ്രന്ഥമാണ് ഇത്. അതിൽ ചുരുങ്ങിയത് മൂന്ന് സ്ഥലത്ത് സാമൂതിരിയെ അല്ലാഹു പോർട്ടുഗീസുകാരുടെ ചതിയിൽ നിന്ന് രക്ഷിച്ചതായും അനുഗ്രഹിച്ചതായും മഖ്ദൂം രേഖപ്പെടുത്തുന്നു. ഇതിൽ നിന്നും കോഴിക്കോട്ടെ ഹിന്ദു മുസ്ലിം മൈത്രി ചരിത്രത്തിൽ രൂഢമൂലമായ വേരുകളുള്ളതാണെന്ന് വ്യക്തമാണല്ലോ.

കോഴിക്കോട് മുസ്ലിം കേരളത്തിന്റെ മത- സാംസ്കാരിക രാഷ്ട്രീയ തലസ്ഥാനമായി മാറുന്നത് ഈ പശ്ചാത്തലത്തിലാണ്. വടക്കേ ഇന്ത്യയിൽ ഇസ്ലാം പ്രചരിച്ചത് രാജാക്കന്മാരുടെയും പടയോട്ടക്കാരുടേയും സഹായത്താലാണെന്ന് അവാസ്തവമാണെങ്കിലും ഒരു ആരോപണമുണ്ട്. എന്നാൽ കേരളത്തിൽ അങ്ങനെ ഒരു ആരോപണത്തിന്ന് പോലും സാദ്ധ്യമല്ലാത്തവിധം സമാധാനപൂർവ്വമായിരുന്നു ഇസ്ലാം പ്രത്യേകിച്ച് കോഴിക്കോട് പ്രചരിച്ചത്. ഭരണക്കർത്താകളെ അനുസരിക്കുക എന്ന ഖുർആന്റെ കൽപ്പന അക്ഷരം പ്രതി അനുസരിച്ച് കലാപവാസനകളില്ലാത്ത ഒരു ജനതയായിരുന്നു കോഴിക്കോട്ടുണ്ടായിരുന്നത്.

ഇവിടുത്തെ രാജാവിനെ അനുസരിക്കുന്നതോടൊപ്പം തന്നെ മുസ്ലിം ഖിലാഫത്തിനോടു അനുരക്തിയും കോഴിക്കോട്ടെ മുസ്ലിംകളിൽ അഗാധമായിരുന്നു. തുർക്കിയിൽ പുതിയ ഖലീഫ നിയോഗിക്കപ്പെട്ടപ്പോൾ 25/11/1922 ന്ന് ഖിലാഫത്ത് സെക്രട്ടറി പ്രസിദ്ധീകരിച്ച ഒരു വിളംബരം ഇപ്രകാരമായിരുന്നു.

***'1922 ൽ അന്തരിച്ചുപോയ അമീറുൽ മുഅ്മിനിനീൻ അബ്ദുൾ അസീസ് ഖാൻ തിരുമനസ്സിന്റെ പുത്രനായ അബ്ദുൾ മജീദ് ഖാൻ തിരുമനസ്സിനെ കൊണ്ട് ഖലീഫത്തുൽ മുസ്ലിമീനും അമീൽ മുഅ്മിനീനുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഏക ഇലാഹ് തിരുമനസ്സിന്റെ ഭരണം ശുഭകരമാക്കുമാറാകട്ടെ. ഇനിമേൽ ഖുതുബകളിൽ ഖലീഫയുടെ പേര് മേൽ പ്രകാരം പറയേണ്ടതാണ്. ഈ തിരഞ്ഞെടുപ്പിനെ അംഗീകരിച്ചുകൊണ്ട് മുസ്ലിം ലോകത്തെ പൊതുവായും തുർക്കികളെ പ്രത്യേകമായും സെൻട്രൽ ഖിലാഫത്ത് കമ്മിറ്റി അനുമോദി***

*ച്ചിരിക്കുന്നു. സുൽത്താൻ ഖാസി അബ്ദുൾ മജീദ് ഖാൻ തിരുമനസ്സിനെയാണ് മേലിൽ ഖുതുബയിൽ പറയേണ്ടത്. മേപ്പടി കമ്മിറ്റി ആജ്ഞാപിക്കുകയും ചെയ്യുന്നു. തിരുമനസ്സിന്റെ സ്ഥാനാരോഹണം പൊതു വായികൊണ്ടാടുവാൻ അടുത്ത് ഒരു പ്രത്യേക ദിനം നിശ്ചയിക്കുന്നതുമാണ്. ഈ തിരഞ്ഞെടുപ്പ് മുസ്‌ലിം ലോകത്തിന്നാകെ ഒരു സുപ്രകാശ ലക്ഷ്യമാണെന്ന് പറഞ്ഞു കൊള്ളട്ടെ.' (കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം-പരപ്പിൽ മുഹമ്മദ് കോയ)*

ഖിലാഫത്തിനോടുള്ള അനുസരണം പോലെതന്നെ തങ്ങളുടെ ഭരണാധസികാരിയായ ബ്രിട്ടീഷ് ഭരണകൂടത്തോടും കോഴിക്കോട്ടെ മുസ്‌ലിംകൾ കൂറും സ്നേഹവും കാണിച്ചു. ബ്രിട്ടീഷ് രാജാവിന്ന് പ്രാർത്ഥിക്കാൻ വേണ്ടി നടത്തിയ വിളംബരം.

**8/9/1914ന് മിശ്ക്കാൽ ജമാഅത്ത് പള്ളിയിൽ വെച്ചുണ്ടായ പ്രാർത്ഥന**

*'ഇസ്‌ലാം സഹോദരങ്ങളെ, ദൈവാനുഗ്രഹത്തോടുകൂടി നാമെല്ലാവരും പള്ളിയിൽ കൂടി ജുമാനമസ്ക്കാരം കഴിഞ്ഞ് ഉടനെ നമ്മുടെ ബ്രിട്ടീഷ് മഹാരാജാവവർകൾക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതിനെ സംബന്ധിച്ചുള്ള നമ്മുടെ നോട്ടീസിന്റെ ഉദ്ദേശം നിങ്ങളെ ഗ്രഹിപ്പിക്കേണ്ടത് ആവശ്യമാണന്ന് കാണുകയാൽ അൽപ്പം ഇവിടെ പ്രസ്താവിക്കുന്നു. നമ്മുടെ വേദ പുസ്തകത്തിൽ ഭൂലോകത്തിൽ രാജാക്കന്മാർ ദൈവത്തിന്റെ നിഴൽ എന്നർത്ഥമായ ളില്ല ആകുന്നു. എന്ന ബഹുമാനപ്പെട്ട തിരുവചനമുണ്ട്. തിരുവചനത്തിന്റെ വ്യാഖ്യാനങ്ങളിൽ രാജാക്കന്മാരായി കൽപ്പിക്കപ്പെടുന്നവർ സൃഷ്ടികൾക്ക് ദൈവികമായ രക്ഷിതാവും അവരുടെ അധികാരത്തിന്നു കീഴിൽ എതിർക്കാതെ കീഴടങ്ങി നിൽക്കേണ്ട പ്രജകളായ നമ്മളിൽ നിർബന്ധമായിട്ടുള്ളതാണെന്നും പ്രസ്താവിക്കുന്നു. ശിക്ഷാ രക്ഷാ പരിപാലന പ്രാപ്തരായ രാജാക്കന്മാർ ലോകത്ത് ഇല്ലായിരുന്നുവെങ്കിൽ ലോക വാസികളായ ജനങ്ങളുടെ ദേഹത്തിന്നോ സ്വത്തുക്കൾക്കോ യാതൊരു സൗകര്യവും കിട്ടുന്നതല്ലെന്നും അനർത്ഥം കൂടാതെ കഴിഞ്ഞു കൂടുവാൻ പ്രയാസമാണെന്നും നക്കൽ എന്ന നമ്മുടെ മാർഗ്ഗ പുസ്തകങ്ങളാൽ സ്പഷ്ടമായിട്ടുള്ളതാകുന്നു. ഇന്ത്യയിലെ നിവാസികളായ നമ്മുടെ ജാതി വ്യത്യാസമോ മതവ്യത്യാസമോ കൂടാതെ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ വാത്സല്യത്തോടെ ലാളിച്ചു വളർത്തുന്ന പ്രകാരം പരിപാലിച്ചു വന്ന ബ്രിട്ടീഷ് ഭരണത്തിന്റെ രക്ഷാഗുണങ്ങൾ അതിന്ന് മുമ്പുണ്ടായിരുന്ന ഭരണ ചരിത്രങ്ങളെ കൊണ്ട് എളുപ്പത്തിൽ ഗ്രഹിക്കാവുന്നതും കഷ്ടങ്ങളിൽ നിന്ന് ഭരണത്തിൻ കീഴിൽ നാം അഭയം പ്രാപിച്ച സ്ഥിതിയേയും മുൻ പറഞ്ഞ മാർഗ്ഗ പുസ്തക വിധികളിളേയും ആലോചിക്കുമ്പോൾ നാം എപ്പോഴും നമ്മുടെ രാജഭക്തിയെ ധാരാളം വെളിപ്പെടുത്തി യുദ്ധ കാര്യങ്ങളിൽ ബ്രിട്ടീഷ് മഹാരാജാവവർകൾക്ക് യാതൊരനർത്ഥവും കൂടാതെ ജയഭേരിയോടും ബഹുമാനത്തോടുംകൂടി എളുപ്പത്തിൽ യുദ്ധം കലാശിച്ചു എന്നെന്നും നിലനിർത്തി നമ്മെ ദയാപൂർവ്വം സംരക്ഷിക്കേണ്ടതിന്ന് സർവ്വ ശക്തനായ ദൈവത്തോട് വ്യസനത്തോടെ പ്രാർത്ഥിക്കേണ്ടതിന്ന് നമ്മൾ ബാധ്യസ്ഥന്മാരായിരിക്കുന്നു.*

*വിശേഷിച്ചു വെള്ളിയാഴ്ച്ച ജുമാ നമസ്ക്കരിച്ച് ഒരുവൻ ദൈവത്തോട് എന്ത് പ്രാർത്ഥിക്കുന്നുവോ അതിന്ന് ഉടനെ സഫലമായി ഉത്തരം കിട്ടപ്പെടുമെന്നതിൽ സംശയമില്ലെന്ന നബി(സ) യുടെ തിരുവചനം അരുളിയിരിക്കുന്നു. അതിനാലാണ് നമ്മുടെ പ്രാർത്ഥന ജുമാ അനമസ്ക്കാരത്തിന്ന് ശേഷം ചെയ്‌വാൻ തീർച്ചപ്പെടുത്തിയതിന്റെ ഉദ്ദേശം.*

*എന്ന് കോഴിക്കോട്ടെ ഖാളിയാരുടെ മകൻ കത്തീബ്*

*പള്ളിവീട്ടിൽ മാമുക്കോയ*

*ഈ സന്ദർഭത്തിൽ കോഴിക്കോട്ടെ പ്രധാനപ്പെട്ട തങ്ങന്മാരും പ്രഭുക്കന്മാരും മറ്റ് അസംഖ്യം ജനങ്ങളും നമ്മുടെ ബ്രിട്ടീഷ് മഹാരാജാവവർകൾക്ക് ജയം കിട്ടേണമെന്നുള്ള പൂർണ്ണ മനസ്സോടെ ഓതി പ്രാർത്ഥിക്കുകയും ചെയ്തു.' (കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം-പരപ്പിൽ മുഹമ്മദ് കോയ പേ. 418)*

മേൽ വിളംബരത്തിൽ യുദ്ധത്തിൽ ബ്രിട്ടീഷ്കാരുടെ ശത്രു മുസ്‌ലിംകളുടെ തുർക്കി ഖിലാഫത്താണെന്നറിഞ്ഞിട്ടും കോഴിക്കോട്ടെ മുസ്‌ലിംകൾ സ്വന്തം ഭരണാധികാരിയായ ബ്രിട്ടീഷ് ഭരണകൂടത്തിന്ന് വേണ്ടിയായിരുന്നു പ്രാർഥിച്ചത്. ബ്രിട്ടീഷ് രാജാവിന്റെ കീരീട ധാരണാവസരത്തിൽ ഉണ്ടായ മറ്റൊരു വിളംബരം.

*'നമ്മുടെ ചക്രവവർത്തി കിംങ്ങ് ജോർജ്ജ് അഞ്ചാമൻ ഈ ജൂൺ മാസം ലണ്ടനിൽ വെച്ച് കിരീടം ധരിക്കുന്നതാകയാൽ ഇസ്‌ലാം സംഘക്കാരായ നമ്മൾക്കുള്ള രാജ ഭക്തിയും വാത്സല്യവും കാണിക്കുന്നതായ ഒരു സന്തോഷകരമായ കമ്പി ലണ്ടനിലേക്ക് നമ്മളുടെ വൈസ്റോയി മുഖേന അയച്ചു കൊടുക്കേണ്ടതിന്നായി നാളെ 21 ന്ന് ബുധനാഴ് രാവിലെ 09 മണിക്ക് ഹിമായത്തുൽ ഇസ്‌ലാം സഭാഹാളിൽ ഒരു ഇസ്‌ലാം പബ്ലിക്ക് മീറ്റിംങ്ങ് കൂടുന്നതാകുന്നത് കൊണ്ട് ശരിയായ സമയത്തിന്ന് വന്നു കൂടേണ്ടതിന്ന് ആവശ്യപ്പെടുന്നു.' (1911 ജൂൺ 20, ബി. വി. ഇമ്പിച്ചമ്മത്. സെക്രട്ടറി.)*

**കോഴിക്കോട്ടെ കോയമാർ**

കോഴിക്കോട്ടെ പ്രബലമായ

പാരമ്പര്യ മുസ്‌ലിം കുടുംബാംഗങ്ങളിലെ അംഗങ്ങളുടെ പേരിന്ന് പിന്നിൽ കോയ എന്ന ഉപനാമം ചേർത്ത് കാണുന്നുണ്ട്. ഇവിടുത്തെ പാരമ്പര്യ മുസ്‌ലിംകൾ പ്രധാനമായും രണ്ട് വിഭാഗമാണ്. ഒന്ന് അറബി വംശജരുടെ സന്താനങ്ങളാണ്. സയ്യിദുകൾ, ബറാമികൾ, ജിഫ്രികൾ എന്നിവർ ഈ ഗണത്തിൽ പെടും. രണ്ടാമത്തേത് തദ്ദേശീയ ഹൈന്ദവ കുടുംബങ്ങളിൽ നിന്നും മതപരിവർത്തനം ചെയ്തവരുടെ പിന്മുറക്കാരായ കോയമാരാണ്. അവരുടെ ഉമ്മമാർ തദ്ദേശീയരും പിതൃരക്തം അറബിയുടെയോ ഇറാനിയുടെയോ തുർക്കിയുടെയോ ആയിരിക്കാം. അവരുടെ പേരിന്ന് പിന്നിൽ കോയ ചേർത്ത് കാണാം. പുതിയ തലമുറയിൽ ഈ പേര് അപ്രത്യക്ഷമായി വരുന്നെങ്കിലും കോഴിക്കോട്ടെ പ്രത്യേകിച്ച് കുറ്റിച്ചിറയിലെ തദ്ദേശീയരായ മുസ്‌ലിംകൾ കോയ എന്ന ഉപനാമം പേരിനോടൊപ്പം ചേർത്താണ് അറിയപ്പെടുന്നത്. ഉദാഹരണത്തിന്ന് മുഹമ്മദ് കോയ, ഹസ്സൻ കോയ, ആലിക്കോയ എന്നിങ്ങനെ. കോയ എന്ന നാമത്തിന്റെ ഉത്ഭവത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ചരിത്രരേഖയും ലഭ്യമല്ല. 16 ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ കോയ എന്ന് പേരുള്ള ഒരാളും കോഴിക്കോട്ടുള്ളതായി ചരിത്രരേഖകളിൽ കാണുന്നില്ല. പോർട്ടുഗീസ് കാലത്തെ മുസ്‌ലിംകളുടെ പേരിന്ന് മുമ്പിൽ ഖാജ എന്ന് പേര് ചേർത്ത് കാണുന്നുണ്ട്. ഉദാ: മുഹമ്മദ് ഖാജാ, അഹ്മദ് ഖാജാ എന്നിങ്ങനെ കാലാന്തരത്തിൽ അത് കോയയായി രൂപാന്തരപ്പെട്ടതാകാം.

പ്രത്യേക സ്ഥാന പദവി നൽകപ്പെട്ടവരെയെല്ലാം ബഹുമാന്യൻ എന്ന അർഥത്തിൽ കോയ എന്നാണ് സാമൂതിരി വിളിച്ചിരുന്നത്. കോയ പദവി നൽകി സാമൂതിരി ആദരിച്ചവരിൽ പ്രമുഖൻ കോഴിക്കോട് തുറമുഖത്തിന്റെ അധികാരിയായ ഷാബന്തർ കോയയാണ്. കുറ്റിച്ചിറ പ്രദേശത്തുള്ള ഇരുമാനം വീട് എന്ന തറവാട്ടിലെ പൂർവികർ മസ്കറ്റിൽ നിന്ന് വന്ന ഷാബന്തർ കോയയാണെന്ന് പറയപ്പെടുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനംവരെ സാമൂതിരിയുടെ സ്ഥാനാരോഹണ ചടങ്ങിൽ അകമ്പടിസേവിക്കുന്ന പ്രശസ്ത തറവാട്ടുകാരുടെ കൂട്ടത്തിൽ ഇരുമാനം വീട്ടുകാരും ഉൾപ്പെട്ടിരുന്നു. തുടക്കത്തിൽ ഒരു സ്ഥാന പദവിയായ കോയ കാലക്രമേണ തറവാട്ടുപേരായി മാറുകയും കാലാന്തരത്തിൽ കോഴിക്കോട്ടെ മുസ്‌ലിം തറവാടുകളിലെ അംഗങ്ങളുടെ പേരിനോട് ചേർക്കപ്പെട്ട ഉപപേരായി തീരുകയും ചെയ്തതാകാം.

കോഴിക്കോട് പടിഞ്ഞാറെ തീരമാണ് കോയമാരുടെ കേന്ദ്രമായ കുറ്റിച്ചിറ നിലകൊള്ളുന്നത്. ശാന്തശീലരും ഉൽബുദ്ധരും ഒരു പാട് നല്ലഗുണങ്ങൾക്കുടമകളുമായ ഒരു കൊച്ചു ജനസമൂഹമായ കോഴിക്കോട്ടെ കോയമാർക്കിടയിൽ ഇരുനൂറു വർഷങ്ങളുടെ വേരുകളുള്ള അങ്ങേയറ്റം ബാലിശവും നിസ്സാരവും വിചിത്രവുമായ ഒരു ഭിന്നിപ്പിന്റെ ചരിത്രം കൂടിയുണ്ട്. മിസ്ക്കാൽ പള്ളിയിലെ ഒരു കരിങ്കല്ലിൽ നിന്നാണ് അതിന്റെ തുടക്കം. ആ പള്ളിയിൽ ഉപയോഗശൂന്യമായിക്കിടന്ന ഒരു കരിങ്കല്ല് അടുത്തുള്ള ജുമാഅത്ത് പള്ളിക്ക് ഒരു പടവ് കെട്ടാൻ വേണ്ടി ആ പള്ളിയുടെ പരിപാലനക്കാർ എടുത്തുകൊണ്ടു പോയി. കല്ല് നഷ്ടപ്പെട്ട മിസ്ക്കാൽ പള്ളിക്കാർ ജുമാഅത്ത് പള്ളിക്കാരെ പ്രതിചേർത്ത് ഒരു ക്രിമിനൽകേസ് ഫയൽ ചെയ്തു. രണ്ടു പള്ളിയും ഒരേ ഖാസിയുടെ കീഴിലായിരുന്നുവെന്നോർക്കണം. ഒരു ഖാസിയുടെ കീഴിലാണെങ്കിലും ഒരു പള്ളി മറ്റൊരു പള്ളിയുടെ വസ്തു ഉപയോഗിക്കുന്നത് ശറഅ് പ്രകാരം പാടില്ല എന്ന് മിസ്ക്കാൽ പള്ളിക്കാരും ഉപയോഗമുള്ളതാണെങ്കിൽ കൂടി ഒരുപള്ളിയുടെ വസ്തു ഒരേ ഖാസിയുടെ കീഴിലുള്ള മറ്റൊരു പള്ളിക്ക് ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്ന് ജുമാഅത്ത് പള്ളിക്കാരും വാദിച്ചു. ജുമുഅത്ത് പള്ളിക്കാർ തങ്ങളുടെ വാദം തെളിയിക്കാൻ പൊന്നാനിയിൽ നിന്നും മക്കത്ത് നിന്നും ഫത്‌വ സമ്പാദിച്ചു. വിവാദ കൊടുങ്കാറ്റിൽ ഈ പ്രശ്നം ഒരു പാട് കാലം ആളിക്കത്തി. അവസാനം കല്ല് ഇപ്പോഴുള്ള സ്ഥലത്ത് തന്നെ നിൽക്കട്ടെ യെന്ന് തീരുമാനത്തിൽ പ്രശ്നം ഒത്തു തീർപ്പായി. വിഭാഗീയതയുടെ ഈ ചേരിതിരിവിൽ നിന്നാണ് മുട്ടുള്ള വിഭാഗവും മുട്ടില്ലാത്ത വിഭാഗവുമായി കുറ്റിച്ചിറയിലെ മുസ്‌ലിംകളെ ആഴത്തിൽ ബാധിച്ച മറ്റൊരു വിഭജനമുണ്ടായത്. വിവാഹത്തിന്ന് കൈമുട്ടി പാടാമെന്ന് ഒരു വിഭാഗവും, അത് പാടില്ല എന്ന് മറുവിഭാഗവും തമ്മിൽ തർക്കം ആരംഭിച്ചു. കുറ്റിച്ചിറയിലെ മതസാമൂഹിക ജീവിതത്തെയാകമാനം ആ തർക്കം ഗ്രസിച്ചു. മുട്ടുള്ള വിഭാഗവും മുട്ടില്ലാത്ത വിഭാഗവുമായി കുറ്റിച്ചിറ കോയമാർ പിരിഞ്ഞു. രണ്ട് പള്ളികൾ കേന്ദ്രീകരിച്ച് ഖാസിമാർ രണ്ടായി. പ്രമാണിമാരും സമുദായ നേതാക്കന്മാരും ഇരു ചേരികളിലുമായി. പെരുന്നാൾ വരെ രണ്ടായി. മുട്ടുള്ളവരും മുട്ടില്ലാത്തവരും മുനിസിപ്പൽ ഇലക്ഷനിൽ സ്ഥാനാർഥികളെ നിർത്തി. അപൂർവം സന്ദർഭങ്ങളിൽ ഒരു വിഭാഗത്തിൽ നിന്നും മറുഭാഗം വിവാഹം പോലും നടത്താത്ത സംഭവങ്ങളുണ്ടായി. പതിറ്റാണ്ടുകളോളം ദുരഭിമാനത്തിന്റേയും വാശിയുടേയും കഥയില്ലായ്മയുടെയും പേരിൽ കുറ്റിച്ചിറയിലെ മുസ്‌ലിം സമുദായം വിഭജിക്കപ്പെട്ടുനിന്നു. വർത്തമാനകാലത്ത് ആ വിഭാഗീയത തേഞ്ഞ്മാഞ്ഞ് പോയെങ്കിലും അന്തസ്സാരശൂന്യമായ ഈ വിഭാഗീയതയുടെ വിഭജനം കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രത്തിലെ ഒരു ദുസ്മരണയാണ്.

*(തുടരും)*

# ചിറാലിറ്റി അഥവാ പ്രകൃതിയിലെ പർശ്വീയത

വിശുദ്ധ ഖുർആനിലും ഇസ്‌ലാമികാദ്ധ്യാപനങ്ങളിലും കാണുന്ന വലത് ഇടത് നിഷ്കർശ എന്തു കൊണ്ടാണ്? നല്ല കാര്യങ്ങൾക്ക് എന്തുകൊണ്ട് വലതിന്റെ മുൻഗണന? വലത് ഇടത് സങ്കൽപ്പത്തിന്ന് പ്രകൃതിയിൽ എന്ത് അർഥമാണുള്ളത്? ഇത്തരം ചോദ്യങ്ങൾക്കുള്ള വിശദീകരണം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

എന്താണ് പാർശ്വീയത? അതിന് എന്തെങ്കിലും പ്രാധാന്യ മുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? ഈ ചോദ്യങ്ങളെയാണ് നാമിപ്പോൾ അഭിമുഖീകരിക്കുന്നത്. നാം ഒരു വൃത്തത്തിലൂടെ ഭ്രമണം ചെയ്യുമ്പോൾ അത് ഇടത്ത് നിന്ന് വലത്തോട്ടേക്കോ വലത്ത് നിന്ന് ഇടത്തോട്ടേക്കോ, ഏത് ഭാഗത്തേക്ക് കറക്കമാരംഭിച്ചാലും കറക്കത്തിന്റെ ഗുണനിലവാരത്തെ അത് അശേഷം ബാധിക്കുന്നില്ല. നാം ഒരു വസ്തുവിനെ വലത് കൈകൊണ്ടോ ഇടത് കൈകൊണ്ടോ എടുത്തു എന്നിരിക്കട്ടെ. ആ വസ്തു എടുക്കപ്പെട്ടത് ഇടത് കൈകൊണ്ടോ വലത് കൈകൊണ്ടോ എന്ന ചോദ്യത്തിന് യാതൊരു പ്രസക്തിയും നമുക്ക് തോന്നാറില്ല. അതിലടങ്ങിയ ജ്ഞാനത്തെപ്പറ്റി അറിഞ്ഞെങ്കിൽ മാത്രമെ വലതിനേയും ഇടതിനേയും സംബന്ധിക്കുന്ന പ്രശ്നത്തിന് പ്രസക്തിയുണ്ടാവൂ. അത്ഭുതകരമെന്ന് പറയട്ടെ ഇസ്‌ലാമികാദ്ധ്യാപനങ്ങളിലും പ്രകൃതി നിയമങ്ങളിലും പ്രത്യക്ഷമായ കാരണങ്ങളൊന്നും കൂടാതെ പാർശ്വീയത വളരെ നിർബന്ധപൂർവ്വം പാലിക്കപ്പെടുന്നതായിക്കാണാം. ജീവൻ: ഖുർആനിക വെളിപാടുകളുടെ പരിപ്രേക്ഷ്യത്തിൽ (*Life: in the perspective of Quranic Revelation*) എന്ന അദ്ധ്യായത്തിൽ പാർശ്വീയതയെപ്പറ്റി പ്രതിപാദിച്ച നിരവധി ഖുർആനിക വചനങ്ങളുടെ മതപരമായ പ്രസക്തിയെ സംബന്ധിച്ച് വളരെ ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്. പാർശ്വീയതയെ സംബന്ധിച്ച ഖുർആന്റെ ഈ അദ്ധ്യാപനങ്ങൾ റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിൽ കൂടുതൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു. അതിൽ പാർശ്വീയതക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു വിശ്വാസി സാമൂഹികമായും മതപരമായുമുള്ള ദൈനംദിന ജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കുന്നു. ഇടതിനേക്കാൾ വലതിനെ ഇഷ്ടപ്പെടുന്ന ഒരു പ്രവണത ബോധപൂർവ്വം അവ പ്രദർശിപ്പിക്കുന്നുണ്ട്.

കാര്യങ്ങൾ നിർവഹിക്കുന്നതിൽ നിസ്സാരമായ പാർശ്വീയതയുടെ ഇടം വലം പ്രശ്നം മതകാര്യങ്ങളിൽ നിശ്കർഷയോടെ പാലിക്കുന്നത് എന്തുകൊണ്ടാണ് എന്നത് കൗതുകകരമാണ്. പക്ഷേ പ്രകൃതിയിൽ ഇതേ പാർശ്വീയതയുടെ പ്രാപഞ്ചിക പ്രതിഭാസത്തെ അഭിമുഖീകരിക്കുമ്പോൾ ഈ പ്രഹേളികക്ക് ജ്യോതിശാസ്ത്രത്തോളമെത്തുന്ന മാനം കൈവരുന്നതായി കാണാം. മതപരമായ നിർദേശങ്ങൾ എപ്പോഴും മനുഷ്യമനസ്സ് ബോധപൂർവമായോ അല്ലെങ്കിൽ ദിവ്യമായ അദ്ധ്യാപനങ്ങളുടെ ബലത്തിലോ ആയിരിക്കും അഭ്യസിപ്പിക്കുക. എന്നാൽ അത്തരത്തിൽ പ്രകൃതിപരമായ ഒരു പെരുമാറ്റച്ചട്ടം നിർമിച്ച ഒരു ബോധമനസ്സുള്ള സ്രഷ്ടാവിനെ സെക്കുലർ ശാസ്ത്രജ്ഞൻമാർ അംഗീകരിക്കില്ല! എങ്കിലും പാർശ്വീയതയുടെ ഈ മേഖലയിൽ മതത്തിന്റെയും പ്രകൃതിയുടെയും സാമ്യത എന്തുകൊണ്ടുണ്ടായി? പ്രകൃതി നിയമത്തിനും മതത്തിനും ഒരു പൊതു പ്രഭവ കേന്ദ്രമില്ലെന്ന കാരണത്താൽ അത് വെറും യാദൃച്ഛികം എന്ന് പറഞ്ഞ് നമുക്ക് തള്ളിക്കളയാൻ കഴിയുമോ? പക്ഷേ, അത് അങ്ങനെയല്ല. പ്രകൃതിയിലെ പാർശ്വീയതയെപ്പറ്റി നാം കൂടുതൽ പഠിക്കുമ്പോൾ അത്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ് ചെയ്യുന്നത്. പാർശ്വീയതയുടെ അസ്തിത്വത്തിന് ശാസ്ത്രീയമായ യാതൊരു യുക്തിയും പറയാനില്ല. ഒരു വശത്തേക്കാൾ കൂടുതലായി മറുവശത്തെ ഇഷ്ടപ്പെടാൻ പ്രകൃതി കാണിക്കുന്ന പ്രവണതയെപ്പറ്റി ഇപ്പോഴും ഉത്തരം ലഭിച്ചി

ട്ടില്ല. ഇനി വരുന്ന ദശാബ്ദങ്ങളോളം അതിന് ഉത്തരം ലഭിച്ചില്ല എന്നും വരും.

വിശുദ്ധ ഖുർആൻ പ്രകാരം എല്ലാ പ്രകൃതി പ്രതിഭാസങ്ങളും യുക്തിപരമായി വിശദീകരിക്കപ്പെടേണ്ടതുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.പൊടുന്നനെയുള്ളതും, അവ്യവസ്ഥമായതും യാദൃച്ഛികമായതും ആയ സൃഷ്ടിപ്പിന്റെ പ്രതിഭാസം ഖുർആൻ അസന്ദിഗ്ദ്ധമായി നിഷേധിക്കുന്നു. പാർശ്വീകരണ പ്രതിഭാസത്തെപ്പറ്റിയുള്ള ഇപ്പോഴത്തെ അറിവ് എത്രതന്നെ കുറച്ചാണെങ്കിലും പ്രകൃതിയിലെ ഈ പ്രതിഭാസത്തിനടിയിലെ അഗാധമായ കാരണങ്ങളെ സംബന്ധിച്ച് ഇന്നല്ലെങ്കിൽ നാളെ ശാസ്ത്രജ്ഞൻമാർക്ക് അറിയാൻ സാധിക്കും.

കൂടുതൽ മുന്നോട്ടു പോകുന്നതിന് മുമ്പേ പാർശ്വീകരണത്തെ അഥവാ ചിറാലിറ്റിയെ സംബന്ധിച്ച് കുറച്ചൊന്ന് വിശദീകരിക്കുന്നത് ഉചിതമായിരിക്കും. കുട്ടികളുടെ സംഘം ചേർന്നുള്ള കായിക പരിശീലന പ്രദർശനത്തിന്റെ അടിസ്ഥാനത്തിൽ ഈ സംഗതി എളുപ്പത്തിൽ മനസ്സിലാവും. ഒരു സംഘം കുട്ടികൾ ഘടികാര ദിശയിലും മറ്റൊരു സംഘം കുട്ടികൾ എതിർ ഘടികാര ദിശയിലും വൃത്താകൃതിയിൽ ഓടാനാരംഭിച്ചു. കായിക പരിശീലനം മിഴിവേകാൻ കുട്ടികളെ ജോഡികളായിട്ടാണ് തിരിച്ചത്. ഒരു ജോഡി കുട്ടികൾ ഒരു ദിശയിൽ വൃത്തത്തിലൂടെ ഓടുമ്പോൾ മറ്റു ജോഡി കുട്ടികൾ എതിർ ദിശയിൽ വൃത്തം ചുറ്റി ഓടുന്നു. ഇങ്ങനെ കുട്ടികളുടെ ഓട്ടത്തെപ്പറ്റി മനസ്സിൽ സങ്കൽപിച്ചാൽ നിങ്ങൾക്ക് പാർശ്വീയതയുടെ അഥവാ ചിറാലിറ്റിയുടെ ശാസ്ത്രീയ അർഥം മനസ്സിലാവും. അപ്രകാരം തന്നെ വലത്ത് നിന്ന് ഇടത്തോട്ടുള്ള കുട്ടികളുടെ ചലനവും ഇടത്ത് നിന്ന് വലത്തോട്ടുള്ള കുട്ടികളുടെ ചലനവും വേറിട്ട് എടുത്തു കാട്ടാൻ സാധ്യമല്ല. കാരണം ആദ്യത്തേതിന്റെ നേർവിപരീത ദിശയിലാണ് രണ്ടാമത്തേതിന്റെ ചലനം. അപ്രകാരം തന്നെ എല്ലാ തൻമാത്രകൾക്കും സ്വയം ഭ്രമണമുണ്ട്(Spin). പക്ഷേ, എല്ലാം ഒരേ ദിശയിലല്ല. ചിലത് വലത്ത് നിന്ന് ഇടത്തോട്ടാണെങ്കിൽ ചിലത് ഇടത്ത് നിന്ന് വലത്തോട്ടാണ്. ഒരേ രാസസൂത്രമുള്ള (Chemical Formula) സംയുക്ത പദാർത്ഥങ്ങളിലെ തന്മാത്രകളിൽ ചിലപ്പോൾ വലത്ത് നിന്ന് ഇടത്തോട്ടു തിരിയുന്ന തൻമാത്രകളും, ഇടത്ത് നിന്ന് വലത്തോട്ട് തിരിയുന്ന തൻമാത്രകളുമുണ്ടാവാം. ഇത് സംയുക്ത പദാർത്ഥങ്ങൾ ലയിപ്പിച്ച ഒരേ ലായനിയിലും സംഭവിക്കാം. ചിറാലിറ്റി എന്നത് തൻമാത്രാ തലത്തിൽ മാത്രം ഉണ്ടാവുന്ന ചലനമല്ല. തൻമാത്രയേക്കാൾ സൂക്ഷ്മമായ കണങ്ങളുടെ (Sub Atomic) തലത്തിൽ വരെ നമുക്കത് കാണാം.

കൃതിയിൽ പാർശ്വീയ ചലനത്തിന്റെ തെളിവുകൾ ലഭിച്ചത് 160 വർഷങ്ങൾക്ക് മുമ്പേ യാണ്. 1848ൽ മഹാനായ ഫ്രഞ്ച് ശാസ്ത്രജ്ഞൻ ലൂയി പാസ്ചർ ആണ് തൻമാത്രകളുടെ സ്വയം ഭ്രമണത്തിലെ ചിറാലിറ്റി കണ്ടു പിടിച്ചത്. അസാധാരണനായ ആ ശാസ്ത്ര പ്രതിഭയോടും അദ്ദേഹത്തിന്റെ തീക്ഷ്ണമായ ശാസ്ത്രീയ നിരീക്ഷണത്തോടും നാം കടപ്പെട്ടിരിക്കുന്നു. ടാർടാറിക് ആസിഡിന്റെ(Tartaric Acid)ചില ലവണങ്ങൾ അദ്ദേഹം നിരീക്ഷിച്ചു കൊണ്ടിരുന്നപ്പോൾ രണ്ട് തരത്തിലുള്ള ക്രിസ്റ്റലുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു തരം ക്രിസ്റ്റൽ മറ്റൊരു തരത്തിന്റെ നേർ വിപരീതമായ കണ്ണാടി പ്രതിബിംബം പോലെയായിരുന്നു. അദ്ദേഹം ശ്രദ്ധാപൂർവം രണ്ടു ക്രിസ്റ്റലുകളേയും പരസ്പരം വേർപ്പെടുത്തി. എന്നിട്ട് വെള്ളത്തിൽ ലയിപ്പിച്ചു. ആ ലായനിയിലൂടെ പ്രകാശ രശ്മികൾ കടത്തിവിട്ടു. അദ്ദേഹം അത്ഭുതപ്പെട്ടുപോയി, രണ്ട് ലായനികളിലേയും ധ്രുവീകൃതമായ പ്രകാശ രശ്മികൾ വ്യത്യസ്ത രീതിയിലാണ് കറങ്ങിയിരുന്നത്. ഒന്ന് ഘടികാരദിശയിലും മറ്റൊന്ന് അതിന്റെ എതിർ ദിശയിലും. ടാർടാറിക് ആസിഡ് ലായനിയിൽ ഒന്നിലെ തൻമാത്രകൾ വലത്തു നിന്ന് ഇടത്തോട്ടും മറ്റേതിലെ തൻമാത്രകൾ ഇടത്ത് നിന്ന് വലത്തോട്ടും ഭ്രമണം ചെയ്യുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു... ഒന്ന് മറ്റൊന്നിന്റെ മീതെയായി കറങ്ങുന്നില്ല. ഇതാണ് ചിറാലിറ്റിയെ സംബന്ധിച്ച് പ്രാഥമികതലത്തിലുള്ള ആദ്യത്തെ ശാസ്ത്രീയ നിരീക്ഷണം.

1857ൽ ഈ രംഗത്തെ ഒറ്റപ്പെട്ട നിർണായകമായ മറ്റൊരു കണ്ടുപിടിത്തം നടത്തിയതും ലൂയി പാസ്ചർ തന്നെയാണ്. ഒരു ദിവസം ഒരു ജാറിലെ രാസലായനിയിൽ വളർന്ന ഒരു പൂപ്പൽ(Mould) അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പൂപ്പൽ വന്ന് മലിനമായ ആ ലായനി പുറത്തേക്ക് കളയുന്നതിന് പകരം അദ്ദേഹം അതിലൂടെ ഒരു പ്രകാശ രശ്മി കടത്തിവിട്ട് അതിന്റെ പ്രഭാവം നിരീക്ഷിച്ചു. അദ്ദേഹം വിസ്മയഭരിതനായിപ്പോയി. ലായനി മലിനീകരിക്കപ്പെടുന്നതിന് മുമ്പേ പ്രകാശം കടത്തിവിട്ടപ്പോൾ താരതമ്യേന നിശ്ചലമായിരുന്ന ലായനി പൂപ്പൽ വന്ന് മലിനീകരിക്കപ്പെട്ടതിന് ശേഷം പ്രകാശം കടത്തിവിട്ടപ്പോൾ ചലനാത്മകമാവാനും പ്രകാശം ധ്രുവീകരിക്കപ്പെടാനും തുടങ്ങി. അതിന്റെ കാരണമിതാണ്. മലിനീകരിക്കപ്പെടുന്നതിന് മുമ്പേ ലായനിയിലെ വലത് ഭ്രമണ തൻമാത്രകളും (Right Spinning Moleculer) ഇടതഭ്രമണ തൻമാത്രകളും (Left Spinning Moleculer) തുല്യമായിരുന്നു. അതിനാൽ ലായനിയുടെ പ്രവർത്തനം ബലാബലത്തിൽ നിശ്ചലമായി നിന്നു. അതാണ് പ്രകാശം കടത്തിവിട്ടപ്പോൾ കണ്ടത്. എന്നാൽ പൂപ്പൽ കൊണ്ട് മലിനമായ ലായനിയിൽ പ്രകാശം കടത്തിവിട്ടപ്പോൾ ധ്രുവീയത(Polarity) പ്രത്യക്ഷമായതിന് കാരണം ലായനി പൂപ്പൽ വന്ന് മലിനമായപ്പോൾ ലായനിയിലെ പൂപ്പൽ അതിന്റെ വലത്തോട്ട്

ഭ്രമണം ചെയ്യുന്ന തൻമാത്രകളെ മാത്രം ഭക്ഷിക്കുകയും ഇടത്തോട്ട് ഭ്രമണം ചെയ്യുന്ന തൻമാത്രകളെ ഭക്ഷിക്കാതെ വിടുകയും ചെയ്തു. അതുകൊണ്ടാണ് നിശ്ചലമായിരുന്ന ലായനി പ്രകാശം കടത്തിവിട്ടപ്പോൾ ചലനാത്മകമായതും ധ്രുവീയത പ്രകടിപ്പിച്ചതും. അങ്ങനെ ഒരു പ്രഹേളികക്ക് ഉത്തരം കണ്ടെത്തിയപ്പോൾ മറ്റനേകം സങ്കീർണമായ പ്രഹേളികകൾക്ക് അത് ജന്മം നൽകുകയുമുണ്ടായി. എന്തുകൊണ്ടാണ് വെറുമൊരു പൂപ്പൽ, പിഴവ് പറ്റാത്ത സൂക്ഷ്മതയോടെ ഒരു ദിശയിൽ മാത്രം കറങ്ങുന്ന തൻമാത്രകളെ കണ്ടെത്തുന്നത് ? ഇതായിരുന്നു ലൂയിപാസ്ചറെ വിസ്മയഭരിതനാക്കിയ പ്രശ്നം. അത് ഇപ്പോഴും ശാസ്ത്ര സമൂഹത്തിന്റെ മനസ്സിനെ അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എത്രകാലം ഈ പ്രഹേളികക്ക് ഉത്തരം നൽകാൻ കഴിയാതെ ശാസ്ത്രലോകം മുമ്പോട്ട് പോകും? ശാസ്ത്രജ്ഞൻമാർക്ക് ഉത്തരമില്ല. ഈ പ്രഹേളികയുടെ അളവ് അതിവിപുലമാണ്. ഒരു മൂലകത്തിലേയോ, സംയുക്തത്തിലേയോ തൻമാത്രകൾ അവ വലത്തോട്ട് സ്വയം ഭ്രമണം ചെയ്യുന്നതാവട്ടെ ഇടത്തോട്ട് സ്വയം ഭ്രമണം ചെയ്യുന്നതാവട്ടെ അവ രണ്ടും രാസികമായും, ഭൗതികമായും ഒരേ ഗുണങ്ങളുള്ളതാണ്. ഇങ്ങനെ ഒരു പ്രത്യേക ദിശയിൽ ഭ്രമണം ചെയ്യുന്ന അതിന്റെ പ്രവണതയെ എന്താണ് അല്ലെങ്കിൽ ആരാണ് നിയന്ത്രിക്കുന്നത്? അതൊരു കുഴക്കുന്ന പ്രശ്നമാണ്. ദുർഗ്രാഹ്യമായ തൻമാത്രകളുടെ ഈ പാർശ്വ ചംക്രമണങ്ങൾ കണ്ടുപിടിക്കപ്പെട്ടപ്പോൾ അതിന്റെ ദുർഗ്രാഹ്യത അതിഭീമമായി തുടരുകയാണ്. മനുഷ്യന് നൽകപ്പെട്ട അഞ്ച് ഇന്ദ്രിയങ്ങളിലൊന്നിനും തന്നെ തൻമാത്രകളുടെ പാർശ്വചംക്രമണത്തെക്കുറിച്ച് അറിയാനുള്ള കഴിവില്ല. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് ഗ്രഹിക്കാൻ സാധിക്കുന്ന യാതൊരടയാളവും ഇങ്ങനെ കറങ്ങുന്ന തൻമാത്രകൾ പദാർഥങ്ങളിൽ ഉണ്ടാക്കുന്നില്ല. എന്നാൽ, അറിയപ്പെടുന്ന യാതൊരു സംവേദനേന്ദ്രിയങ്ങളുമില്ലാത്ത കേവലം ഒരു പൂപ്പലിന് പ്രത്യേക ഭ്രമണ ശീലമുള്ള തൻമാത്രകളെ അറിയാനുള്ള കഴിവ് എങ്ങനെ ലഭിച്ചു?

പ്രകൃതിയിലെ ചിറാലിറ്റിയുടെ അത്ഭുതകഥകൾ ഇവിടെ അവസാനിക്കുന്നില്ല. അത് ആരംഭിക്കുന്നതേയുള്ളൂ. ലൂയിസ് പാസ്ചറുടെ കാലം മുതൽ ആരംഭിച്ച ചിറാലിറ്റിയെ സംബന്ധിച്ച ഗവേഷണങ്ങൾക്ക് വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി അമ്പരപ്പിക്കുന്ന നിരവധി ഉദാഹരണങ്ങൾ വെളിച്ചത്ത് വരികയുണ്ടായി. അതായത് വിവിധ തരത്തിലുള്ള ജീവിവർഗങ്ങൾക്ക് വീഴ്ചകൂടാതെ ചിറാലിറ്റി കണ്ടെത്താൻ കഴിയുന്നു എന്ന സത്യമായിരുന്നു അത്.

ഇപ്പോൾ ഭൗതികാസ്തിത്വത്തിന്റെ എല്ലാ തലത്തിലും ചിറാലിറ്റിയുടെ പ്രവർത്തനം കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ എങ്ങനെ എന്തുകൊണ്ട് അവ ഇപ്രകാരം ഭ്രമണം ചെയ്യുന്നു എന്ന കാര്യം ഇത് വരെ ഗ്രഹിക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാനകണങ്ങളുടെ (Elementary Particles)പ്രതിപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് അടിസ്ഥാന ബലങ്ങളാണെന്നും(Elementary Forces) അതുകൊണ്ടാണ് സമമിതി നിലനിർത്താൻ (Parity Conservation) കഴിയുന്നതെന്നുമായിരുന്നു. 1957 വരെ വിശ്വസിച്ചിരുന്നത്. ഇതിന്റെ ലളിതമായ അർത്ഥം എല്ലാ കണങ്ങൾക്കും പ്രാഥമിക തലത്തിൽ ചിറാൽ സമമിതി (Chiral-Symmetry) ഉണ്ട് എന്നായിരുന്നു. 1957ൽ കൊളംബിയാ യൂണിവേഴ്സിറ്റിയിലെ ചിയാങ്ങ് ഷിയുങ്ങ് വൂ(Chien-shiung wu)യുംഅവരുടെ സഹപ്രവർത്തകരും ചേർന്ന് റേഡിയോ പ്രസരണം നടത്തുന്ന ന്യൂക്ലിയസിൽ നിന്ന് വരുന്ന ബിറ്റാ കണങ്ങൾ(Beta Particles) ചിറാൽ സമമിതി പ്രദർശിപ്പിക്കുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഇടത് സ്പിന്നുള്ള (Left handed) ഇലക്ട്രോണുകൾ വലത് സ്പിന്നുള്ള ഇലക്ട്രോണു (Right handed)കളേക്കാൾ അധികമുണ്ട്. ഏറ്റവും സൂക്ഷ്മകണങ്ങളായ ന്യൂട്രിനോകളും (Neutrino) ആന്റി ന്യൂട്രിനോകളും 'Anti Neutrieno' വൈദ്യുതപരമായി നിർഗുണമാണെന്നും, പ്രകാശത്തിന്റെ വേഗത്തിൽ സഞ്ചരിക്കുന്നുവെന്നും നിശ്ചിതമായ ഒരു സ്വയം ഭ്രമണം പാലിക്കുന്നുവെന്നും പിന്നീട് കണ്ടെത്തുകയുണ്ടായി. ഇടത് പാർശ്വത്തിലേക്ക് ഭ്രമണം ചെയ്യാൻ കൂടുതൽ ഇഷ്ടപ്പെടുന്ന ഇലക്ട്രോണിനെ അപേക്ഷിച്ച് ആന്റി ന്യൂട്രിനോകൾ എപ്പോഴും വലത് പാർശ്വത്തേക്ക്തിരിയാനുള്ള പ്രവണതയാണ് കാണിക്കുന്നത്. അസ്തിത്വത്തിന്റെ അടിസ്ഥാന തലങ്ങളിൽ പോലും ചിറാൽ സമമിതിയെ(Chiral Symmetry) പോലെ ചിറാൽ അസമതിയും (Chiral Asymmetry) നിലനിന്നു എന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു.

ഇത് സംബന്ധിച്ച് നിരവധി തിസീസുകൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, സൂക്ഷ്മതലത്തിൽ പരിശോധിക്കുമ്പോൾ അവയെല്ലാം അസംബന്ധങ്ങളായിട്ടാണ് കാണപ്പെടുന്നത്. എന്തായിരുന്നാലും പ്രകൃതിയിലെ ചിറാലിറ്റിയെ സംബന്ധിച്ച സമസ്യക്ക് വളരെ പ്രാഥമികമായിട്ടാണെങ്കിലും സാധ്യമായ ഒരു ഉത്തരം ശാസ്ത്രജ്ഞൻമാർ മുന്നോട്ടു വെച്ചതായി കാണുന്നു. ഈ അവസ്ഥയിൽ അത് സ്വീകരിക്കപ്പെടാനോ നിരീക്ഷിക്കപ്പെടാനോ കഴിയാത്തവിധം സാങ്കൽപികമാണ്. ഡോക്ടർ അബ്ദുസ്സലാം, സ്റ്റീവൻ വെൻബർഗ്, ഷെൻഡൻ ഗ്ലാസ്ഗോ എന്നിവർ ചേർന്ന് ആദ്യമായിഒരു സിദ്ധാന്തവുമായി ബന്ധപ്പെടുത്തിയാണ് ഇത് മുന്നോട്ടു വെച്ചത്. വിദ്യുത് കാന്തികബലവും ദുർബല ബലവും ഏകീകരിച്ചുകൊണ്ടുള്ള ആ സിദ്ധാന്തം 1960 ലായിരുന്നു മുന്നോട്ടു വെച്ചത്. ആ സിദ്ധാന്തം സമമിതി പാലിക്കാത്ത

ഒരു പുതിയ ദുർബല വിദ്യുത് ബല ത്തെപറ്റി പ്രവചിച്ചു. ഈ അസമമി തി(Disparity)യാണ് ആന്റി ന്യൂട്രി നോയുടെ വലത് പാർശ്വ കറക്ക ത്തിനും ന്യൂട്രിനോയുടെ ഇടത് പാർശ്വക്കറക്കത്തിനും അതു പോലെ ഇലക്ട്രോണുകളുടെ കറ ക്കത്തിനും കാരണമാവുന്നതെന്ന് ശാസ്ത്രജ്ഞൻമാർ പറയുന്നു. എന്നാൽ ചിറാലിറ്റിയുടെ എല്ലാ തല ത്തിലും ഇടത് വലത് പാർശ്വ കറ ക്കത്തിന് കാരണമാവുന്നത് ഈ ദുർബല വിദ്യുത് ബലമാണെന്ന് ശാസ്ത്രജ്ഞൻമാർ കരുതുന്നില്ല. ഈ രണ്ട് പാർശ്വീയ കറക്കങ്ങളു ടേയും വ്യത്യാസങ്ങൾ ചിലപ്പോൾ ശാസ്ത്രജ്ഞൻമാരെ അമ്പരിപ്പിക്കാ റുണ്ട്. പ്രത്യേകിച്ച് ജൈവ പരി ണാമത്തിൽ അവ നിർവഹിച്ച പങ്കിനെപ്പറ്റി പഠിക്കുമ്പോൾ അവർ അത്ഭുതപ്പെടുന്നു. പ്രശ്നം കൂടു തൽ സങ്കീർണമാവുന്നത് ഇങ്ങനെ യാണ്. അതായത് ഒരേ രാസസൂത്ര മുള്ള പദാർഥത്തിന്റെ തന്നെ, വലത് പാർശ്വ ചംക്രമണവും ഇടത് പാർശ്വ ചംക്രമണവുമുള്ള രണ്ട് ഘടകങ്ങൾ തികച്ചും വ്യത്യസ്ത രീതികളിലൂടെയാണ് ജീവനെ സ്വാധീനിക്കുന്നത്. ചില വിസ്മയക രമായ ഉദാഹരണങ്ങൾ താഴെ ചേർക്കാം.

ലിമോനീൻ(Limonene)സം യുക്തം ഓറഞ്ചിലും ചെറുനാരങ്ങ യിലും കാണാവുന്നതാണ്. അവ യുടെ രാസഘടനയിൽ ചെറിയ ഒരു വ്യത്യാസം പോലും കാണാൻ സാധ്യമല്ല. പക്ഷേ, ഓറഞ്ചിൽ കാണുന്ന ലിമോനിന്റെ തൻമാത്ര കറക്കവും ചെറുനാരങ്ങയിൽ കാണുന്ന ലിമോനിന്റെ തൻമാത്ര കറക്കവും തമ്മിൽ വ്യത്യാസമുണ്ട്. അവ രണ്ടും പരസ്പരം വിപരീത ദിശകളിലായിട്ടാണ് ഭ്രമണം ചെയ്യു ന്നത്. ഓറഞ്ചിലെ ലിമോനിൻ തൻമാത്ര എപ്പോഴും ഇടത് പാർശ്വ ത്തിലേക്ക് കറങ്ങുമ്പോൾ ചെറുനാ രങ്ങയിലെ ലിമോനിൻ തൻമാത്ര വലത് പാർശ്വത്തേക്കാണ് കറങ്ങു ന്നത്. ഭൂമിയിൽ എങ്ങനെയാണ് ഓറഞ്ചും ചെറുനാരങ്ങയും തങ്ങൾക്ക് വേണ്ട പ്രത്യേക കറക്കമുള്ള ലിമോനിനെ തിരഞ്ഞെ ടുക്കുന്നത്? അവ രണ്ടിന്റെയും വ്യത്യസ്ത ഗുണങ്ങൾക്ക് കാരണം ലിമോനിൻ തൻമാത്രയുടെ പ്രത്യേക രീതിയിലുള്ള കറക്കം മാത്രമാണ്. വീണ്ടും ഊന്നിപ്പറ യേണ്ടി വരുന്ന ഒരു സംഗതി ഇടത് പാർശ്വ കറക്ക തൻമാത്രകളും, വലത് പാർശ്വ കറക്ക തൻമാത്രക ളുമുള്ള ലിമോനിന്റെ രാസഘട നക്കും ഭൗതിക ഗുണത്തിനും യാതൊരു വ്യത്യാസവുമില്ല എന്നതാണ്. എങ്ങനെയാണ് ഓറഞ്ചിലെ തൻമാത്രയുടെ വ്യത്യസ്തമായ ഈ കറക്കം വ്യത്യസ്ത വാസനകളായി മനു ഷ്യന്റെ ഘ്രാണേന്ദ്രിയത്തിലെ നാഡികൾക്ക് (ഛഹളമരഃീൃ്യ ചലൃ്ലെ) വേർതിരിച്ചറിയാൻ സാധി ക്കുന്നത്. ഇത് അത്ഭുതകരമായ കാര്യം തന്നെയാണ്. തീർച്ചയായും അതിന് പിന്നിൽ ചില കാരണങ്ങളു ണ്ട്. പക്ഷേ, നമുക്കത് ഇതുവരെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല എന്ന് മാത്രം.

മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട് ചിറാലിറ്റിയുടെ മറ്റൊരു സ്വാധീനം അൽപം അശുഭത്വമുള്ള താണ്. ഗർഭിണികൾക്കുണ്ടാകുന്ന ഗർഭഛർദ്ദി(Morning Sickness) എന്ന രോഗത്തിന് ചികിത്സിക്കാൻ വേണ്ടി ഒരു മരുന്നുകമ്പനി 1963ൽ കണ്ടെത്തിയ മരുന്നായിരുന്നു താലി ഡോമൈഡ്(Thalidomide). ഈ മരുന്നിന്റെ ഉപയോഗത്തോടനുബ ന്ധിച്ചാണ് ചിറാലിറ്റിയുടെസ്വാധീനം ശ്രദ്ധയിൽപ്പെട്ടത്. പല രോഗി കൾക്കും രോഗം ഭേദമായി. എന്നാൽ, ചില രോഗിക്കുള്ളിൽ അത് അപകടമുണ്ടാക്കുകയും ചെയ്തു. താലിഡോമൈഡ് എന്ന ഈ മരുന്ന് ഉപയോഗിച്ച് ചികിത്സിച്ച പല സ്ത്രീകൾക്കും പിറന്ന കുഞ്ഞുങ്ങൾക്ക് പല ജന്മജാത വൈകല്യങ്ങളുമുള്ളതായി കാണാൻ കഴിഞ്ഞു. പിന്നീട് നടന്ന ഊർജ്ജിതമായ അന്വേഷണത്തിൽ നിന്ന് ഒരുകാര്യം വ്യക്തമായി. താലി ഡോമൈഡിൻ നിർമ്മിച്ചിരുന്ന മരുന്ന്കമ്പനി അശ്രദ്ധമായി ഒരേ ഫോർമുല ഉപയോഗിച്ചു തന്നെ രണ്ട് രീതിയിൽ താലിഡോമൈഡ് ഉണ്ടാക്കുകയുണ്ടായി. ഒരു രീതി യിൽ ഉണ്ടാക്കിയ മരുന്നിലെ തൻമാ ത്രകൾ ഒരേ ദിശയിൽ കറങ്ങു മ്പോൾ മറ്റേത് എതിർ ദിശയിലും കറങ്ങുന്നു. ഒരു രീതിയിൽ നിർമ്മിച്ച മരുന്ന് ഗർഭഛർദ്ദി രോഗ ത്തിന് ശമനം നൽകുകയും ഗർഭ സ്ഥശിശുവിന് യാതൊരു അപക ടവും വരുത്തിയില്ല. മറ്റൊരു രീതിയിൽ നിർമ്മിച്ച മരുന്ന് ഗർഭ ഛർദ്ദി രോഗം മാറുന്നതിന് പകരം ശർഭസ്ഥ ശിശുവിന് ജന്മജാതവൈ കല്യങ്ങൾ സമ്മാനിക്കുകയാണ് ചെയ്തത്. ഈ മരുന്ന് കഴിച്ചതിന്റെ ഏറ്റവും ഗുരുതരമായ പാർശ്വഫലം ശിശുവിന്റെ താഴത്തെ അവയവ ങ്ങൾക്കുണ്ടായ രൂപ വൈകല്യങ്ങ ളാണ്.

ഇങ്ങനെ സ്വയം ഭ്രമ ണത്താൽ നിർണയിക്കപ്പെടുന്ന കാര്യങ്ങൾക്ക് മറ്റൊരുദാഹരണം ജീവന്റെ ഏറ്റവും അടിസ്ഥാന തല ത്തിൽ കാണപ്പെടുന്നു. അവിടെ ഒരു വശത്തേക്കുള്ള കറക്കം അല്ലെങ്കിൽ മറ്റൊരു വശത്തേക്കു ള്ള കറക്കം തിരഞ്ഞെടുക്ക ുന്നതായി കാണപ്പെടുന്നു. പ്രാഥ മിക ജീവദ്രാവകത്തിൽ (Primordial soup) നൂറുക്കണക്കിന് സ്വതന്ത്ര അമിനോ അമ്ലങ്ങൾ നില നിന്നിരുന്നു. അതിൽ നിന്നാണ് ജീവന്റെ അടിസ്ഥാന ഘടകങ്ങ ളായ പ്രോട്ടീൻ(DNA, RNA)സൃഷ്ടി ക്കപ്പെട്ടത്. പ്രകൃതി ഇതിൽ നിന്ന് ഇരുപത് അമിനോ അമ്ലങ്ങളെമാത്ര മാണ് തെരഞ്ഞെടുത്തത്. അവ യെല്ലാം ഇടത് പാർശ്വഭ്രമണമുള്ളവ യുമായിരുന്നു!

പഞ്ചസാര നിർമിക്കാനുള്ള തൻമാത്രകൾ തിരഞ്ഞെടുക്കു മ്പോൾ ഈ തിരഞ്ഞെടുപ്പ് നേർ വിപരീതമാവുന്നു.എല്ലാ ജീവിരൂപ ങ്ങൾക്കും ഊർജം നൽകുന്ന നാല് വ്യത്യസ്ത രൂപങ്ങളിലുള്ള പഞ്ച

സാരയുടെ തൻമാത്രകളും വലത് പാർശ്വഭ്രമണമുള്ളവയാണ്. ഇതി നർഥം കരിമ്പ്, ബീറ്റ്റൂട്ട്, പഴങ്ങൾ മുതലായവയിലെ ജീവന് ആവശ്യം വരുന്ന പ്രകൃതിദത്തമായ എല്ലാ പഞ്ചസാരയും വലത് പാർശ്വഭ്രമണ മുള്ളവയാണ് എന്നാണ്.

സംഗതി അങ്ങനെയാണെ ങ്കിലും ഇടത് പാർശ്വഭ്രമണമുള്ള തൻമാത്രകൾ മാത്രം ഉൾക്കൊ ള്ളുന്ന കൃത്രിമ പഞ്ചസാരയുടെ നിർമാണത്തിന് വിജയകരമായ ഒരു പരീക്ഷണം കുറച്ച് വർഷങ്ങൾക്ക് മുമ്പേ നടത്തുകയുണ്ടായി. പഞ്ച സാരയുടെ അതേ രുചിയും രാസ ഗുണങ്ങളും പാചക ഗുണങ്ങളുമാ യിരുന്നു ഈ ഇടത് പാർശ്വഭ്രമണ തൻമാത്രകളാൽ നിർമിക്കപ്പെട്ട പഞ്ചസാരക്കുമുണ്ടായിരുന്നത്. പക്ഷേ ഈ കൃത്രിമ പഞ്ചസാരയെ മനുഷ്യന്റെ ദഹനവ്യവസ്ഥ പാടെ തള്ളിക്കളഞ്ഞു. ഒരൊറ്റ തൻമാത്ര പോലും സ്വാംശീകരിക്കപ്പെട്ടില്ല. ഇത് ഇടത്, പാർശ്വഭ്രമണമുള്ള പഞ്ച സാരയുടെ വാണിജ്യാടിസ്ഥാനത്തി ലുള്ള നിർമ്മാണത്തെപ്പറ്റി വിചിത്ര ചിന്തക്ക് ജന്മം നൽകി. ഇത് പ്രമേഹ രോഗികളുടെ ഗുണത്തിന് മാത്രമല്ല തീറ്റപ്രിയൻമാരുടേയും ഭക്ഷണാ സ്വാദകരുടെയും സന്തോഷത്തിന് വേണ്ടിയുമായിരുന്നു. അവർക്ക് ഒരു മൺകൂനയുടെയത്രയെങ്കിലും കൊഴുപ്പ് കൂടുമെന്ന് ഭയപ്പെടാതെ ഒരു പർവതത്തിന്റെയത്ര പഞ്ചസാര കഴിക്കാം. കീറാമുട്ടിയെന്താണെന്ന് വെച്ചാൽ ഇടത് പാർശ്വഭ്രമണമുള്ള തൻമാത്രകളടങ്ങിയ പഞ്ചസാര നിർമിക്കാനുള്ള ചിലവ് ആ ഉദ്യ മത്തെ തടഞ്ഞു നിറുത്തുന്നു എന്നത് മാത്രമാണ്. ഒരു പർവ്വത ത്തിന്റെയത്ര പണം ചെലവഴിച്ചെ ങ്കിൽ മാത്രമേ ഒരു മൺകൂനയുടെ യത്ര അത്തരം പഞ്ചസാര ലഭ്യമാ കൂ. എണ്ണപ്പണ ക്കൂമ്പാരത്തിനു മീതെ ഇരിക്കുന്ന എണ്ണരാജാ ക്കൻമാർക്ക് മാത്രമേ അത്തരം ആഡംബരങ്ങളുടെ ചെലവ് വഹി ക്കാൻ സാധ്യമാവൂ.


മറ്റു പല രീതികളിലും നിർബന്ധപൂർവ്വമുള്ള ഇടത് വലത് പരിഗണനകൾ നമുക്ക് പ്രത്യക്ഷ ത്തിൽ കാണാൻ സാധിക്കുന്നതാ ണ്. മിക്ക ആളുകളും പ്രവൃത്തി യിൽ വലം കൈയ്യൻമാരാണ്. അപ്ര കാരം ഹൃദയവും കരളും സാർവ്വ ത്രികമായി യഥാക്രമം ഇടത്തും വല ത്തുമായിട്ടാണ് കാണപ്പെടുന്നത്. തീർച്ചയായും അപൂർവ്വം വ്യക്തിക ളിൽ ഇത് മറിച്ചായിരിക്കും. റോജർ. എ ഹെഗ്സ്റോവും, ദിലീപ് കെ. കോണ്ടി പുഡിയും ചേർന്ന് 1990 ജനുവരി ലക്കം *Scientific America* യിൽ എഴുതിയ *The Handectmess of Universe* (പ്രപഞ്ചത്തിന്റെ പാർശ്വീയത) എന്ന ലേഖനത്തിൽ പ്രകൃതിയിലെ നിരവധി പാർശ്വീയ പ്രതിഭാസങ്ങളെക്കുറിച്ച് പ്രതിപാദി ച്ചിട്ടുണ്ട്. അവയുടെ പാർശ്വത്തിന്റെ തിരഞ്ഞെടുപ്പിന് പ്രത്യക്ഷമായ യാതൊരു കാരണവും അവർക്ക് കാണാൻ കഴിഞ്ഞിട്ടില്ല. കൂടുതൽ ആളുകളെ വലംകൈയ്യന്മാരായി കാണുന്നു എന്നതിന് അവർക്ക് യാതൊരു കാരണവും കണ്ടെ ത്താൻ സാധ്യമായിട്ടില്ല.

.....എന്തുകൊണ്ടാണ് വലംകൈയ്യന്മാരും ഇടം കൈയ്യന്മാരും തുല്യ എണ്ണത്തിൽ ജനിക്കാത്ത ത്.

പാർശ്വീയതയുടെ കാര്യത്തി ലുള്ള എന്തെങ്കിലും പ്രവണത തിര ഞ്ഞെടുക്കുക എന്നത് മനുഷ്യ വർഗത്തിന്റെ വിശേഷാധികാര ത്തിൽപ്പെട്ടതല്ല.

മൃഗങ്ങളിലും സസ്യങ്ങ ളിലും കാണുന്ന പാർശ്വീയതയെ പ്പറ്റി അവർ എഴുതുന്നു:

ഭൂമദ്ധ്യ രേഖയുടെ ഇരുഭാ ഗങ്ങളിലും വലംപിരി ശം ഖുകളാണ് അധികവും കാണപ്പെടുന്നത്. ഈ വലത് പാർശ്വീയതയിൽ മുന്നിട്ടു നിൽക്കുന്ന ജീവി കളുടെ കൂട്ടത്തിൽ ഇടത് പാർശ്വക്കാർ നിൽക്കുന്ന ത് മ്യൂട്ടേഷന്റെ (ജനിതക പരമായ പരിവർത്തനം) ഫലമായിട്ടാണ്. അത് നൂറിൽ ഒന്നായോ, ദശല ക്ഷത്തിൽ ഒന്നായോ ജീവിവർഗത്തിന്റെ പ്രത്യേ കതയനുസരിച്ച് കാണപ്പെ ടുന്നു.



ഹണിസക്കിൾ

അതിന് വിപരീതമായി അത്‌ലാന്റിക് തീരത്ത് കാണപ്പെ ടുന്ന ലൈറ്റ്നിംങ്ങ് വെൽക്ക് (Lightning whelk – ഒച്ചിനെ പോലെയുള്ള ഒരു കടൽ ജീവി) ഇടത് പാർശ്വീയ തയുള്ള ജീവികളാണ്. സസ്യങ്ങ ളിൽ ഹണിസക്കിൾ (Honey Suckle) എന്ന ആരോഹി വള്ളിച്ചെ ടിയുടെ ഗ്രാഹികൾ ഇടത് പിരിയൻ ഗോവണി പോലെയാണെങ്കിൽ ബിന്റ് വീഡ് (Bind Weed) അത്



ഇടംപിരി ശംഖ്



വലംപിരി ശംഖ്

വലത് പിരിയൻ ആകൃതിയാണ് ഇഷ്ടപ്പെടുന്നത്. ചില ബാക്ടീരിയകൾ അത് കൂട്ടം കൂടി കോളനികളായി നിൽക്കുമ്പോൾ വലത് നിന്ന് ഇടത്തോട്ട് പിരിയൻ ആകൃതിയിൽ കൂടി നിൽക്കുന്നു. ചൂട് വർദ്ധിക്കുമ്പോൾ അവ ഈ പിരിയൻ ആകൃതി നേർ വിപരീത ദിശയിൽ ഇടത്ത് നിന്ന് വലത്തോട്ട് മാറ്റുന്നു.

ഇതെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണ്. പരിണാമത്തിന്റെ എല്ലാ തലത്തിലും ജീവിരൂപങ്ങൾ തൻമാത്രകളുടെ പാർശ്വീയ ഭ്രമണത്തോട് കാണിക്കുന്ന, പക്ഷം ചേരലുകൾക്ക് നിരവധി അസാധാരണമായ ഉദാഹരണങ്ങൾ കാണാൻ കഴിയും. അവരുടെ പഠനം ഉദ്വേഗജനകമാണ്. അത് ആരേയും അമ്പരിപ്പിച്ചു കളയും. തീരുമാനമെടുക്കേണ്ട എല്ലാ നിർണായക സന്ദർഭങ്ങളിലും സർവജ്ഞാനിയായ ഒരു തിരഞ്ഞെടുപ്പുകാരന്റെ ബോധപൂർവമായ അഭീഷ്ടം ഉണ്ടാവേണ്ടതുണ്ട്. അല്ലെങ്കിൽ ഒരാൾ ഇതിനെ അന്ധമായ പ്രകൃതിയുടെ യാദൃച്ഛികമായ വിചിത്ര വിളയാട്ടമാണെന്ന് പറയേണ്ടി വരും.

അവസാനമായി ഈ ഉപന്യാസത്തിന്റെ ഉദ്ദേശ്യം ഒരിക്കൽകൂടി ഊന്നിപ്പറയേണ്ടതായി തോന്നുന്നു. അജ്ഞാത ലോകത്ത് നിന്ന് ജ്ഞാത ലോകത്തിലേക്ക് വിവരങ്ങൾ കൈമാറുന്നതിൽ വെളിപാടുകൾക്ക് വല്ല പങ്കും നിർവഹിക്കാൻ കഴിയുമോ എന്നതാണ് നമ്മുടെ ചർച്ചയുടെ അടിസ്ഥാന വിഷയം. ഈ പ്രബന്ധത്തിലെ വിവിധ തലക്കെട്ടുകളിലായുള്ള ചർച്ച ഈയൊരു വിഷയവുമായി ബന്ധമുള്ളതാണ്. ഈ അധ്യായത്തിന്റെ പ്രസക്തി ഒരുപക്ഷേ വ്യക്തമായി മനസ്സിലായില്ലെന്നു വരും. അതിനാൽ ഇത് സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യമായി വരുന്നു. ഇസ്‌ലാം മതത്തിന്റെ എല്ലാ പെരുമാറ്റചട്ടങ്ങളിലും സ്വഭാവശീലങ്ങളിലും പാർശ്വീയതയിൽ ഊന്നലുണ്ടെന്ന കാര്യം നാം നേരത്തെ തന്നെ ചൂണ്ടിക്കാട്ടുകയുണ്ടായി. നാം വായനക്കാരന്റെ ശ്രദ്ധയെ വിനയപുരസ്സരം ക്ഷണിക്കുകയാണ്. മറ്റെല്ലാ മതങ്ങളിലും വലതി (Right) ന്റെ വിപരീതം തെറ്റ് (Wrong)എന്നാകുന്നു. ഇടത് (Left) എന്നല്ല.

ഇസ്‌ലാമിൽ 'വലത്' എന്നത് നന്മ സൂചിപ്പിക്കുന്ന ഒരു സംജ്ഞ മാത്രമല്ല. പാർശ്വം എന്ന അർഥം കൂടി അതിനുണ്ട്. അപ്രകാരം ഇവിടെ വലത് എന്നത് തെറ്റിന്റെ ഏതിർപദമായിട്ടല്ല ഉപയോഗിക്കു ന്നത്. 'ഇടതി'ന്റെ എതിര് 'വലത്' എന്ന നിലക്കാണ്. ഇത് വ്യക്തമായും പാർശ്വീയതയെപ്പറ്റിയാണ്. പല ഖുർആനിക വചനങ്ങളിലും ഇടതിനേക്കാൾ വലതിന് ബോധപൂർവം ഇഷ്ട പ്രാമുഖ്യം നൽകിയതായി കാണാം. ദൈനംദിന മതകാര്യങ്ങളിൽ ഇടതിന് പകരം വലതിന് പ്രാമുഖ്യം നൽകണമെന്ന് വിശ്വാസികളോട് നിർദ്ദേശിക്കാൻ ഈ വചനങ്ങളിലൂടെ നബി തിരുമേനി(സ) മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. നബി തിരുമേനി (സ)യുടെ സുസ്ഥാപിതമായ ചര്യയനുസരിച്ച് എല്ലാ നല്ല കാര്യങ്ങളും എപ്പോഴും വലത് ഭാഗത്ത് നിന്നോ വലത് കൈകൊണ്ടോ ആരംഭിക്കണമെന്നാണ്. ഉദാഹരണത്തിന് വിശ്വാസികളോട് പ്രാർഥനക്കായി അംഗശുദ്ധി വരുത്താൻ നിർദ്ദേശിച്ചപ്പോൾ വലത് കൈയാണ് ആദ്യം കഴുകേണ്ടതെന്ന് തിരുമേനി (സ) കൽപിച്ചു. പാദരക്ഷ ധരിക്കുമ്പോൾ ആദ്യം വലത് കാലിൽ അണിയണം. സദ്യക്ക് ക്ഷണിക്കപ്പെട്ട ബഹുമാന്യനായ അതിഥി ആതിഥേയന്റെ വലത് ഭാഗത്തിരിക്കണം. ഒരു മുസ്‌ലിം കുഞ്ഞ് പിറന്നാൽ അതിന്റെ വലത് ചെവിയിൽ ബാങ്ക് വിളിക്കണം. തക്ബീർ ഇടത് ചെവയിൽ ഓതുന്നതിന് മുമ്പേ ഇത് നിർവഹിച്ചിരിക്കണം. അത്തരം അദ്ധ്യാപനങ്ങൾ വെറും യാദൃച്ഛികമല്ല. അതിന് സൂക്ഷ്മമായ പ്രത്യേക തലങ്ങളുണ്ട്. നബി തിരുമേനി(സ) യുടെ ഇത്തരത്തിലുള്ള അദ്ധ്യാപനങ്ങൾ കൊണ്ടും അവിടത്തെ ത്തന്നെ മാതൃക കൊണ്ടും നല്ല വസ്തുക്കൾ സ്പർശിക്കാനും എടുക്കാനും മുസ്‌ലിംകൾ എപ്പോഴും വലത് കൈയ്യാണ് ഉപയോഗിക്കുന്നത്. മറ്റു കാര്യങ്ങൾ ചെയ്യാൻ ഇടത് കൈയ്യും ഉപയോഗിക്കുന്നു. അതിനാൽ ഒരു മുസ്‌ലിം മറ്റുള്ളവരുമായി ഹസ്തദാനം ചെയ്യുമ്പോൾ അപരനും അപ്രകാരം ചെയ്യുമെന്ന നിറഞ്ഞ പ്രതീക്ഷയിൽ ശുദ്ധമായ വലത് കൈയാണ് നീട്ടുന്നത്.

ഇത്തരത്തിലുള്ള അദ്ധ്യാപനങ്ങൾ വ്യക്തമായും സൂചിപ്പിക്കുന്നത് പാർശ്വീയതയെ സംബന്ധിച്ച മതപരവും സാമൂഹികവുമായ സങ്കൽപം ഇസ്‌ലാമിൽ ബോധപൂർവം തന്നെ നടപ്പാക്കിയതാണെന്നാണ്. മനുഷ്യ വംശത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളിൽ 'വലത്പക്ഷക്കാർ' എന്നും ഇടത് പക്ഷക്കാർ എന്നുമുള്ള സംജ്ഞകൾ ഈ അർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. സമകാലീന ലോകത്ത് രാഷ്ട്രീയമായും സാമ്പത്തികമായുമുള്ള വിഭജനങ്ങൾ ഇടത് വലത് പക്ഷ തത്ത്വശാസ്ത്രങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇത് മനുഷ്യ വംശത്തിന്റെ ഭാവിയെ സംബന്ധിച്ച് ഖുർആൻ പറഞ്ഞ പ്രവചനത്തോട് തുലനപ്പെടുത്തിയുള്ള വിഭജനങ്ങളാണ്.

മറ്റു വെളിപാടു മതങ്ങൾ പാർശ്വീയതയെക്കുറിച്ച് ഒന്ന് പരാമർശിക്കുക പോലും ചെയ്യാത്തപ്പോൾ, ഇസ്‌ലാം മാത്രം എന്തു കൊണ്ട് പാർശ്വീയതക്ക് ശക്തമായ ഊന്നൽ നൽകി?

ഈ ചോദ്യത്തിനുള്ള ഉത്തരമിതാണ്. ഒരു കാര്യം നല്ലത് പോലെ മനസ്സിലാക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ഉദയത്തോടെ മറ്റെല്ലാ മതങ്ങളുടെയും കാലം അസ്തമിച്ചിരിക്കുന്നു. ധ്രുവീയത(Polarity), പാർശ്വീയത എന്നീ പ്രവണതകളെപ്പറ്റിയുള്ള അറിവോ അതിന് മനുഷ്യ വ്യവഹാരങ്ങളിലുള്ള പങ്കോ ഇസ്‌ലാമിന് മുമ്പേയുള്ള കാലത്തെ ജനതകളിൽ ഉണ്ടായിരു

ശേഷം പേജ് 43 ൽ

# റമദാൻ: അനുഗ്രഹവർഷത്തിന്റെ വസന്തകാലം

**മുഹമ്മദ് ഉമർ കോഴിക്കോട്**

ആരംഭഘട്ടത്തിൽ റഹ്മത്തും (ദൈവ കാരുണ്യം) മദ്ധ്യഘട്ടത്തിൽ മഅ്ഫിറത്തും (പാപപ്പൊറുതിയും) അവസാന ഘട്ടത്തിൽ നരകത്തിൽ നിന്നുള്ള മോചനവും വിധിക്കപ്പെട്ട ആത്മീയ പൂങ്കാവനത്തിലെ വസന്തകാലമായ ആ മാസം പുണ്യമാസം ഇതാ നമ്മുടെ ജീവിതത്തിൽ വീണ്ടും സമാഗതമായിരിക്കുന്നു. ഈ പുണ്യമാസത്തെ വ്രതാനുഷ്ഠാനം, ദിക്റെ ഇലാഹി, ഖുർആൻ പരായണം, തറാവീഹ്, തഹജ്ജുദ് എന്നീ ഐഛിക നമസ്കാരങ്ങൾ എന്നിവ വഴി അലംകൃതമാക്കാനും ഈ പുണ്യമാസത്തെ തങ്ങളാലാവും വിധം പ്രയോജനപ്രദമാക്കുവാനുമുള്ള സൗഭാഗ്യം അല്ലാഹു തന്നനുഗ്രഹിക്കുമാറാകട്ടെ.

## വിശുദ്ധ ഖുർആൻ

ഈ പുണ്യമാസത്തിൽ അനുഷ്ഠിക്കേണ്ട കർമങ്ങളെക്കുറിച്ച് ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു: വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ധാർമികമായും ആത്മീയമായും ന്യൂനതകളിൽ നിന്നും സുരക്ഷിതമാവുംവിധം) ദോഷബാധയെ സൂക്ഷിക്കുകയും സൂക്ഷ്മത കൈവരിക്കുകയും ചെയ്യുന്നതിന്ന് വേണ്ടി.

*(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാലോ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കിക്കൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനു സരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ.*

*'സമസ്ത മനുഷ്യർക്കും സന്മാർഗത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിനു സാക്ഷ്യം വഹിക്കുന്നതായാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾക്ക് എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിന്നും നിങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് നിന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു (എന്നു പറയുക.) പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നതാണ്. അത്കൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി.' (2:184-187)*

പ്രസ്തുത വിശുദ്ധ വചനങ്ങൾ വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേക്ക് വെളിച്ചം വീശുന്നു.

1. ദൈവം നിശ്ചയിച്ച ഒരോ കൽപ്പനയിലും അതിന്റെ കാര്യകാരണവും തത്തജ്ഞാനവും അടങ്ങിയിരിക്കുന്നു. വ്രതാനുഷ്ഠാനം കൊണ്ടുള്ള ഉദ്ദേശ്യം മനുഷ്യൻ ശാരീരികമായും

ആത്മീയ മായും സൂക്ഷ്മത കൈവരിക്കുകയാണ്. അതിനുള്ള പരിശീലന കാലഘട്ടമാണ് ഈ റമദാൻ മാസക്കാലം. ഒരു മാസ ക്കാലമതിന്നുള്ള പരിശീലനം രാപ്പകൽ ലഭിച്ചതിന്ന്ശേഷം നോമ്പ നുഷ്ഠിക്കുന്ന ആൾ മുത്തഖിയായി ദൈവഭക്തനായി സൂക്ഷ്മത കൈ വരിച്ച ആളായി പുറത്തു വരുന്നു.

2. ഈ മാസത്തിൽ രോഗിയോ യാത്രയിലോ ആണെങ്കിൽ വ്രത മനുഷ്ഠിക്കരുത്. എത്ര നോമ്പു കളാണോ അങ്ങനെ ഉപേക്ഷി ക്കേണ്ടിവന്നത് അത്രയും നോമ്പു കൾ നോറ്റു വീട്ടേണ്ടതാണ്.

3. ***'ഫമൻ തതവഅ: ഖൈറൻ ഫഹുവ ഖൈറുൻ ലഹു'*** എന്ന ആയത്തിന്ന് രണ്ട് അർഥങ്ങളാ ണുള്ളത് നിങ്ങളിൽ ആരെങ്കിലും നഫൽ ആയിട്ട് (ഐഛികമായി) നന്മ ചെയ്യുകയാണെങ്കിൽ അത് അയാൾക്ക് പുണ്യം തരുന്നതായിരി ക്കും. ഫർള് ചെയ്യപ്പെട്ട ശേഷമാണ് ഐച്ഛികമായ കാര്യങ്ങൾ ചെയ്യേ ണ്ടത്. ഫർളിന് പകരമായി നഫൽ അനുഷഠിക്കുക എന്നത് നന്മയാകു ന്നില്ല.

രണ്ടാമത്തെ അർഥം അനു സരണ ബോധത്തോടുകൂടി ആരാണോ നന്മ ചെയ്യുന്നത് അത് അവർക്ക് പുണ്യം തരുന്നതായിരി ക്കും. അതായത് നന്മ എന്നത് അനുസരണത്തിൽ അധിഷ്ഠിത മായ പുണ്യകർമ്മമാണ്. റമദാൻ മാസത്തിൽ രോഗിയോ യാത്രക്കാര നോ ആയ ഒരാൾ നോമ്പനുഷ്ഠി ക്കുന്നത് പുണ്യകർമ്മമാകുന്നില്ല. ഇത് അല്ലാഹു തന്ന അനുഗ്രഹത്തെ യും അനുവാദത്തെയും തിരസ്ക്ക രിക്കലാണ്. നന്മയെന്നത് അനുസര ണത്തിന്റെ പേരാണ്. ബലാൽക്കാര മായി നന്മ ചെയ്തുകൊണ്ട് അല്ലാഹുവിനോട് ധിക്കാരം കാണിക്കലല്ല.

4. വ്രതാനുഷ്ഠാനവും വിശുദ്ധ ഖുർആനും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. കാരണം വിശുദ്ധ ഖുർആന്റെ അവതരണം ആ മാസവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. അതുകൊണ്ട് ആ മാസത്തിൽ ഖുർആൻ പരായണം. ഖുർആൻ ക്ലാസ്സിൽ സംബന്ധി ക്കൽ മുതലായ കാര്യങ്ങളിൽ അതീവ ശ്രദ്ധ കാണിക്കണം.

5. അതേ പ്രകാരം വ്രതാനു ഷ്ഠാനവും പ്രാർഥനയും പരസ്പരം ബന്ധിതമായ ആരാധനകളാണ്. പ്രാർഥനകൾ ഏറ്റവും അധികം സ്വീകാര്യമാകുന്ന പുണ്യമായ മാസമാണിതെന്നത്കൊണ്ടാണ് വിശുദ്ധ ഖുർആൻ വ്രതാനുഷ്ഠാന ത്തെക്കുറിച്ച് പ്രതിപാദിച്ച ഉടനെ പ്രാർഥനയെക്കുറിച്ച് സൂചിപ്പി ക്കുന്നത്.

ഹദീസ്: റമദാൻ മാസത്തി ന്റെ മാഹാത്മ്യത്തെ കുറിച്ച് ഹദ്റത്ത് നബി (സ) കരീം തിരുമേനിയുടെ ഒരു പ്രഭാഷണം ഹദ്റത്ത് സൽമാനു ഫാരിസി ഇപ്രകാരം നിവേദനം ചെയ്യുന്നു.

ഹദ്റത്ത് നബി (സ) കരീം ശഅ്ബാൻ മാസത്തിൽ അവസാന ത്തിൽ ഞങ്ങളെ അഭി മുഖീകരിച്ച് കൊണ്ട് ഇപ്രകാരം പ്രസ്താവിക്കു കയുണ്ടായി

അല്ലയോ ജനങ്ങളെ! അനു ഗൃഹീതവും മഹത്വമേറിയതുമായ ഒരു മാസം ഇതാ നിങ്ങൾക്ക് തണലേകുവാനായി ഉദയമാവുക യാണ്. ആ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു രാവുണ്ട്. ആ മാസത്തിൽ നോമ്പനുഷ്ഠിക്കുന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ആ മാസത്തിലെ രാവുകളിൽ ഐച്ഛികമായ ഇബാദത്തുകൾ നിശ്ചയിച്ചിരിക്കുന്നു. ആ മാസത്തി ൽ ചെയ്യപ്പെടുന്ന ഐച്ഛികമായ ഇബാദത്തുകൾക്കും ഫർളായ ഇബാദത്തുകൾക്കും എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. അത് ക്ഷമയുടെയും സഹനത്തിന്റെയും മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗമാണ്. അത് സഹതാപത്തി ന്റെയും സഹാനുഭൂതിയുടെയും മാസമാണ്. അതായത് പാവപ്പെട്ട വന്റെ വിശപ്പിന്റെ കാഠിന്യം അറിയുന്ന മാസമാണ്. വിശ്വാസി കളുടെ റിസ്ഖ് (ആഹാരികൾ) വർധിപ്പിക്കപ്പെടുന്ന മാസമാണ്. ആ മാസത്തിൽ നോമ്പനുഷ്ഠിച്ചയാളു ടെ നോമ്പ് തുറപ്പിക്കുകയാണെങ്കിൽ അത് അയാളുടെ പാപപ്പൊറുതി ക്കും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിന്നും കാരണമായി തീരുന്നു. മാത്രമല്ല നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം അയാൾക്ക് ലഭിക്കുന്നതുമാണ്. എന്നാൽ നോമ്പ് തുറപ്പിക്കുന്ന ആളുകളുടെ പ്രതിഫലത്തിൽ ഒരു കുറവും ഉണ്ടാകുന്നതല്ല. അപ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഞങ്ങളിൽ ആർക്കും തന്നെ ഇപ്രകാരം നോമ്പതുറപ്പിക്കാനുള്ള കഴിവില്ലല്ലോ. അതിന്ന് പ്രത്യുത്ത രമായി അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു. നിങ്ങളിൽ ആരെങ്കിലും ഒരു കവിൾ പാലോ ഒരിറക്ക് വെള്ളമോ കൊടുക്കുകയാണെങ്കി ലും അല്ലാഹു അയാൾക്ക് അതിന്നു ള്ള പ്രതിഫലം നൽകുന്നതാണ്.

എന്നാൽ ഏതൊരാൾ നോമ്പനുഷ്ഠിക്കുന്ന ആൾക്ക് സുഭിക്ഷമായ നിലയിൽ വയറു നിറയെ ഭക്ഷണം കൊടുക്കുന്നു വോ, ആ ആൾക്ക് അല്ലാഹു ഹൗള്ർ കൗസറിൽ നിന്ന് ജലപാനം ചെയ്യുന്നതായിരിക്കും. അങ്ങനെയു ള്ള ആൾ സ്വർഗത്തിൽ പ്രവേശി ക്കുന്നത് വരെ ദാഹമുണ്ടായിരി ക്കുന്നതല്ല. ആ മാസത്തിന്റെ ആദ്യഘട്ടം പാപപ്പൊറുതിയും അവസാനം നരകത്തിൽ നിന്നുള്ള മോചനവും ആയിരിക്കും (മിശ്കാ ത്തു മസ്വാബിഹ്)

## ഹദ്റത്ത് വാഗ്ദത്ത മസീഹ്

വ്രതാനുഷഠാനത്തിന്റെ മഹ ത്തായ ഉദ്ദേശ ലക്ഷ്യത്തെക്കുറിച്ച് കാലത്തിന്റെ ഇമാമായ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം അരുൾ ചെയ്തു.

**ശേഷം പേജ് 40 ൽ**

ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 3

# ഥിമ്മികളുടെ മൗലികാവകാശങ്ങൾ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണകൂടം അനുവർത്തിക്കേണ്ട പ്രാമാണിക സമീപനങ്ങളെക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം. Minorities in an Islamic State എന്ന ലഘു കൃതിയുടെ വിവർത്തനം. വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്.

## മാലിക്ക് സൈഫുർറഹ്‌മാൻ

കീഴടക്കപ്പെട്ട അതിർത്തിക്കുള്ളിൽ താമസിക്കുന്നവരും മുസ്‌ലിംകളും തമ്മിലുള്ള കരാറിൽ തീരുമാനിച്ചിട്ടുള്ള ഒരു വ്യവസ്ഥ പ്രകാരം ഥിമ്മി പ്രജകളുടെ അടിസ്ഥാനാവശ്യങ്ങളുടെ ഉത്തരവാദിത്തം മുസ്‌ലിം ഗവൺമെന്റിൽ നിക്ഷിപ്തമാണ്. ഉദാഹരണമായി ഹിറായിലെ പൗരന്മാരുമായി ഉണ്ടാക്കിയ കരാറിന്റെ ഒരു ഭാഗത്ത് ഇപ്രകാരം പറയുന്നു.

''വൃദ്ധനായ ഒരു ഥിമ്മി, അല്ലെങ്കിൽ അപകടത്തിൽപ്പെട്ട് അംഗഭംഗം വന്ന ഒരാൾ അല്ലെങ്കിൽ ജോലി ചെയ്യാൻ സാധിക്കാത്ത ഒരാൾ അല്ലെങ്കിൽ ധനവാനാണെങ്കിലും അവശനായ ഒരാൾ അല്ലെങ്കിൽ അദ്ദേഹവും അദ്ദേഹത്തിന്റെ ആശ്രിതനും എല്ലാ നികുതികളിൽ നിന്നും ഒഴിവാക്കപ്പെടുമെന്നു മാത്രമല്ല, അദ്ദേഹത്തിന് ജീവനത്തിനുള്ള അലവൻസ് നല്കപ്പെടുകയും ചെയ്യും. ഗവൺമെന്റ് ഖജനാവിൽ നിന്നാണ് ഇത് നല്കപ്പെടുക.''25

അതേപോലെ ശത്രുവിന്റെ കൈയ്യിലകപ്പെട്ട ഥിമ്മിക്ക് മോചനത്തിന് മോചനമൂല്യം ആവശ്യമായി വന്നാൽ മുസ്‌ലിം ഗവൺമെന്റ് അതു നല്കണമെന്നും വ്യവസ്ഥയുണ്ട്. 26

ഈ തത്ത്വം മുസ്‌ലിം ഗവൺമെന്റ് നടപ്പിൽ വരുത്തിയതെങ്ങനെയെന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഒരു ഉദാഹരണം എടുത്തുകാണിക്കാം.

ഹദ്റത്ത് ഉമർ (റ) ഒരിക്കൽ വൃദ്ധനായ ഥിമ്മിയെ മോശമായ അവസ്ഥയിൽ കണ്ടെത്തി. വൃദ്ധനായ ഥിമ്മിയെ ദരിദ്രമായ അവസ്ഥയിൽ കണ്ട ഉമർ(റ) ആശ്ചര്യപ്പെട്ടു.

''അല്ലാഹുവാണെ. ഒരാൾ യുവാവാണെങ്കിൽ അയാളിൽ നിന്ന് നാം പ്രയോജനം നേടും വാർദ്ധക്യത്തിൽ ദുരിതമനുഭവിക്കാൻ വിടും''

ആ ഥിമ്മിക്ക് മരണം വരെ പെൻഷൻ അനുവദിച്ചുകൊണ്ട് ഉമർ (റ) ഉത്തരവിറക്കി.

അതിലുപരി അദ്ദേഹം പ്രൊവിൻസുകളുടെ ഗവർണർമാർക്ക് നിർദേശം നല്കി. തങ്ങളുടെ പ്രൊവിൻസുകളിലെ അർഹരായ ഥിമ്മികൾക്ക് ബൈത്തുൽ മാലിൽ നിന്ന് പതിവായി സ്റ്റൈഫന്റ് നല്കണമെന്നും ഉത്തരവും നല്കി. 27

### ഭരണത്തിൽ അമുസ്‌ലിംകളുടെ പങ്ക്

ഹദ്റത്ത് ഉമർ (റ) രാജ്യകാര്യങ്ങളിൽ ഥിമ്മികളുമായി കൂടിയാലോചന നടത്താറുണ്ടായിരുന്നു. ഇറാഖിൽ ഭൂസ്വത്ത് നിർണയിക്കുന്ന പ്രശ്നം വന്നപ്പോൾ ആ കാര്യം തീരുമാനിക്കാൻ അദ്ദേഹം മദീനയിൽ ഒരു യോഗം വിളിച്ചു. ഈ യോഗത്തിൽ ഇറാനിലെയും ഇറാഖിലേയും അമുസ്‌ലിം നേതാക്കന്മാരും പങ്കെടുത്തിരുന്നു.28, ഈജിപ്തിലെ കാര്യങ്ങൾ തീരുമാനിക്കാൻ ഹദ്റത്ത് ഉമർ (റ) എപ്പോഴും ഈജിപ്തുകാരുടെ മതനേതാവ് മുഖൗസിസുമായി ചർച്ച നടത്തിയ ശേഷമായിരുന്നു തീരുമാനം കൈക്കൊണ്ടത്. 29

അതേപ്രകാരം ഒരു നെസ്റ്റോറിയൻ പുരോഹിതൻ ഹദ്റത്ത് ഉമർ (റ) ന്റെ സമകാലീനനായിരുന്ന തന്റെ ദേശത്തെ രാഷ്ട്രീയാവസ്ഥകളെകുറിച്ച് തന്റെ സ്നേഹിതനു കത്തെഴുതിയപ്പോൾ പറയുകയുണ്ടായി;

"മുസ്‌ലിംകൾ നമ്മുടെ മതത്തെ സംരക്ഷിക്കുന്നു. നമ്മുടെ പുരോഹിതന്മാരെയും പരീശന്മാരെയും ബഹുമാനിക്കുന്നു. നമ്മുടെ ചർച്ചുകൾക്ക് ഭൂമിയും ജാഗീറും നല്കുകയും ചെയ്യുന്നു"30

ശ്രദ്ധേയമായ മറ്റൊരു കാര്യം മുസ്‌ലിം ഖലീഫന്മാർ ഥിമ്മികളുടെ മതനേതാക്കന്മാർക്ക് പൗരനെ സംബന്ധിക്കുന്നതും ഭരണപരവുമായ ചില കാര്യങ്ങളിൽ അധികാരം നല്കിയിരുന്നു.31

മുസ്‌ലിംകൾ നൂറ്റാണ്ടുകളോളം അമുസ്‌ലിംകളോട് ഇവ്വിധത്തിലായിരുന്നു പെരുമാറിയിരുന്നത്. സർക്കാർ ഓഫീസുകളുടെ വാതിലുകൾ അവർക്കായി തുറന്നുവെച്ചിരുന്നു. ഇക്കാര്യങ്ങളിൽ അവരുമായി നീതിപൂർവമായി കൈകാര്യം ചെയ്തിരുന്നു. അപ്രകാരം ഉമവീയ്യാ അബ്ബാസീയ്യാ ഖലീഫമാരുടെ കാലഘട്ടത്തിൽ ഭരണകർത്താക്കൾ ഥിമ്മികളുമായി ചർച്ച നടത്തിയിരുന്നുവെന്നു മാത്രമല്ല, ഖലീഫമാരുടെ കീഴിൽ സിവിൽ മിലിറ്ററി ഉദ്യോഗങ്ങളിൽ ഉന്നത പദവികളിൽ അവരെ നിയമിച്ചിരുന്നു. അപ്രകാരം ഹദ്റത്ത് അമീർ മുആവിയായുടെ വ്യക്തിഗത ഡോക്ടറും കൊട്ടാരത്തിലെ ദ്വിഭാഷിയുമായിരുന്ന ഇബ്നു അത്തൽ ഒരു ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹത്തെ അമീർ ഹിംസിലെ ഗവർണറായി നിയമിച്ചു.

ഇന്ത്യയിൽ ഔറംഗസീബിന്റെ കാലത്ത് രാജ്യത്തെ ഒരു മുസ്‌ലിം ഓഫീസർ തന്റെ വകുപ്പിൽ രണ്ടു അമുസ്‌ലിംകളെ നിയമിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചു. അത് താഴെ കൊടുത്ത ഖുർആൻ വചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

***"അല്ലയോ വിശ്വാസികളെ, എന്റെയും നിങ്ങളുടെയും ശത്രുക്കളായവരെ സുഹൃത്തുക്കളാക്കരുത്" (വിശുദ്ധ ഖുർആൻ 60:2)***

ഈ അപേക്ഷ ചക്രവർത്തി കുറിച്ചിട്ടു.

"താങ്കളുടെ അപേക്ഷയിലെ ഉള്ളടക്കം കുറിച്ചു എന്നെന്നേക്കുമായി ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. ഒരു പാർസിയേയോ ഹിന്ദുവിനേയോ അയാൾ ഒരു അമുസ്‌ലിം ആണെന്ന കാരണത്താൽ സർക്കാർ സേവനത്തിൽ നിന്ന് പിരിച്ചുവിടാൻ പാടില്ല. താങ്കളുടെ റിപ്പോർട്ടിൽ താങ്കളുദ്ധരിച്ച സൂക്തം ഒരു മുസ്‌ലിമിന് ഒരമുസ്‌ലിമുമായി ഒരു ബന്ധവുമുണ്ടായിരിക്കരുത് എന്നത് ഒരിക്കലും തെളിയിക്കുന്നില്ല. യഥാർഥത്തിൽ ആ സൂക്തം പൂർണമായി ഉദ്ധരിച്ചിട്ടില്ല. പൂർണമായ സൂക്തം താഴെ കൊടുക്കുന്നു.

***"വിശ്വസിച്ചവരെ എന്റെയും നിങ്ങളുടെയും ശത്രുക്കളായവരെ നിങ്ങൾ സ്നേഹബന്ധം പുലർത്തിക്കൊണ്ട് നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾക്കു വന്നു കിട്ടിയ സത്യത്തെ അവർ നിഷേധിച്ചിരിക്കുകയാണല്ലോ? നിങ്ങളുടെ നാഥനായ അല്ലാഹുവിനെ നിങ്ങൾ വിശ്വസിക്കുന്നുവെന്ന കാരണത്താൽ ദൈവ ദൂതനെയും നിങ്ങളെയും (സ്വഭവനങ്ങളിൽ നിന്ന്) അവർ ബഹിഷ്കരിക്കുകയും ചെയ്യുന്നു"(60:2)***

ഇത് കാണിക്കുന്നത്, വിശുദ്ധ നബി (സ) യെ തന്റെ പട്ടണത്തിൽ നിന്ന് പാലായനം ചെയ്യിക്കുകയും അദ്ദേഹത്തിനുമേൽ ക്രൂരമായി പെരുമാറുകയും മുസ് ലിംകളെ അങ്ങേയറ്റം മർദിക്കുകയും ചെയ്ത അമുസ്‌ലിംകളോട് ബന്ധം പുലർത്തുന്നതാണ് നിരോധിച്ചിരിക്കുന്നത്. എന്നാൽ മറ്റു ചിലരുണ്ട്. അവർ ആദ്യം പറഞ്ഞവരെ പോലെയല്ല. അവരുമായി ബന്ധം പുലർത്തുന്നതിനെ അല്ലാഹു നിരോധിക്കുന്നില്ല. അവരോട് ഔദാര്യപൂർവം പെരുമാറേണ്ടതാണ്. അപ്രകാരം അതേ അധ്യായത്തിൽ മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുന്നു;

***"നിങ്ങളുടെ മതം കാരണത്താൽ നിങ്ങളോടു യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ ഭവനങ്ങളിൽ നിന്നു നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ ദയ കാണിക്കുകയും നീതിപൂർവം അവരോട് പെരുമാറുകയും ചെയ്യുന്നതിനെ അല്ലാഹു തടയുന്നില്ല. നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു" (60:9)***

അതുകൊണ്ട് താങ്കളുദ്ധരിച്ച സൂക്തത്തിന്റെ വ്യഖ്യാനം സത്യമായിരുന്നെങ്കിൽ എല്ലാ രാജാക്കന്മാരെയും ഇന്ത്യയിലെ അമുസ് ലിം പ്രജകളെ വധിക്കുന്നത് നിങ്ങളുടെ ബാധ്യതയായിരിക്കും. യാഥാർഥ്യമെന്തെന്നാൽ താങ്കൾ ഉദ്ധരിച്ച സൂക്തത്തിന് താങ്കൾ പറയുന്ന അർഥം ഇല്ലതന്നെ. രാജ്യത്തിലെ ഓഫീസുകൾ എല്ലാവർക്കുവേണ്ടിയും തുറന്നുവെക്കപ്പെട്ടിരിക്കുന്നു. അത് പൗരത്വത്തിന്റെയും അടിസ്ഥാനത്തിലാണ്. ജാതിയും മതവും പരിഗണനീയമല്ല. മതത്തെ സംബന്ധിച്ചിടത്തോളം താഴെ പറയുന്ന ദൈവവചനം പിന്തുടരണം. അതായത്

***''നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റേതും" (വിശുദ്ധ ഖുർആൻ 109:7)***

## നിയമനത്തിനു മുന്നിൽ സമത്വം

നിയമനത്തിന്റെ ദൃഷ്ടിയിൽ മുസ്‌ലിംകളുടെയും ഥിമ്മികളുടെയും പദവി തുല്യമാണ്. നീതിന്യായത്തിന്റെ അന്വേഷണത്തിൽ ഒരു ഥിമ്മി പൗരനനും മുസ്‌ലിമും തമ്മിൽ ഒരു വിവേചനവും ഉണ്ടായിരിക്കുകയില്ല. ഒരു ഥിമ്മിക്കെതിരിൽ മുസ്‌ലിമിന് എന്തെങ്കിലും ആനുകൂല്യം ചെയ്ത ഒരു ഉദാഹരണവും ആർക്കും കാണിക്കാൻ സാധ്യമല്ല. അവരോട് ഒരുപോലെയാണ് പെരുമാറുന്നത്. അവർക്ക് തുല്യമായ അവസരങ്ങൾ നല്കപ്പെടുന്നു. വിചാരണയിൽ പ്രതിരോധിക്കാൻ അവർക്ക് തുല്യമായ അവസരമുണ്ട്. ഒരു ഥിമ്മിക്കെതിരിൽ കുറ്റം ചെയ്ത ഒരു മുസ്‌ലിം ഒരിക്കലും ശിക്ഷിക്കപ്പെടാതെ പോയതിനു രേഖകളില്ല.

ചുരുക്കത്തിൽ, ഞാൻ നബി തിരുമേനി(സ)യുടെ മാതൃക കാണുന്നു. അദ്ദേഹത്തിന്റെ ഖലീഫ മാരുടെയും മാതൃക കാണുന്നു. സിവിൽ, ക്രിമിനൽ നിയമത്തിനു കീഴിൽ എല്ലാവരും തുല്യരാണ്. സാമൂഹ്യവും മതപരവുമായ അവരുടെ പദവി നോക്കാതെ ഒരേ വിധത്തിൽ അവരോടു പെരുമാറ ണം.

നബി (സ) യുടെ കാലത്ത് ഒരിക്കൽ ഒരു മുസ്ലിം ഒരു ഥിമ്മിയെ വധിച്ചു. കേസ്സ് വിചാരണ ക്കായി നബിതിരുമേനി (സ)യുടെ മുന്നിൽ വന്നു. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ വധിച്ചാൽ ഘാതകൻ വധിക്കപ്പെടണം തിരുമേ നി (സ) ഇങ്ങനെയും പ്രഖ്യാപിച്ചു;

''ഥിമ്മികളുടെ അവകാശ സംരക്ഷണം എന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്.33

അതേപ്രകാരം, ഒരു ഥിമ്മിയെ വധിച്ച മുസ്ലിം ഹദ്റത്ത് അലി (റ)യുടെ മുന്നിൽ ഹാജരാക്കപ്പെട്ടു. പ്രതി കുറ്റക്കാരനാണെന്നു കണ്ടെത്തി. അതനുസരിച്ച് ഹദ്റത്ത് അലി (റ) അയാൾക്ക് വധശിക്ഷ വിധിച്ചു. കുറ്റവാളിയുടെ ബന്ധു ക്കൾ ഘാതകന്റെ അനന്തരാവ കാശികളെ നഷ്ടപരിഹാരം നല്കി മാപ്പു നല്കാൻ പ്രേരണ ചെലുത്തി ഹദ്റത്ത് അലി(റ) ഇതേ കുറിച്ചു അറിഞ്ഞപ്പോൾ മരണപ്പെട്ടയാളുടെ സഹോദരനെ വിളിച്ചു വരുത്തി എന്നിട്ടു പറഞ്ഞു;

"ഒരു പക്ഷേ ഈ ആളുകൾ താങ്കളുടെ സമ്മതം ബലാൽക്കാര മായി കിട്ടാൻ ശ്രമിച്ചിട്ടുണ്ടാവണം"

അയാൾ മറുപടി പറഞ്ഞു;

ഇല്ല ഞാൻ സ്വന്തം ഇഷ്ട പ്രകാരമാണ് ഇതു ചെയ്തത്. സമ്മർദം കൊണ്ടല്ല. ഘാതകനെ വധിക്കുന്നതു മുഖേന എന്റെ സഹോദരനു ജീവൻ നല്കാൻ കഴിയാത്തതിനാൽ അവർ എനിക്ക് നഷ്ടപരിഹാരം തരികയാണ്. അവശേഷിച്ചവർക്ക് അതൊരു സഹായവുമായിരിക്കും. അതു കൊണ്ടാണ് ഞാൻ മാപ്പു നല്കാൻ തീരുമാനിച്ചത്."

ഹദ്റത്ത് അലി (റ) മറുപടി പറഞ്ഞു;

"ഇതാണ് താങ്കളുടെ ഉദ്ദേശ്യ മെങ്കിൽ ശരിതന്നെ, താങ്കൾക്കാണ് നല്ല പോലെ അറിയുക, എന്നിരിക്കി ലും നമ്മുടെ സർക്കാറിന്റെ ശക്ത മായ നയം ഒരു ഥിമ്മിയുടെ രക്തം നമ്മുടെ രക്തം പോലെ അത്രയും വിലപിടിച്ചതാണ്. അയാളുടെ നഷ്ട പരിഹാരം നമ്മുടേതിനു തുല്യമാ ണ്. 34

ഒരിക്കൽ ഈജിപ്തിലെ ഗവർണരായ അമറുബിൻ അൽ ആസിന്റെ ഒരു മകൻ ഥിമ്മി പൗരനെ യാതൊരു ന്യായീകരണ മില്ലാതെ അടിച്ചു. ഈ സംഭവം ഹദ്റത്ത് ഉമറി(റ)നെ അറിയിച്ചു. അദ്ദേഹത്തിന്റെ ഉത്തരവു പ്രകാരം ഗവർണറുടെ മകനെ പരസ്യമായി ഈജിപ്തുകാരനായ ഥിമ്മി അടിച്ചു.

***'വഞ്ചന കാണിക്കുന്നവർ ക്കുവേണ്ടി നീ തർക്കിക്കുന്നവനാ കരുത്' (വിശുദ്ധ ഖുർആൻ 4:106)*** എന്ന വിശുദ്ധ ഖുർആൻ വെളിപാടിറങ്ങിയത് താഴെ പറയുന്ന അവസരത്തിലായിരുന്നു.

ഒരിക്കൽ ഒരു മുസ്ലിം മറ്റൊരാളുടെ വീട്ടിൽ വിന്ന് ഒരു സാധനം മോഷ്ടിച്ചു. കാര്യം പുറത്തറിയുമെന്ന് ഭയന്നുകൊണ്ട് അയാൾ ആ സാധനം ഒരു ജൂതന്റെ വീട്ടിലേക്കെറിഞ്ഞു. അന്വേഷണ ത്തിനുശേഷം സാധനം തിരിച്ചു കിട്ടി. താൻ കുറ്റക്കാരനല്ലെന്നു ജൂതൻ പറഞ്ഞു. പക്ഷേ, കുറ്റവാളി ജൂതനാണ് മോഷ്ടാവെന്ന് നിർബ ന്ധം പിടിച്ചു. ലഭ്യമായ തെളിവു വെച്ചു മറ്റുചില ആളുകൾ മുസ്ലിമിനെ അനുകൂലിച്ചു. ജൂത നാണ് കുറ്റക്കാരനെന്ന് പ്രഖ്യാപി ക്കപ്പെട്ടു. ജൂതനായിരിക്കും കുറ്റക്കാരനെന്ന് നബി തിരുമേനി (സ) യും വിചാരിച്ചു. ഈ അവസരത്തിലാണ് മേൽ സൂക്തം വെളിപാടായി ഇറങ്ങിയത്. അങ്ങനെ യഥാർഥ വസ്തുത നബി (സ) ക്ക് മനസ്സിലായി. അതനുസരിച്ച് മുസ്ലിമിനെ മോഷണത്തിനും വ്യാജപ്രസ്താവനക്കും ശിക്ഷിച്ചു. ജൂതനുമായി ശണ്ഠകൂടുന്നതിൽ നിന്ന് നബിതിരുമേനി (സ) മുസ്ലിമിനെ വിലക്കി. 36

## ജിസ്യ

ജിസ്യ എന്നത് മുസ്ലിം രാജ്യത്തുള്ള അമുസ്ലിം പൗര ന്മാരിൽ നിന്ന് ഈടാക്കുന്ന നികുതിയായിരുന്നു. അത് ഈടാക്കുന്നതിനുള്ള അടിസ്ഥാന പരമായ നിബന്ധനയിലൊന്ന് സമ്പാദിക്കാൻ കഴിവുള്ള പുരുഷ ന്മാരിൽ നിന്ന് അല്ലെങ്കിൽ യഥാർഥ ത്തിൽ സമ്പാദ്യമുള്ള പുരുഷന്മാ രിൽ നിന്നു മാത്രമേ അതീടാക്കി യിരുന്നുള്ളൂ 20 വയസ്സിനു താഴെ യും 50 വയസ്സിനു മേലുള്ളവരിൽ നിന്നും സ്ത്രീകൾ, ഭ്രാന്തന്മാർ, അടിമകൾ, വികലാംഗർ, തളർച്ച ബാധിച്ചവർ, ബധിരർ, അവശർ, സന്യാസിമാർ, പുരോഹിതന്മാർ, സൈനികാംഗങ്ങൾ എന്നിവർ ഈ നികുതിയിൽ നിന്നു വിമുക്ത രായിരുന്നു. ഒരു വർഷം മുഴുവൻ ജോലിയില്ലാത്ത ധനവാനും ഈ നികുതിയിൽ നിന്നു ഒഴിവുണ്ടായി രുന്നു 37.

സാമ്പത്തിക നിലനിർണയി ക്കാൻ മൂന്നു വ്യത്യസ്ത വിഭാഗ ങ്ങളിലുള്ള പുരുഷന്മാരെ നിയമിച്ചു. സാധാരണ നിരക്ക് വർഷത്തിൽ മൂന്നു രൂപയായിരുന്നു. മധ്യനില യിലുള്ള വിഭാഗത്തിന് ആറു രൂപ വർഷത്തിൽ അടക്കേണ്ടിയിരുന്നു. ധനവാന്മാരിൽ നിന്ന് വർഷത്തിൽ പന്ത്രണ്ടു രൂപ ഈടാക്കി. ഇങ്ങനെ ഈടാക്കപ്പെട്ട തുകയിൽ മിക്ക വാറും മുഴുവനും ഥിമ്മികളുടെ വിദ്യാഭ്യാസത്തിനും വികസനത്തി നും വളർച്ചക്കും ക്ഷേമത്തിനും വേണ്ടി ചെലവഴിക്കപ്പെട്ടു.38

യഥാർഥത്തിൽ അക്കാലത്ത് മുസ്ലിംകൾ നിയമപ്രകാരം നിർബന്ധ സൈനിക സേവന ത്തിനു വിധേയരായിരുന്നു.

**ശേഷം പേജ് 42 ൽ**

# വിശുദ്ധ റമദാൻ – ഒരാത്മീയ വസന്തം

നിരവധി പുണ്യങ്ങൾ നിറഞ്ഞ റമദാൻ മാസം സമാഗതമായി. ആത്മ വിശുദ്ധി നേടാൻ എല്ലാ മാർഗങ്ങളുമുപയോഗപ്പെടുത്താൻ വിശ്വാസികൾ ജാഗരൂഗരാകേണ്ടതുണ്ട്.

മഹ്മൂദ് കൽക്കുളം

വ്രതം ഇസ്‌ലാമിലെ ഒരു നിർബന്ധ അനുഷ്ഠാന കർമമാകുന്നു. വിട്ടു നിൽക്കുക, ഉപേക്ഷിക്കുക, ക്ഷമിക്കുക, സ്ഥിരചിത്തത കൈകൊള്ളുക തുടങ്ങിയ അർഥങ്ങളിൽ ഭാഷാന്തരം ചെയ്യാവുന്ന **'സൗം'** എന്ന പദമാണ് വ്രതത്തിന് വേണ്ടി പ്രയുക്തമായിരിക്കുന്നത്. പ്രഭാതം മുതൽ പ്രദോഷംവരെ അന്നപാനീയാദികളെല്ലാം പരിവർജിച്ചു കൊണ്ട് ദൈവസ്മരണ സജീവമായി നിലനിർത്തുക എന്നതാണ് വ്രതാനുഷ്ഠാനത്തിന്റെ അന്തഃസത്ത. തന്മൂലം സകല തിന്മകളിൽ നിന്നും വിട്ടൊഴിയാനും ശണ്ഠകളിൽ നിന്നും വാഗ്വാദങ്ങളിൽ നിന്നും അകന്നു നിൽക്കാനും നോമ്പുകാരൻ നിർബന്ധിതനാകുന്നു. ഹദ്റത്ത് റസൂൽ തിരുമേനി (സ) ഇപ്രകാരം അരുളി: ***'നോമ്പ് ഒരു പരിചയാകുന്നു അതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളമുണ്ടാക്കുകയോ ചീത്തപറയുകയോ ചെയ്യരുത്. അഥവാ ആരെങ്കിലും വഴക്കിന് വന്നാൽ ഞാൻ നോമ്പ്കാരനാണെന്ന് അയാൾ പറയട്ടെ' (ബുഖാരി) 'ആരാണോ കള്ളം പറയുന്നതിൽ നിന്നും അത് പ്രവർത്തിക്കുന്നതിൽ നിന്നും പിന്മാറാത്തത് അവൻ വിശപ്പും ദാഹവും സഹിക്കുന്നതിൽ അല്ലാഹുവിന് യാതൊരു കാര്യവുമില്ല.'(ബുഖാരി)*** ദൈവ സംപ്രാപ്തിക്കനിവാര്യമായ നിബന്ധനയായ ജീവിത പരിശുദ്ധിയുടെ പരിശീലനമാണ് വ്രതാനുഷ്ഠാനത്തിലൂടെ നിർവഹിക്കപ്പെടുന്നത്. വിചാര വികാരങ്ങളെ മനപരിശുദ്ധിക്കുതകും വിധം ക്രമീകരിക്കുവാൻ മതം മനുഷ്യനെ സന്നദ്ധനാക്കുന്നു. ശരീരേച്ഛകളേയും പൈശാചിക ചിന്തകളെയും അതിജീവിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഒരു ഉപാദിയാണ് വ്രതം.

### ആത്മ ശുദ്ധിക്കുള്ള മാർഗം

ജീവിതവിശുദ്ധിയുടെ അനുപേക്ഷണീയ മാർഗമായി വ്രതാനുഷ്ഠാനത്തെ പൂർവമതങ്ങളെല്ലാം അംഗീകരിച്ചു പോന്നിട്ടുണ്ട്. ആചാരണ രീതിയിൽ വ്യത്യാസം ഉണ്ടെങ്കിലും പൂർവ മതസമൂഹങ്ങൾക്കെല്ലാം വ്രതം നിർബന്ധമാക്കപ്പെട്ടിരുന്നതായി വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു.

***'വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി.' (2:184)***

ആത്മാവിന്റെ പവിത്രതയും മോക്ഷവുമാണ് വ്രതത്തിന്റെ പരമമായ ലക്ഷ്യമെന്ന് പരാമൃഷ്ട വചനം വെളിപ്പെടുത്തുന്നു. 'തഖ്വ' അഥവാ ഭക്തിസഹമായ സൂക്ഷ്മത ജീവിതത്തിന്റെ അഖില മേഖലകളിലും വ്യാപരിപ്പിക്കാൻ വ്രതം പ്രചോദിപ്പിക്കുന്നുണ്ട്. ദുഃഖമോചനം, പാപമോചനം, ആത്മീയോത്ക്കർഷം എന്നീ മൂന്ന് അർഥങ്ങളിൽ തഖ്വ എന്ന പദം പ്രയുക്തമാകുന്നുണ്ട്. വ്രതം ഇപ്പറഞ്ഞ മൂന്ന് ഫലങ്ങളെയും ഉളവാക്കുന്നു. നബി(സ) അരുളുകയാണ്: സത്യവിശ്വാസത്തോടെയും പ്രതിഫലേഛയോടും കൂടി റമദാനിലെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിക്കുന്ന ആളുകളുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്.

### വിശുദ്ധ ഖുർആൻ അവതരിച്ച മാസം

വിശുദ്ധ ഖുർആൻ പറയുന്നു: ***'സമസ്ത മനുഷ്യർക്കും സന്മാർഗ ദായകവും മാർഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം.***

***എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ അല്ലാഹു നിങ്ങൾക്ക് എണ്ണം പൂർത്തിയാക്കുന്നതിനും, അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.' (2:186)*** മാനവകുലത്തിന്റെ സർവതോന്മുഖമായ ക്ഷേമനിദാനങ്ങൾ വിളംബരം ചെയ്യുന്ന വിശുദ്ധ ഖുർആൻ അവതരിച്ച മാസമാണ് റമദാൻ. മനുഷ്യജീവിതത്തിന്റെ സന്മാർഗ ദീപമാണ് വിശുദ്ധ ഖുർആൻ. ഈ മഹൽ ഗ്രന്ഥം ലഭിച്ചതിന് കൃതജ്ഞത രേഖപ്പെടുത്തുന്നതിനുള്ള അവസരം കൂടിയാണ് റമദാൻ. അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് 'നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടി' എന്ന ഖുർആൻ വാക്യം ഇതിലേക്ക് വിരൽ ചൂണ്ടുന്നു. ഖുർആനിക അദ്ധ്യാപനങ്ങൾ സമഗ്രവും സമ്മേളിതവുമായ രൂപത്തിൽ ജീവിതത്തിൽ പകർത്താനുള്ള സാഹചര്യവും റമദാനിൽ സംജാതമാവുന്നു. തന്നിമിത്തം ഈ അനുഗൃഹീത മാസത്തെ പൂർണമായും ഫലവത്താക്കേണ്ടത് വിശ്വാസികളുടെ ധർമമാകുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) ഇപ്രകാരം അരുളി: എന്റെ സമുദായത്തിൽ രണ്ട് തരം വ്യക്തികൾ വളരെ നിർഭാഗ്യവാന്മാരാണ്. അവരിൽ ഒരാൾ തന്റെ ജീവിതത്തിൽ പരിശുദ്ധ റമദാൻമാസം സമാഗതമായി എന്നാൽ അയാളതിനെ വേണ്ടത് പോലെ പ്രയോജനപ്പെടുത്തി പാപപൊറുതിക്ക് ശ്രമിച്ച് കൊണ്ട് ജീവിതത്തെ പ്രത്യുദ്ധരിക്കാൻ ശ്രമിച്ചില്ല. അങ്ങനെ റമദാൻ കഴിഞ്ഞുപോകുകയും ചെയ്തു. അവനാകുന്നു ഒരാൾ. രണ്ടാമത്തെ ആൾ തന്റെ ജീവിതകാലത്ത് മാതാപിതാക്കന്മാരെ സേവിക്കാനും പരിചരിക്കാനും അവസരം കിട്ടിയിട്ടും അവരെ സേവിക്കുകയും പരിചരിക്കുകയും ചെയ്തില്ല. അങ്ങനെ അവർ മരിച്ചുപോയി. ഇങ്ങനെയുള്ളയാളും വളരെ നിർഭാഗ്യവാന്മാരാണ്.

## നന്മകളുടെ സ്വാംശീകരണം

സമർപ്പണം, സഹനം, കൃതജ്ഞതാ ബോധം, സഹാനുഭൂതി, ത്യാഗം, സ്നേഹ സമത്വചിന്ത തുടങ്ങിയ നന്മകളഖിലവും സ്വാംശീകരിക്കുന്നതിന് വ്രതം മനുഷ്യനെ ഉദ്യുക്തനാക്കുന്നു. റമദാനിലെ ദിനരാത്രങ്ങൾ ത്യാഗപൂർണമായ ധന്യ നിമിഷങ്ങളാക്കി തീർത്തുകൊണ്ട് ദൈവസവിധത്തിൽ സദാ സമർപ്പണം ചെയ്യുവാൻ വിശ്വാസികൾ സദാ ജാഗ്രത പുലർത്തുന്നു. തന്റെ നാഥന്റെ ഇഷ്ടത്തിനനുസൃതമായി സ്വന്തം ഇഷ്ടത്തെ ത്യജിക്കണമെന്ന പാഠമുൾക്കൊണ്ട് കൊണ്ട് നിശ്ചിത സമയത്തേക്ക് പൈദാഹങ്ങൾ സഹിച്ച് തിന്നാനും കുടിക്കാനും ഭാര്യാ സമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യവും മാറ്റിവെക്കുകയാണ് വിശ്വാസികൾ ചെയ്യുന്നത്. ഇതുവഴി ക്ഷമയും ആത്മ നിയന്ത്രണവും ശീലിക്കുന്നു. അന്നപാനാദികളുടെ നിരാസം താൻ ആസ്വദിച്ചു കൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങളുടെ വിലയെന്താണെന്നറിയുന്നതിനും ദൈവത്തോട് നന്ദിയുള്ളവനായിരിക്കുന്നതിനും മനുഷ്യന് പ്രേരണ നൽകലാകുന്നു. അതോടൊപ്പം ഒരിക്കലും ദാരിദ്ര്യം അനുഭവിച്ചിട്ടില്ലാത്തവർക്ക് പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന സഹജീവികളുടെ ദുരിതങ്ങൾ സ്വാനുഭവത്തിലൂടെ മനസ്സിലാക്കുന്നതിനും അവരുടെ നേരെ ആർദ്രതയും സഹാനുഭൂതിയും തോന്നുന്നതിനും വ്രതാനുഷ്ഠാനം മുഖേന സാധിക്കുന്നു. അങ്ങനെ ദരിദ്ര ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ സ്വമേധയാ മുഴുകാനുള്ള പ്രചോദനം സമ്പന്നരിലുണ്ടാകുന്നു. നബി (സ) റമദാൻ മാസത്തിൽ ദൈവസൃഷ്ടികളോട് സവിശേഷമായ നിലയിൽ സഹാനുഭൂതി കാണിച്ചിരുന്നു. നിവേദനങ്ങളിൽ ഇപ്രകാരം വന്നിട്ടുണ്ട്. നബി(സ) മനുഷ്യരിൽ വെച്ച് ഏറ്റവും കൂടുതൽ ദാനധർമങ്ങൾ ചെയ്യുന്ന ആളായിരുന്നു. അദ്ദേഹം ഏറ്റവും കൂടുതൽ ദാനധർമങ്ങൾ ചെയ്യാറുള്ളത് റമദാൻ മാസത്തിലായിരുന്നു. ജിബ്‌രീൽ അദ്ദേഹത്തെ സന്ദർശിക്കുന്ന വേളകളിൽ കൊടുങ്കാറ്റിനേക്കാൾ വേഗത്തിൽ അവിടുന്ന് ദാനധർമങ്ങളിൽ വ്യാപൃതനായി കണ്ടിരുന്നു.

## റസൂൽ തിരുമേനി (സ)യുടെ ഉപദേശം

റമദാൻ മാസത്തിന്റെ മഹത്വങ്ങൾ അനാവരണം ചെയ്തുകൊണ്ട് നബി(സ) നടത്തിയ ഒരു ഉപദേശ പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി.

***'അല്ലയോ ജനങ്ങളെ മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണിത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛികപുണ്യകർമമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമവും ചെയ്ത് ദൈവ സാമീപ്യം തേടുന്നവർ ഇതര മാസങ്ങളിൽ ഒരു നിർബന്ധകർമം അനുഷ്ഠിച്ചവനെപ്പോലെയാണ്. റമദാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ!!. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസിയുടെ ഉപജീവനത്തിൽ വർധനവുണ്ടാകുന്ന മാസമാണ്. ഇതിൽ വല്ലവനും നോമ്പു തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലത്തിന്റെ അത്രയും തുറപ്പിച്ചവനും ലഭിക്കുന്നു. ഇത് കേട്ടപ്പോൾ തിരുസഹാബാക്കൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരെ ഞങ്ങളിൽ എല്ലാവർ***

***ക്കും നോമ്പ് തുറപ്പിക്കാനുള്ള കഴിവില്ലല്ലോ. നബി (സ) തിരുമേനി പറഞ്ഞു: ഒരു കവിൾ പാലോ ഒരു ചുള കാരക്കയോ ഒരു ഇറക്ക് വെള്ളമോ കൊണ്ട് നോമ്പ് തുറപ്പിക്കുന്നവനും ഈ സുന്നത്ത് ലഭിക്കും. ഒരു നോമ്പുകാരന് വയർ നിറയെ ആഹാരം കൊടുത്ത് നോമ്പ് തുറപ്പിച്ചാൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽ നിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹമുണ്ടാകുകയില്ല. ഈ മാസത്തിന്റെ ആദ്യത്തെ പത്ത് ദൈവകാരുണ്യത്തിന്റെയും മദ്ധ്യത്തിലെ പത്ത് പാപമോചനത്തിന്റേയും അവസാനത്തെ പത്ത് നരക വിമുക്തിയുടേതുമാണ്. ആരെങ്കിലും തന്റെ അടിമക്ക് ജോലിയിൽ ഇളവ് നൽകിയാൽ അല്ലാഹു അവന് പൊറുത്ത് കൊടുക്കുന്നതും നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതുമാണ്.'(ബൈഹഖി)***

വ്രതാനുഷ്ഠാനത്തിന്റെ തത്ത്വ രഹസ്യങ്ങളെ കുറിച്ച് വാഗ്ദത്ത മസീഹ് നൽകിയ വിവരണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു: 'വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ ആഹാര പാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പ് സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം വിഷേയേഛകളിൽ നിന്നും അകന്ന് നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. വിശുദ്ധ നബി (സ) റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ മുഴുകുക പതിവാ യിരുന്നു. അതുകൊണ്ട് നോമ്പ് കാലത്ത് ഭക്ഷണ പാനീയങ്ങളെ ക്കുറിച്ചുള്ള ചിന്തയിൽ നിന്ന് വിരമിക്കുകയും ആ വക കാര്യ ങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തു കൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആയിരിക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ പാനീയങ്ങൾ ലഭിച്ചിരിക്കേ ആത്മീയ ആഹാരത്തെ കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീന നാണെന്ന് വേണം പറയാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിന് ബലവും ഓജസ്സും നിലനിൽക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മ ശക്തികൾക്ക് ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയ ലബ്ധിക്ക് അവനിൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്.' (ബദർ - 1907)

ഇസ്ലാമിലെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുക എന്നത് മാത്രമല്ല. അതിനൊരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴിയുക. ഭക്ഷണം കുറയുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാവുന്നു. ദർശന ശക്തി വർധിക്കുന്നു. ഭക്ഷണം കുറച്ച് ആദ്ധ്യാത്മിക ഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പ് കാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. പ്രത്യുത ഏകാന്തവാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കണം. കേവലം ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിക്കും സംപുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പ് കൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങു തീർക്കുന്നു എന്ന നിലക്കല്ലാതെ ആരാണോ അല്ലാഹുവിന് വേണ്ടി നോമ്പ് നോൽക്കുന്നത് അയാൾക്ക് അദ്ധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും അയാൾ മുഴുകേണ്ടതാണ്'

(മൽഫൂദാത്ത്- വാല്യം 9)

പേജ് 34 ൽ നിന്ന് തുടർച്ച

കുറഞ്ഞ ഭക്ഷണവും വിശപ്പും സഹനവും ഹൃദയ പരിശുദ്ധിക്ക് വളരെ ആവശ്യമാണ്. ഇതിനാൽ ദിവ്യദർശന ശക്തി വർദ്ധിക്കുന്നു. മനുഷ്യൻ വെറും ആഹാരം കൊണ്ട് മാത്രം ജീവിക്കുന്നില്ല. ശാശ്വതവും നിരന്തരവുമായ ജീവിതത്തെക്കുറിച്ചുള്ള ചിന്ത ഉപേക്ഷിക്കുന്നത് തങ്ങളുടെ മേൽ ദൈവശാപം ഇറങ്ങുന്നതിന്നുള്ള നിമിത്തമായി തീരുന്നതാണ്. എന്നാൽ വ്രതാനുഷ്ഠാനം കൊണ്ട് വെറും വിശപ്പും ദാഹവും സഹിച്ചിരിക്കുകയാണുദ്ദേശ്യമെന്ന് നോമ്പനുഷ്ഠിക്കുന്ന ആൾ കരുതരുത് മറിച്ച് ദൈവസ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. ഹദ്റത്ത് നബി (സ) റമദാൻ മാസത്തിൽ ധാരാളമായി ഇബാദത്തുകൾ ചെയ്യാറുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണ പാനീയങ്ങളിൽ നിന്നും ശ്രദ്ധതിരിച്ചു കൊണ്ട് അല്ലാഹുവിലേക്കുള്ള സമർപ്പണത്തിൽ ലയിച്ചിരിക്കേണ്ടതാണ്. ഭൗതികമായ ആഹാരം ലഭിച്ച മനുഷ്യൻ ആത്മീയമായ ആഹാരത്തെക്കുറിച്ച് അശ്രദ്ധ കാണിക്കുന്നത് ദൗർഭാഗ്യകരമാണ്. ഭൗതികാഹാരം ശരീരത്തിന് ശക്തി പകരുന്നത് പോലെ ആത്മീയാഹാരം ആത്മാവിനും ശക്തി പകർന്ന് കൊടുക്കുന്നതാണ്. അതിന്റെ ഫലമായി ആത്മീയ ശക്തി തീവ്രത പ്രാപിക്കുന്നു. അതുകൊണ്ട് അല്ലാഹുവിങ്കൽ വിജയം കരസ്ഥമാക്കാൻ ശ്രമിക്കുക. എല്ലാ കവാടങ്ങളും അവന്റെ തൗഫീക്ക് ഉണ്ടെങ്കിൽ മാത്രമേ തുറക്കപ്പെടുകയുള്ളൂ. (ബദർ 18.1.1907)

അല്ലാഹു നമുക്കെല്ലാം ഈ അനുഗൃഹീതമാസത്തിൽ നിന്ന് അധികമധികം ദിവ്യാനു ഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിന്നുള്ള മഹാഭാഗ്യം തന്നനുഗ്രഹിക്കട്ടെ.

(ആമീൻ)

# നിലക്കാത്ത സ്ഫോടനങ്ങൾ

മുസാഫിർ



2019 ഏപ്രിൽ ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിൽ കൊളംബോയിലെ സെന്റ് ആന്റണീസ് ചർച്ച്, നെഗംബോയിലെ സെയ്ന്റ് സെബാസ്റ്റ്യൻ പള്ളി, കിഴക്കൻ നഗരമായ ബത്തിക്കലോവയിലെ സെയ്ന്റ് മിഖായേൽ പള്ളി എന്നീ ആരാധനാലയങ്ങളിലും തലസ്ഥാനത്തെ മൂന്ന് പഞ്ച നക്ഷത്ര ഹോട്ടലുകളിലും നടന്ന ചാവേറാക്രമണത്തിൽ മലയാളിയടക്കം 359 പേരിലധികം പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം നടുക്കമുളവാക്കുന്നതാണ്. ഭീകരവാദികൾ നടത്തിയ ഹീനമായ ഈ ആക്രമണത്തെ അപലപിക്കാൻ വാക്കുകൾ അശക്തം. കടിഞ്ഞാണില്ലാതെ ലോകമെങ്ങും തുടർന്നുകൊണ്ടിരിക്കുന്ന ഈ ഭീകരതയുടെ പേരിൽ ഈ കാലഘട്ടം തീർച്ചയായും മറുപടി പറയേണ്ടി വരും. ഈ കോളത്തിൽ നിരന്തരമായി മതത്തിന്റെ പേരിലുള്ള ഇത്തരം കൂട്ട മനുഷ്യക്കുരുതികളെ ക്കുറിച്ച് എഴുതേണ്ടി വരുന്നത് എത്ര നിർഭാഗ്യകരമാണ്.!!

ഭീകരവാദം യാതൊരു യുക്തിക്കും സമാന്യ ബോധത്തിന്നും നിരക്കാത്ത കേവലം ദുഷ്ടമനസ്ക്കരായ ഒരു കൂട്ടം മാനസിക രോഗികളുടെ രോഗാതുരമായ നിലപാടാണ്. കഴിഞ്ഞ മാർച്ച് 15ന് ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിലെ മസ്ജിദിൽ വെള്ള വംശീയവാദി നടത്തിയ ഭീകരാക്രമണത്തിൽ 50 പേർ കൊല്ലപ്പെട്ടിരുന്നു. അതിനുള്ള പ്രതികാരമായിക്കൊണ്ടാണ് ശ്രീലങ്കയിലെ മുസ്ലിം ഭീകരവാദികൾ ഇത്തരമൊരു ആക്രമണം ആസൂത്രണം ചെയ്തതെന്നാണ് ഒരു മുതിർന്ന ശ്രീലങ്കൻ മന്ത്രി ഈസ്റ്റർ ഭീകരകാക്രമണം ചർച്ചചെയ്യാൻ വേണ്ടി മാത്രം വിളിച്ചു ചേർത്ത പാർലമെന്റ് സമ്മേളനത്തിൽ പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഈ അതിനിഷ്ഠൂരമായ ആക്രമണം മൂലം ന്യൂസിലാന്റ് ആക്രമണത്തിന്ന് ശേഷം ലോകം മുഴുവൻ പ്രത്യേകിച്ച് ന്യൂസിലന്റിൽ മുസ്ലിംങ്ങൾക്കനുകൂലമായി രൂപപ്പെട്ട വമ്പിച്ച സഹതാപവും ഇസ്ലാം മതത്തോടുള്ള അനുഭാവവുമെല്ലാം ഇല്ലാതാവുകയല്ലേ ചെയ്യുക? വാസ്തവത്തിൽ ഇസ്ലാം മതത്തിന് അപഖ്യാതി ഉണ്ടാക്കലായിരുന്നോ ഈ ഭീകരവാദികളുടെ ലക്ഷ്യം.!!? ന്യൂസിലാന്റിൽ ആക്രമണമുണ്ടായപ്പോൾ ആദരണീയയായ അവരുടെ പ്രധാന മന്ത്രി ജസിൻഡ ആർഡൻ അവിടെ ഹിജാബ് ധരിച്ചെത്തിയും പാർലമെന്റിൽ ബാങ്ക് മുഴക്കിയും മുസ്ലിംകളോട് കാണിച്ച സഹാനുഭൂതിയും ഐക്യദാർഢ്യവും ലോകം ഏറെ ശ്രദ്ധിക്കുകയുണ്ടായല്ലോ.

വംശീയ തീവ്രവാദത്തിന്റെ പേരിൽ മൂന്ന് ദശാബ്ദക്കാലം ഒരു

പാട് രക്തം ചിന്തിയ ശ്രീലങ്ക സമാധാനത്തിന്റെ പാതയിലേക്ക് വരുമ്പോഴാണ് ഈസ്റ്റർ സ്ഫോടനം ആ രാജ്യത്തിന്റെ സമാധാനാന്തരീക്ഷം തകർത്തുകളഞ്ഞത്. 'നാഷണൽ തൗഹീദ് ജമാഅത്ത്' എന്ന തദ്ദേശീയ സംഘടന, അന്തർദ്ദേശീയ ഭീകര സംഘടനായ ഐ എസ് എന്നിവർ ചേർന്നാണ് അതിനിഷ്ഠൂരമായ ഈ സ്ഫോടനങ്ങൾ നടത്തിയതെന്ന് ആരോപിക്കപ്പെടുന്നു. തദ്ദേശീയരായ ഏഴ് ശ്രീലങ്കൻ ചാവേറുകളാണ് ഈ കൃത്യം നടത്തിയതെന്ന് ശ്രീലങ്കൻ അധികൃതർ തിരിച്ചറിയുകയും അവരുടെ ഫോട്ടോ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ തൗഹീദ് ജമാഅത്ത് നേതാവും ലങ്കക്കാരനുമായ സഹ്റാൻ ഹാശിമാണ് സ്ഫോടന പരമ്പരയുടെ ചാവേറായ സൂത്രധാരൻ. അയാളും കൊല്ലപ്പെടുകയുണ്ടായി. തിരിച്ചറിഞ്ഞ ഒരു ചാവേറ് സ്ത്രീയാണ്. ചാവേറുകളായ ഈ ഭീകരവാദികളെല്ലാം സാമാന്യം സാമ്പത്തിക ശേഷിയുള്ള വിദ്യാസമ്പന്നരാണ്. മതഭീകരവാദം ഒരു ലഹരിപോലെ ഇവരിൽ ആവേശിച്ചിരിക്കുകയാണ്. മുസ്‌ലിം സമൂഹം ഒന്നടങ്കം എല്ലാ വിധത്തിലുമുള്ള തീവ്രവാദത്തിനെതിരെയും ശക്തമായ പ്രചാരണം നടത്തിയില്ലെങ്കിൽ അതിന് വൻ വില നൽകേണ്ടി വരും.

ഇസ്‌ലാമിക ചരിത്രത്തിൽ ആത്യന്തിക തീവ്രവാദം തുടക്കം മുതൽ ഒരു നിഴൽപോലെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇസ്‌ലാമിക പ്രമാണങ്ങളുപയോഗിച്ച് ഇസ്‌ലാമിക വേഷം ധരിച്ച അവർ ഇസ്‌ലാമിക ഭാഷയിൽ തീവ്രമായി സംസാരിക്കുകയും വ്യംഗമായി അധികാരത്തിന്നും സമ്പത്തിന്നും വേണ്ടി നിലകൊള്ളുകയും ചെയ്യും. വിചാരമല്ല വികാരമാണ് അവരുടെ സർവായുധം. ***'ലാ ഹുഖുമു ഇല്ലാ ലില്ലാഹി' (അല്ലാഹുവിന്നല്ലാതെ വിധി നടപ്പാക്കാൻ അധികാരമില്ല.)*** എന്നായിരുന്നു അവരുടെ മുദ്രാവാക്യം. ഖവാരിജിസം എന്നറിയപ്പെടുന്ന ഈ ആത്യന്തിക തീവ്രവാദ പ്രസ്ഥാനം തികച്ചും ഭൗതിക ലക്ഷ്യങ്ങളുള്ള ഒരു രാഷ്ട്രീയ വിപ്ലവ പ്രസ്ഥാനമായിരുന്നു. ഇസ്‌ലാമിന്റെ തുടക്കകാലം മുതൽ തന്നെ ഇസ്‌ലാമിക ഗാത്രത്തിൽ അള്ളിപിടിച്ച് വളർന്ന ഈ ദുർഭൂതം പല കാലങ്ങളിലും സംഹാരമൂർത്തിയായി മാറിയിട്ടുണ്ട്. മതത്തിന്റെ പേരിൽ സംസാരിച്ചാൽ മാത്രമേ ആത്യന്തിക തീവ്രവാദം പ്രചരിപ്പിക്കുന്ന ഈ ദുഷ്ടശക്തിക്ക് ജീവത്യാഗത്തിന്നു പോലും സന്നദ്ധമാകുന്ന ജിഹാദികളായ വിശ്വാസ ഭ്രാന്തന്മാരെ സൃഷ്ടിക്കാനും മുസ്‌ലിം സമൂഹത്തിൽ ഓളങ്ങൾ സൃഷ്ടിക്കാനും സാധിക്കൂ. ഇസ്‌ലാമിന്റെ രണ്ട് പരിശുദ്ധ ഖലീഫമാരായ ഹദ്റത്ത് ഉസ്മാന്റെ(റ)യും ഹദ്റത്ത് അലി(റ)യുടെയും ജീവനെടുത്തത് ഇസ്‌ലാമിന്റെ പേരിൽ സംസാരിച്ച ഈ ദുഷ്ടശക്തി തന്നെയാണെന്ന് നാം ഓർക്കണം. ഈ ഭീകരവാദികളുടെ കൈകളിൽ ആ മഹാത്മാക്കളുടെ പാവന രക്തത്തിന്റെ പാപക്കറയുണ്ട്. പല കാലങ്ങളിലും അവർ പല പൈശാചിക ദൗത്യങ്ങളുമായി ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പരിശുദ്ധനായ യേശുവിനെ കുരിശിലേറ്റണമെന്ന് പിലാത്തോസിന്റെ മുമ്പിൽ വെച്ച് യഹൂദർ ആർത്തലച്ചപ്പോൾ നീതിമാനായ അദ്ദേഹം പറഞ്ഞു: ***'ഈ മനുഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക'*** അപ്പോൾ തീവ്രവാദികളായ യഹൂദ ജനം ഒന്നിച്ച് ഏറ്റുപറഞ്ഞു ***'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിരിക്കട്ടെ.'*** സ്വന്തം ഖലീഫമാരെ വധിച്ച തീവ്രവാദത്തിന്റെ പാപക്കറ തുടക്കം മുതൽ മുസ്‌ലിം ഭീകരവാദികളുടെ കൈകളിലുമുണ്ട് എന്ന് നാം ഓർക്കണം. പീലത്തോസിന്റെ മുന്നിൽ വെച്ച് വിശുദ്ധനായ യേശുവിന്റെ രക്തം ചിന്തി യഹൂദികൾ ഏറ്റുവാങ്ങിയ ശാപത്തിന്റെ ആ പാപക്കറ സ്വന്തം സന്തതികൾക്ക് വേണ്ടി അവർ ഏറ്റുവാങ്ങിയതാണ്. അങ്ങനെയാണ് അവർ തിരുത്താത്ത ആ വിശ്വാസത്തിന്റെ പേരിൽ അവർ സ്വയം ശപ്തരായി മാറിയത്. പരിശുദ്ധരായ ഖലീഫമാരുടെ രക്തക്കറ കൈയ്യിൽ പതിച്ചവർ അത് യഹൂദരെ പോലെ തങ്ങളുടെ സന്തതികളിലേക്കും കൈമാറിയിരിക്കുന്നു. ഇസ്‌ലാമിന്റെ പേരിൽ നിരപരാധികളുടെ രക്തമൊഴുക്കി കാട്ടിക്കൂട്ടുന്ന ഇക്കാലത്തെ കൂട്ടക്കുരുതികൾ കാണുമ്പോൾ ലോകത്ത് ആ ദുഷ്ട സന്തതികളുടെ വംശവർധനവുണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കാം. ഈ ദുഷ്ട ശക്തികളുടെ കൈകളിൽ നിന്നും അല്ലാഹു ലോകത്തെ രക്ഷിക്കുമാറാകട്ടെ.

---

**പേജ് 37 ൽ നിന്ന് തുടർച്ച**

ഥിമ്മികളായ പൗരന്മാർക്ക് അത്തരം ബാധ്യതയുണ്ടായിരുന്നില്ല. ഒന്നുകിൽ മുസ്‌ലിംകളെപോലെ പട്ടാളത്തിൽ ചേരാം അല്ലെങ്കിൽ നികുതിയടച്ചാൽ മതി. അങ്ങനെ നികുതിയടച്ചാൽ ബാഹ്യവും ആന്തരികവുമായ എല്ലാ ആക്രമണങ്ങളിൽ നിന്നും അവർക്ക് സംരക്ഷണവും സുരക്ഷയും നല്കപ്പെട്ടിരുന്നു. അതുകൊണ്ടു നികുതിയടച്ചവർ സ്വയം തന്നെ സൈനിക സേവനത്തിൽ നിന്നും വിമുക്തരായിരുന്നു. ജുർജാൻ ദേശം കീഴടങ്ങുന്ന സമയത്ത് ഒപ്പുവെച്ച കരാറിലെ ഒരു വ്യവസ്ഥ താഴെ പറയുന്നു;

നിങ്ങൾക്ക് സംരക്ഷണത്തിനും സുരക്ഷക്കും ഗ്യാരണ്ടി നല്കാൻ ഞങ്ങൾ സമ്മതിക്കുന്നു. നിങ്ങൾ നികുതി നല്കുമെന്ന നിബന്ധനയിൽ നിങ്ങൾ കരസേനയിലോ സിവിൽ സർവീസിലോ ചേരാൻ തീരുമാനിച്ചാൽ അത് ഇളവു ചെയ്യപ്പെടുന്നതാണ്. 39

## ജിസ്‌യ മതപരമായ നികുതിയല്ല

ജിസ്‌യ മതപരമായ നികുതിയല്ലെന്നു ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. മുസ് ലിംകൾക്ക് മുമ്പും ഈ

നികുതിയുണ്ടായിരുന്നു.ജനങ്ങൾ അത് അടക്കാറുമുണ്ടായിരുന്നു. ഒരു വസ്തുതയെന്ന നിലയിൽ മുസ്‌ലിംകൾക്ക് കീഴിലുള്ള ഈ നികുതി ഇറാനിലെ ഒനോ ഷർവാൻ സർക്കാർ ചുമത്തിയ അത്രതന്നെയായിരുന്നുവെന്നതിനു ചരിത്രപരമായ തെളിവുണ്ട്. പ്രസിദ്ധനായ ക്രിസ്തീയ ചരിത്രകാരൻ ജതുർജി സൈദാൻ എഴുതുന്നു.

"ബി സി അഞ്ചാം നൂറ്റാണ്ടിൽ ഏഷ്യാ മൈനർ നിവാസികൾക്ക് ഗ്രീക്കുകാർ ജിസ്‌യ ചുമത്തിയിരുന്നു. ഫിനീഷ്യുമാരുടെ ആക്രമണങ്ങളിൽ നിന്നും അവരെ രക്ഷിക്കുകയും അവർക്ക് സംരക്ഷണം നല്കുകയും ചെയ്തിരുന്നു. ഗ്രീക്കുകാർക്ക് കീഴിൽ തങ്ങൾക്കു കിട്ടിയ സം രക്ഷണത്തിനു പകരമായി ഈ ജനങ്ങൾ സന്തോഷപൂർവം നികുതി നല്കിയിരുന്നു. അതേ പ്രകാരം ഒമ്പതു മുതൽ പതിനഞ്ചു വരെ ഗിനി ഫ്രഞ്ചു നിവാസികൾക്ക് അവർ ചുമത്തിയിരുന്നു. അവർ ഗാൾ കീഴടക്കിയപ്പോൾ ഗ്രീക്കുകാരിൽ നിന്നും പേർഷ്യക്കാർ ഈ നികുതി ഏറ്റെടുത്തു. അതിനവർ നല്കിയ പേര് ഗസീത് എന്നായിരുന്നു. അതിന്റെ അർഥം സർക്കാർ തങ്ങളുടെ പൗരന്മാരിൽ നിന്ന് വർഷം തോറും ഈടാക്കുന്ന നികുതി എന്നാണ് അതുകൊണ്ടുദ്ദേശിക്കപ്പെട്ടത്. ജിസ്‌യ എന്നത് ഗസീത് എന്നതിന്റെ അറബി രൂപമാണ്. അതുകൊണ്ട് ജിസ്‌യ ഒരു നിലയിലും മതപരമായ ഒരു നികുതിയായിരുന്നില്ല. യഥാർഥത്തിൽ അത് യുഗങ്ങളോളം പഴക്കമുള്ള നികുതിയായിരുന്നു. അതുമുഖേന സർക്കാർ തങ്ങളുടെ പ്രജകൾക്ക് സംരക്ഷണം നല്കി. (തുടരും)

www.alislam.org

പേജ് 32 ൽ നിന്ന് തുടർച്ച

ന്നില്ല. സാധാരണ പൊതു വ്യവഹാരങ്ങളിൽ ധ്രുവീയത, പാർശ്വീയത എന്നീ സംജ്ഞകൾ ഉപയോഗിക്കുന്ന ഒരു ജനതയെയാണ് ഇസ്‌ലാം അഭിസംബോധന ചെയ്യുന്നത്.

ഈ വീക്ഷണകോണിൽ നോക്കുമ്പോൾ ദൈനം ദിന ജീവിതചര്യകളിലും പെരുമാറ്റങ്ങളിലും പാർശ്വീയതയെപ്പറ്റി പറഞ്ഞ കാര്യങ്ങൾ പ്രവചനപരം കൂടിയായിരുന്നു. പാർശ്വീയതക്ക് പുതിയ അഗാധമായ അർഥങ്ങളും മാനങ്ങളും കൈവരിക്കുന്ന ഒരു കാലത്തെപ്പറ്റി ഖുർആൻ മനുഷ്യനെ കാലേക്കൂട്ടി ജാഗ്രതപ്പെടുത്തുകയായിരുന്നു. ഇതായിരുന്നു വാസ്തവത്തിൽ സംഭവിക്കേണ്ടിയിരുന്നത്. അക്കാലത്തെ മനുഷ്യർക്ക് ഇത് സംബന്ധിച്ച് അല്പം കാര്യങ്ങൾ അറിഞ്ഞിരിക്കും. എന്നാൽ, രാഷ്ട്രീയവും സാമ്പത്തികവുമായ രംഗത്തെ പാർശ്വീയതയെക്കുറിച്ച് മാത്രമല്ല മുൻകാലങ്ങളിൽ ഊഹിക്കാൻ കൂടി കഴിയാത്ത വിധം പാർശ്വീയതക്ക് ഇക്കാലത്ത് ശാസ്ത്ര രംഗത്തും പ്രാധാന്യം കൈവന്നിരിക്കുന്നു.



കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശതവാർഷികാഘോഷത്തിന്റെ ഉദ്ഘാടനം കേന്ദ്ര പ്രതിനിധി മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ് നിർവഹിക്കുന്നു.




കോഴിക്കോട് അഹ്മദിയ്യാ ജമാഅത്ത് ശതവാർഷികാഘോഷത്തിന്റെ ഭാഗമായി വിക്കീപീഡിയയേ പറ്റി ഡോ. ഫുആദ് ജലീൽ സാഹിബ് ക്ലാസെടുക്കുന്നു.

Published on 7.05.2019
Pages 44
Vol: 91 Issue. 05
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org